16
ശനി
മേയ് 2020
02 ഇടവം 1196 Vol. 2 Issue No.207

# കേരള പ്രണാമം

സത്യം വദഃ ധർമ്മം ചരഃ

₹ 7.50
പേജ് 12

www.keralapranamam.com
infokeralapranamam@gmail.com

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം **തൃശൂർ** പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

# കാർഷികമേഖലയ്ക്ക് ഒരു ലക്ഷം കോടി

**ന്യൂഡൽഹി:** കാർഷിക മേഖലയുടെ അടിസ്ഥാന വികസനത്തിന് 1 ലക്ഷം കോടി പ്രഖ്യാപിച്ച് ധനമന്ത്രി നിർമ്മല സീതാരാമൻ. കോവിഡ് പ്രതിസന്ധി നേരിടാൻ നരേന്ദ്ര മോദി സർക്കാരിന്റെ 20 ലക്ഷം കോടി രൂപയുടെ 'ആത്മനിർഭർ ഭാരത് അഭിയാൻ' പാക്കേജിന്റെ മൂന്നാംഘട്ട പ്രഖ്യാപനത്തിലാണ് കാർഷിക മേഖയ്ക്കുള്ള പ്രഖ്യാപനം നടത്തിയത്. കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ കർഷകർക്കായി സ്വീകരിച്ച നടപടികളും ധനമന്ത്രി വിശദീകരിച്ചു.

പിഎം കിസാൻ ഫണ്ട് വഴി 18700 കോടി രൂപ കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ കർഷകർക്ക് കൈമാറി. താങ്ങുവില സംഭരണത്തിന് 74300 കോടി ഉറപ്പാക്കി.ക്ഷീര കർഷകർക്ക് 4100 കോടി രൂപ ലഭ്യമാക്കി. 560 ലിറ്റർ പാൽ അധികമായി സംഭരിച്ചതായും ധനമന്ത്രി പറഞ്ഞു.

പതിനൊന്ന് ഉത്തേജന പദ്ധതികളാണ് കാർഷികമേഖലയ്ക്കായി പ്രഖ്യാപിച്ചത്. ഇന്ത്യൻ സമൂഹത്തിൽ ഭൂരിപക്ഷം പേരും കൃഷിയെ ആശ്രയിച്ചാണ് കഴിയുന്നത്. രാജ്യത്ത് 85% നാമമാത്ര ചെറുകിട കർഷകരുണ്ടെന്നും ധനമന്ത്രി ചൂണ്ടിക്കാട്ടി. എട്ട് പദ്ധതികൾ കാർഷികമേഖലയുടെ അടിസ്ഥാന വികസനത്തിനും മൂന്നെണ്ണം ഭരണപരമായ മാറ്റങ്ങളുമാണ്.


**11 ഉത്തേജന പദ്ധതികൾ**

- കാർഷിക മേഖലയുടെ അടിസ്ഥാന വികസനത്തിന് ഒരു ലക്ഷം കോടി
- ക്ഷീര സഹകരണ സംഘങ്ങൾക്ക് 5,000 കോടി. രണ്ട് കോടി കർഷകർക്ക് സഹായം
- ഭക്ഷ്യസംസ്കരണ യൂണിറ്റുകൾക്ക് 10,000 കോടി രൂപ
- രാജ്യാന്തര ബ്രാൻഡുകളുടെ വികസനത്തിന് സംസ്ഥാനങ്ങൾക്ക് പ്രാദേശിക ക്ലസ്റ്റർ
- വനിത ക്ലസ്റ്ററുകൾക്ക് ഊന്നൽ നൽകും
- കയറ്റുമതിക്ക് സർക്കാർ സഹായം
- മത്സ്യതൊഴിലാളികൾക്ക് ഇരുപതിനായിരം കോടി
- വിളകളുടെ സംഭരണം മെച്ചപ്പെടുത്താൻ തുക
- മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കും
- മൃഗസംരക്ഷണ മേഖലയ്ക്കായി 13,343 കോടി രൂപ
- പ്രതിരോധ കുത്തിവയ്പ്പുകൾ 53 കോടി കന്നുകാലികൾക്ക്
- പശുക്കളുടെ കുളമ്പു രോഗം നിയന്ത്രിക്കാൻ ദേശിയ പദ്ധതി
- മൃഗസംരക്ഷണ പരിപാലന മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 15,000 കോടി
- ഗംഗതീരത്ത് ഔഷധസസ്യ കൃഷിക്ക് 808 ഹെക്ടർ ഇടനാഴി
- ഔഷധ സസ്യങ്ങളുടെ കൃഷിക്ക് 4,000 കോടി രൂപ നീക്കിവയ്ക്കും
- ഔഷധങ്ങളുടെ വിതരണത്തിന് ദേശിയ ശൃംഖലയുണ്ടാക്കും
- ഗംഗ നദിക്കരയിലും ഔഷധ കൃഷിക്കുള്ള സഹായം നൽകും
- പാൽ സംസ്ക്കരണ മേഖലയിൽ സ്വകാര്യ നിക്ഷേപത്തിന് പിന്തുണ
- തേനീച്ച വളർത്തൽ പദ്ധതികൾക്ക് 500 കോടി രൂപ. രണ്ടു ലക്ഷം പേർക്ക് കൂടുതൽ വരുമാനം



# സംസ്ഥാനത്ത് 16 പേർക്ക് കൂടി കോവിഡ്

## ● കരുതൽ വേണം, ജാഗ്രതയും



**തിരുവനന്തപുരം:** സംസ്ഥാനത്ത് ഇന്നലെ 16 പേർക്കു കൂടി കോവിഡ് സ്ഥിരീകരിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. വയനാട്5, മലപ്പുറം4, ആലപ്പുഴ2, കോഴിക്കോട്2, കൊല്ലം, പാലക്കാട്, കാസർകോട് ഒന്നുവീതം എന്നിങ്ങനെയാണ് രോഗം സ്ഥിരീകരിച്ചത്. സംസ്ഥാനത്തെ ഹോട്ട് സ്പോട്ടുകളുടെ എണ്ണം 16ആയി. ഞായറാഴ്ച സമ്പൂർണ ലോക്ക്ഡൗൺ തുടരും. ഇന്നലെ ആരും രോഗമുക്തി നേടിയിട്ടില്ല.

പുതിയ രോഗികളിൽ ഏഴുപേർ വിദേശത്തുനിന്ന് എത്തിയവരാണ്. മൂന്നുപേർക്ക് സമ്പർക്കം വഴിയാണു രോഗമുണ്ടായത്. സമ്പർക്കത്തിലൂടെ രോഗബാധയുണ്ടാവാനുള്ള സാധ്യതയേറി. രോഗബാധിതരുടെ എണ്ണം വർധിക്കുന്നതിൽ ആശങ്കയുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. അതിനിടെ, ഹോം ക്വാറന്റൈൻ ലംഘിച്ചതിനു 65 കേസുകൾ പോലിസ് രജിസ്റ്റർ ചെയ്തു.

# ലോകത്ത് കോവിഡ് ബാധിതർ 45 ലക്ഷം പിന്നിട്ടു, മരണം 3,03,351

**വാഷിംഗ്ടൺ:** ലോകത്ത് കോവിഡ് ബാധിച്ചവരുടെ എണ്ണം 45,25,103 ആയി. 3,03,351പേർ മരിച്ചു. 25,18,010 പേർ ആശുപത്രികളിൽ ചികിത്സയിലാണ്.45,560 പേരുടെ നില ഗുരുതരമാണ്. 17,03,742 പേരാണ് രോഗമുക്തരായത്. ഏറ്റവും കുടുതൽ കൊവിഡ് ബാധയും മരണവും റിപ്പോർട്ട് ചെയ്തിരിക്കുന്നത് അമേരിക്കയിലാണ്. 86,912 പേരാണ് മരിച്ചത്. 14,57,593 പേർ രോഗബാധിതരായി. 3,18,027 പേർ രോഗമുക്തി നേടി. 10,52,654 പേർ ചികിത്സയിലാണ്. ഇതിൽ 16,240 പേരുടെ നില ഗുരുതരവും.

മറ്റ് രാജ്യങ്ങളിലെ രോഗബാധിതരുടെ കണക്ക് ഇങ്ങനെ: സ്പെയിൻ 2,72,646, റഷ്യ 2,52,245, ഇംഗ്ളണ്ട് 2,33,151, ഇറ്റലി 2,23,096, ബ്രസീൽ 2,03,165, ഫ്രാൻസ് 1,78,870, ജർമനി 1,74,975, തുർക്കി 1,44,749, ഇറാൻ 1,14,533.

റഷ്യയിൽ 24 മണിക്കൂറിനുള്ളിൽ 9,974 പേർക്കാണ് രോഗം കണ്ടെത്തിയത്. കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ ഇംഗ്ളണ്ടിൽ 428 പേർകൂടി മരിച്ചു. സ്പെയിനിൽ 217 പേർ മരിച്ചപ്പോൾ. മെക്സിക്കോയിലും തുർക്കിയിലും മരണം നാലായിരത്തിലേറെയായി. സ്പെയിൻ 27,321, റഷ്യ 2,305, യുകെ 33,614, ഇറ്റലി 31,368, ബ്രസീൽ 13,999, ഫ്രാൻസ് 27,425, ജർമനി 7,928, തുർക്കി 4,007, ഇറാൻ 6,854 എന്നിങ്ങനെയാണ് മരണനിരക്ക്.


കോവിഡിന്റെ ഉത്ഭവകേന്ദ്രമായ ചൈനയിൽ സ്ഥിതിഗതികൾ നിയന്ത്രണത്തിലാണെന്നാണ് പറയപ്പെടുന്നത്. ഇവിടെ 82,933 പേർക്ക് രോഗം പിടിപെട്ട് 4,633 പേർ മരിച്ചുവെന്നാണ് ചൈന പറയുന്നത്. എന്നാൽ ഈ കണക്ക് ശരിയല്ലെന്നും അതിനേക്കാൾ കൂടുതൽ പേർ മരിച്ചുവെന്നും റിപ്പോർട്ടുകളുണ്ട്.

# കോവിഡിൽ ചൈനയെ മറികടന്ന് ഇന്ത്യ: രോഗികളുടെ എണ്ണം 85000 പിന്നിട്ടു, മരണം 2746

**ന്യൂഡൽഹി:** ഇന്ത്യയിൽ കൊവിഡ് രോഗികളുടെ എണ്ണം 85000 കടന്നു. ഇതോടെ രോഗികളുടെ എണ്ണത്തിൽ ഇന്ത്യ ചൈനയെ മറികടന്നു. ലോകത്ത് കൊവിഡ് രോഗബാധിതരുടെ എണ്ണത്തിൽ ഇന്ത്യ 11ാം സ്ഥാനത്തെത്തി.

ഇന്ത്യയിൽ ഇതുവരെ 85,605 പേർക്കാണ് കൊവിഡ് സ്ഥിരീകരിച്ചത്. 2746 പേർ മരിക്കുകയും ചെയ്തു. ചൈനയിൽ ഇതുവരെ 82,933 പേർക്കാണ് കൊവിഡ് സ്ഥിരീകരിച്ചത്. ഇതിൽ 4633 പേർ മരിച്ചു. ചൈനയുടെ അത്രയും മരണനിരക്ക് ഇന്ത്യയിലില്ല. 3.2 ശതമാനമാണ് ഇന്ത്യയുടെ മരണനിരക്ക്.

# പ്രമുഖ ഹോമിയോ ഡോക്ടർ വിദ്യാപ്രകാശ് അന്തരിച്ചു



**കോഴിക്കോട്:** പ്രമുഖ ഹോമിയോപതിക് ഡോക്ടറും ബഹുമുഖ പ്രതിഭയുമായ ഡോ.എസ് വിദ്യാപ്രകാശ് (60) അന്തരിച്ചു. ആലപ്പുഴ തൃക്കുന്നപ്പുഴ അക്കരക്കാട്ടിൽ കുടുംബാംഗമായ പ്രമുഖ ഹോമിയോ ഡോക്ടറും കോഴിക്കോട് ഹോമിയോ കോളേജ് സ്ഥാപക പ്രിൻസിപ്പലുമായിരുന്ന ഡോ. കെ.എസ്. പ്രകാശത്തിന്റെയും ഡോ. വിദ്യാവതി അമ്മയുടെയും മകനാണ്.സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപതിക്സിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവും ഐ.എച്ച്.കെയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായിരുന്നു ഡോ. വിദ്യാപ്രകാശ്. നിരവധി സിനിമകളിൽ ചെറിയ വേഷങ്ങളിൽ അഭിനയിച്ചിട്ടുണ്ട്.ഭാര്യ: രാജുല വിദ്യാപ്രകാശ്. മക്കൾ: ഡോ. വിദ്യാലക്ഷ്മി പ്രകാശ്, ഡോ. ശ്രീലക്ഷ്മി പ്രകാശ്, ഡോ, രാജ് പ്രകാശ്.

## ആശാൻ

എ. സമ്പത്തിന് ദിവ്യജ്ഞാനം ഇല്ല; വേഗം നാട്ടിൽ എത്താമെന്നു വിചാരിച്ചതായി കരുതുന്നില്ല: മുഖ്യമന്ത്രി



കുത്തിത്തിരുപ്പുണ്ടാക്കാതെ വീട്ടിലിരിക്കുന്നു. ഇതാണ് യഥാർത്ഥജനപ്രതിനിധി




# കോവിഡ് വാക്സിൻ പരീക്ഷണത്തിൽ പുരോഗതി

**ഓക്സ്ഫോർഡ്:** ലോകരാഷ്ട്രങ്ങളിൽ കോവിഡ് വ്യാപിച്ചുകൊണ്ടിരിയ്ക്കെ വലിയ ആശ്വാസമായി ഓക്സ്ഫോർഡിൽ നിന്നും ശുഭസൂചകമായ വാർത്തയാണ് പുറത്തുവന്നിരിക്കുന്നത്.

ലോകമാകെ കൊവിഡിന് പ്രതിവിധിയായ വാക്സിനുകളുടെ പരീക്ഷണം നടക്കുന്നതിനിടെയാണ് ബ്രിട്ടണിലെ ഓക്സ്ഫോർഡ് സർവ്വകലാശാലയിലെ ജെന്നർ ഇൻസ്റ്റിറ്റ്യൂട്ടിലും ഇത്തരം വാക്സിൻ പരീക്ഷണം ആശാവഹമായ പുരോഗതി കൈവരിച്ചിരിക്കുന്നത്.

മനുഷ്യനിൽ പരീക്ഷണം നടത്തുന്നതിനു മുൻപ് മൃഗങ്ങളിലെ പരീക്ഷണമാണ് ഇപ്പോൾ വിജയം കൈവരിച്ചിരിക്കുന്നത്. കൊവിഡ് രോഗം ബാധിച്ച ആറോളം കുരങ്ങുകളിൽ നടത്തിയ പരീക്ഷണത്തിൽ പാർശ്വഫലങ്ങളൊന്നുമില്ലാതെ തന്നെ രോഗം അപ്രത്യക്ഷമായിരിക്കുന്നു. രോഗം ബാധിച്ച് ഗുരുതരാവസ്ഥയിലായ കുരങ്ങുകളിൽ വാക്സിൻ കുത്തിവച്ചശേഷം ഇവയുടെ ശ്വാസകോശത്തിൽ രോഗത്തിന്റെ ഒരു ലക്ഷണം പോലുമില്ലാതെ അസുഖം ഭേദമായിരിക്കുന്നതായി കണ്ടെത്തി. നിഷ്പക്ഷരായ വിദഗ്ദ്ധർ ഈ കണ്ടെത്തലിനെ വാനോളം പുകഴ്ത്തുകയാണ്. മനുഷ്യരിൽ പരീക്ഷണത്തിന്റെ ആദ്യപടിയായി 1000ഓളം വളണ്ടിയർമാരിൽ ഇപ്പോൾ പരീക്ഷണ വാക്സിൻ കുത്തിവച്ചിരിക്കുകയാണ്.

# കൂട്ടബലാത്സംഗ കേസുകളിൽ പോലും ഇത്തരം നടപടി ഉണ്ടാകാറില്ല



**കൊച്ചി:** രഹന ഫാത്തിമയെ പിരിച്ചു വിട്ടുകൊണ്ടുള്ള ബി.എസ്.എൻ.എല്ലിന്റെ നടപടി മനുഷ്യാവകാശങ്ങളുടെ ലംഘനമാണെന്ന് ആക്ടിവിസ്റ്റ് ബിന്ദു അമ്മിണി ആരോപിച്ചു.

ഇത്തരം സംഭവങ്ങളിൽ സാധാരണ സസ്പെൻഷൻ ഉണ്ടാകാറുണ്ട്. പക്ഷെ, കുറ്റക്കാരിയാണെന്ന് കണ്ടെത്തിയാലേ പിരിച്ച് വിടൽ നടപടിയിലേക്ക് കടക്കാറുള്ളൂ. ഇവിടെ കേസ് നടക്കുമ്പോൾ തന്നെ ഇത്തരം നടപടികൾ സ്വീകരിക്കുകയാണ്. തൊഴിൽ നിയമങ്ങൾ കാറ്റിൽ പറത്തുന്ന രീതിയാണിത്. ആശയാവിഷ്കാരങ്ങൾ പ്രകടിപ്പിക്കാൻ ഭരണഘടന നൽകുന്ന അവകാശങ്ങളുടെ ലംഘനമാണിത്.

സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലായിരുന്നു രഹന ഫാത്തിമയുടെ ഇടപെടൽ. ബി.എസ്.എൻ.എല്ലിന്റെ സൽപ്പേരിനെ ബാധിച്ചെന്നാണല്ലോ ഇവരുടെ ന്യായീകരണം. ഇവിടെ കൂട്ടബലാത്സംഗം നടന്ന കേസുകളിൽ പോലും ഇത്തരം നടപടി ഉണ്ടാകാറില്ല. ഫേസ്ബുക്കിൽ പോസ്റ്റിട്ട ആരെയെങ്കിലും പിരിച്ചു വിട്ടിട്ടുണ്ടോ. കടുത്ത തൊഴിൽ നിയമ ലംഘനമാണ് ചെയ്യുന്നത്. സദാചാരക്കാർക്ക് വേണ്ടിയുള്ള തീരുമാനമാണിത്.

ലോക്ക്ഡൗൺ കാലത്ത് നടപടിയെടുക്കുമ്പോൾ രഹനയെ ഇപ്പോൾ താമസിക്കുന്ന ബി.എസ്.എൻ.എൽ ക്വാർട്ടേഴ്സിൽ നിന്നും ഒഴിപ്പിക്കാനാകും നീക്കം. അവരുടെ ജീവിക്കാനുള്ള അവകാശത്തിന് മേലെയുള്ള കടന്നു കയറ്റമാണിത്. രഹന നിയമ നടപടി തുടങ്ങിയാൽ എല്ലാ സഹായവുമുണ്ടാകും. കോടതി ഇക്കാര്യത്തിൽ അനുകൂലമായി ഇടപെടുമെന്നാണ് പ്രതീക്ഷയെന്നും ബിന്ദു അമ്മിണി പറഞ്ഞു.

കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
കേരളത്തിന്റെ സ്വന്തം പത്രം




പുതിയ കാലത്ത് തിരിച്ചുപിടിക്കാം
പഴയ മൂല്യങ്ങളെ

കേരളപ്രണാമം ഇ പേപ്പർ വാട്സ് ആപ്പിൽ
തീർത്തും സൗജന്യമായി ലഭിക്കാൻ
നിങ്ങളുടെ വാട്സ്ആപ് നമ്പർ അയയ്ക്കുക

9188466447, 9645823434

കേരള പ്രണാമം
KERALA PRANAMAM ONLINE www.keralapranamam.com





# സ്ത്രീകൾക്കും കുട്ടികൾക്കും നേരെ അതിക്രമങ്ങൾ വർദ്ധിക്കുന്നു

## ■ സാമ്പത്തിക ബുദ്ധിമുട്ടും മദ്യം കിട്ടാത്തതും പ്രധാന കാരണം



**തിരുവനന്തപുരം:** ലോക്ക്ഡൗൺ കാലത്ത് സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും നേരെ ഗാർഹിക അതിക്രമങ്ങൾ വർദ്ധിക്കുന്നുവെന്ന് കിലയുടെ പഠനറിപ്പോർട്ട്. ഇടത്തരം സാമ്പത്തിക സ്ഥിതിയിലുള്ളവരിൽ നിന്നാണ് കൂടുതൽ പരാതികളും വന്നിട്ടുള്ളത്.

റിപ്പോർട്ട് കില വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടാണ് ഗാർഹിക പീഡനത്തിനുള്ള പ്രധാന കാരണമായി കൂടുതൽ പേരും പറയുന്നതെന്ന് റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു. 40 പേരാണ് ഇക്കാര്യം സാക്ഷ്യപ്പെടുത്തിയത്.

ഗാർഹിക അതിക്രമങ്ങൾക്കെതിരെ നടപടിയെടുക്കുന്ന മിത്ര, സഖി, ഭൂമിക, സ്നേഹിത, മഹിള സമഖ്യ ഹെൽപ്പ ലൈനുകൾ വഴി 188 പരാതികളാണ് കിട്ടിയത്. 26 ദിവസത്തിനിടെ ലഭിച്ച പരാതികളിൽ കൂടുതലും ശാരീരിക പീഡനത്തിന് എതിരെയുള്ളവയാണ്. 102 പരാതികൾ മാനസികമായി പീഡിപ്പിക്കുന്നെന്ന് കാണിച്ചും 79 എണ്ണം ലൈംഗിക പീഡനത്തിനുമായാണ് കിട്ടിയത്.

മദ്യം കിട്ടാത്തത് അതിക്രമത്തിന് കാരണമായെന്ന് ചൂണ്ടിക്കാട്ടി 28 പേരാണ് പരാതി നൽകിയിരിക്കുന്നത്. സംശയ രോഗവും ലൈംഗിക വിസമ്മതവുമാണ് മറ്റ് കാരണങ്ങൾ. 188ൽ 131 പരാതികളിലും കുറ്റക്കാർ ഭർത്താവാണ്. 23 പരാതികളിൽ ഭർത്താവിന്റെ മാതാപിതാക്കളും 18പരാതികളിൽ മറ്റ് കുടുംബാംഗങ്ങളും പ്രതിസ്ഥാനത്തുണ്ട്.



# കേരളത്തിൽ കാലവർഷം ജൂൺ അഞ്ചിനെത്തും

**തിരുവനന്തപുരം:** കേരളത്തിൽ ഇത്തവണ കാലവർഷം വൈകും. തെക്കു പടിഞ്ഞാറൻ മൺസൂൺ ജൂൺ അഞ്ചിന് എത്തുമെന്നാണ് കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന്റെ പ്രവചനം. നാലു ദിവസം മുന്നോട്ടോ പിന്നോട്ടോ ആകാൻ ഇത് സാധ്യതയുണ്ടെന്നും കാലാവസ്ഥ നിരീക്ഷണ കേന്ദ്രം വ്യക്തമാക്കി.

സാധാരണ ഗതിയിൽ ജൂൺ ഒന്നിനാണ് കേരളത്തിൽ കാലവർഷം തുടങ്ങുന്നത്. എന്നാൽ കഴിഞ്ഞ പത്തു വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ മേയ് 25നും ജൂൺ 8നും ഇടയിലാണ് കേരളത്തിൽ കാലവർഷം തുടങ്ങിയിട്ടുള്ളത്. 2017ലും 18 ലും കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന്റെ പ്രവചനം തെറ്റിയില്ല. കാലാവസ്ഥ വകുപ്പ് പ്രവചിച്ച പോലെ 2017 ൽ മേയ് 30 നും 218 ൽ മേയ് 29 നും കാലവർഷം എത്തി. എന്നാൽ 2019 ൽ ജൂൺ 6 ന് കാലവർഷം എത്തുമെന്ന് പ്രവചിച്ചിരുന്നുവെങ്കിലും രണ്ടു ദിവസം വൈകി ജൂൺ 8 നാണ് കേരളത്തിൽ കാലവർഷം എത്തിയത്.

അതേസമയം, കേരളത്തിൽ കാലവർഷം നേരത്തെ എത്തുമെന്നാണ് സ്വകാര്യ കാലാവസ്ഥ ഏജൻസിയായ സ്കൈമാറ്റിന്റെ പ്രവചനം. മേയ് 28 ന് കാലവർഷം തുടങ്ങുമെന്നാണ് പ്രവചനം. ബംഗാൾ ഉൾക്കടലിൽ ഇപ്പോൾ രൂപംകൊണ്ട ന്യൂനമർദ്ദമാണ് മൺസൂൺ മേഘങ്ങളെ പതിവിലും നേരത്തെ കേരളത്തിലേക്ക് എത്തിക്കുന്നതെന്നാണ് സ്കൈമാറ്റിലെ കാലാവസ്ഥാ നിരീക്ഷകരുടെ വിലയിരുത്തൽ.

ഈ വർഷം സാധാരണ നിലയിൽ കവിഞ്ഞ മഴയുണ്ടാകുമെന്നു കാലാവസ്ഥ വിദഗ്ധർ സൂചന നൽകിയതായി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്നലെ പറഞ്ഞിരുന്നു. കോവിഡിനൊപ്പം കാലവർഷക്കെടുതി നേരിടുന്നതിനുള്ള പദ്ധതി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തയ്യാറാക്കിയതായും അദ്ദേഹം വ്യക്തമാക്കിയിരുന്നു.



**മദ്യത്തിന്റെ ഓൺലൈൻ വിൽപ്പന പരിഗണിക്കാമെന്ന് സുപ്രീം കോടതി**

# മദ്യവിൽപ്പന സ്റ്റേ ചെയ്ത മദ്രാസ് ഹൈക്കോടതി ഉത്തരവ് റദ്ദാക്കി

**ന്യൂഡൽഹി:** തമിഴ്നാട്ടിൽ സർക്കാർ ഉടമസ്ഥതയിലുള്ള മദ്യവിൽപ്പനശാലകൾ തുറന്നുപ്രവർത്തിക്കാനുള്ള സർക്കാർ തീരുമാനം സ്റ്റേ ചെയ്ത മദ്രാസ് ഹൈകോടതി ഉത്തരവ് സുപ്രീം കോടതി റദ്ദാക്കി. മദ്യശാലകൾ തുറക്കുന്നത് തടയണമെന്ന് ആവശ്യപ്പെട്ട് കോടതിയെ സമീപിച്ച രണ്ട് പേർക്ക് ഓരോ ലക്ഷം രൂപ വീതം പിഴയും ചുമത്തി.

മദ്യവിൽപ്പ തടഞ്ഞ ഹൈക്കോടതി വിധിക്കെതിരെ സർക്കാരാണ് സുപ്രീം കോടതിയെ സമീപിച്ചത്. ലോക്ഡൗൺ കാലത്ത് മദ്യശാലകൾ വഴിയുള്ള വിൽപ്പ തടഞ്ഞ ഹൈക്കോടതി ഓൺലൈൻ മദ്യവിൽപ്പനയ്ക്ക് അനുമതി നൽകിയിരുന്നു. ലോക്ഡൗൺ നിയന്ത്രണങ്ങൾ ലംഘിച്ച് മദ്യം വാങ്ങാൻ ജനക്കൂട്ടം തിക്കിതിരക്കിയതോടെയാണ് ഹൈക്കോടതി വിൽപ്പന സ്റ്റേ ചെയ്തത്.

അതേസമയം, മദ്യത്തിന്റെ ഓൺലൈൻ വിൽപ്പന പരിഗണിക്കാമെന്നും കോടതി നിർദേശിച്ചു. ഇതു സംബന്ധിച്ച തീരുമാനം സർക്കാരിന് സ്വീകരിക്കാമെന്നും കോടതി വ്യക്തമാക്കി.

**ശമ്പളം നൽകാൻ കഴിയാത്തതിന്റെ പേരിൽ നടപടി സ്വീകരിക്കരുത്**

അതിനിടെ, ലോക്ഡൗൺ കാലത്ത് ജീവനക്കാർക്ക് ശമ്പളം നൽകാൻ കഴിയാത്തതിന്റെ പേരിൽ തൊഴിലുടമകൾക്കെതിരെ നിയമ നടപടി സ്വീകരിക്കരുതെന്ന് കോടതി നിർദേശിച്ചു. വ്യവസായ യൂണിറ്റുകൾ അടച്ചിട്ടിരിക്കുന്നതിനാൽ ഉത്പാദനം നടക്കുന്നില്ലെന്നും സാമ്പത്തിക പ്രതിസന്ധിയിൽ ആയതിനാൽ ശമ്പളം നൽകാൻ കഴിയാത്തതിന്റെ പേരിൽ കേസെടുക്കുന്നത് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടാണ് ഒരു പറ്റം ഹർജികൾ കോടതിയിൽ എത്തിയത്.

# ദുബായിൽ നിന്ന് മംഗലാപുരത്തെത്തിയ 20 പേർക്ക് കൊവിഡ്

**മംഗലാപുരം:** ദുബായിൽ നിന്ന് പ്രത്യേക വിമാനത്തിൽ മംഗലാപുരത്ത് എത്തിയ 20 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചു. ദക്ഷിണ കന്നഡ ജില്ലയിൽ നിന്നുള്ള 15 പേർക്കും ഉഡുപ്പിയിൽ നിന്നുള്ള അഞ്ച് പേർക്കുമാണ് കൊവിഡ് സ്ഥിരീകരിച്ചത്.

# പൊതുഗതാഗതം ഉൾപ്പെടെ കേരളത്തിന്റെ ആവശ്യങ്ങൾ കേന്ദ്രം അനുവദിച്ചേക്കും

**ന്യൂഡൽഹി :** നാലാം ഘട്ട ലോക്ഡൗൺ മേയ് 18 മുതൽ ആരംഭിക്കുമ്പോൾ പൊതുഗതാഗതം ഉൾപ്പെടെ കേരളത്തിന്റെ ആവശ്യങ്ങൾ കേന്ദ്രം അനുവദിയ്ക്കുമെന്ന് സൂചന. മെട്രോ, ലോക്കൽ ട്രെയിനുകൾ, ആഭ്യന്തര വിമാനങ്ങൾ, റസ്റ്റൊറന്റുകൾ, ഹോട്ടലുകൾ തുടങ്ങിയവ പ്രവർത്തനം ആരംഭിക്കണമെന്നാണ് കേരളത്തിന്റെ ആവശ്യം. പരമാവധി മേഖലകൾ തുറന്നുകൊടുക്കണമെന്ന് കേരളത്തിനൊപ്പം ആന്ധ്ര പ്രദേശ്, കർണാടക, ഗുജറാത്ത്, ഡൽഹി തുടങ്ങിയ സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിരുന്നു. കോവിഡ് വ്യാപനത്തെ മികച്ച രീതിയിൽ പ്രതിരോധിക്കുന്ന കേരളത്തിന് കൂടുതൽ ഇളവുകൾ നേടിയെടുക്കാനാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

എന്തൊക്കെ ഇളവുകൾ വരുത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സംസ്ഥാനങ്ങളിൽനിന്നു നിർദേശം തേടിയിരുന്നു. ഇവ കൂടി പരിഗണിച്ചായിരിക്കും ഇതിൽ തീരുമാനമെടുക്കുക. ഹോട്സ്പോട്ടുകൾ തീരുമാനിക്കാൻ സംസ്ഥാനങ്ങൾക്ക് അനുമതി നൽകണമെന്ന ആവശ്യം അംഗീകരിച്ചേക്കുമെന്നും സർക്കാർ വൃത്തങ്ങൾ അറിയിച്ചു.

ഇതുവരെ രാജ്യം കണ്ടതിൽനിന്നു വ്യത്യസ്തമായ ഒരു ലോക്ഡൗൺ ആയിരിക്കും അടുത്തതെന്നാണ് ചൊവ്വാഴ്ച പ്രധാനമന്ത്രി പറഞ്ഞത്. 'ഹോട്സ്പോട്ട് അല്ലാത്ത മേഖലകളിൽ പൊതുഗതാഗതത്തിന്റെ ഭാഗമായി ബസുകൾ അനുവദിക്കും.



# 24 അത്യാധുനിക യുദ്ധ ഹെലികോപ്റ്ററുകൾ ; ഇന്ത്യൻ നാവികസേന അമേരിക്കയുമായി കരാർ ഒപ്പിട്ടു

**ന്യൂഡൽഹി:** മികച്ച പ്രഹര ശേഷിയുള്ള യുദ്ധ സന്നാഹ ഹെലികോടപ്ടറുകൾ ഉടൻ കൈവശമാക്കാൻ ഇന്ത്യൻ നാവികസേന. 24 അന്തർവാഹിനി പ്രതിരോധ ചോപ്പറുകളാണ് നാവികസേന വാങ്ങുക. അമേരിക്കൻ കമ്പനിയായ ലോക്ഹീഡ് മാർട്ടിനുമായാണ് ചോപ്പറുകൾ വാങ്ങാൻ ധാരണയായത്. ആകെ 6800 കോടി രൂപയുടെ കരാറാണിത്. 2019ൽ ഏപ്രിൽ മാസത്തിൽ ധാരണയായ പത്തൊമ്പതിനായിരം കോടിയുടെ ആയുധക്കരാറിന്റെ ഭാഗമായിട്ടാണ് നിലവിലെ ചോപ്പറുകൾ

എംഎച്ച്60 ആർ ഹെലികോപ്റ്റർ വിഭാഗത്തിൽപ്പെട്ട ഇവ ഇന്ത്യയുടെ നിലവിലുള്ള സീ കിംഗിന് പകരമായി നാവിക സേനയുടെ ഭാഗമാകും. 1971 മുതൽ ബ്രിട്ടണിൽ നിന്നാണ് നാവികസേന സീ കിംഗ് ഹെലികോപ്റ്ററുകൾ വാങ്ങിയിരുന്നത്. ഇന്ത്യൻ മഹാസമുദ്രത്തിലെ പാക് ചൈനാ അന്തർവാഹിനികളുടെ ഭീഷണിയെ നേരിടാനാണ് ഇന്ത്യൻ നാവികസേന ചോപ്പറുകൾ സ്വന്തമാക്കുന്നത്.

ചോപ്പറുകൾക്കൊപ്പം അതിൽ ഘടിപ്പിക്കുന്ന ആയുധങ്ങളുടെ കാര്യത്തിൽ ഇനിയും ധാരണയാകാനുണ്ട്. സെൻസറുകൾ, മറ്റ് വാർത്തവിനിമയ ഉപകരണങ്ങൾ, മിസൈലുകൾ, ടോർപിഡോകൾ, ലക്ഷ്യം വയക്കാൻ സാധിക്കുന്ന ഉപകരണങ്ങൾ എല്ലാം ഘടിപ്പിക്കാൻ പറ്റുന്ന ലോകത്തെ ഏറ്റവും മികച്ച ചോപ്പറുകളാണ് അമേരിക്കയുടെ എംഎച്ച്60 ആർ.



## ജീവനക്കാർക്ക് ഇനി എന്നും വീട്ടിലിരുന്ന് ജോലി ചെയ്യാം

**ന്യൂയോർക്ക് :** സെപ്തംബറിന് മുമ്പ് ഓഫീസ് തുറക്കാൻ സാധ്യത ഇല്ലെന്നും ലോക്ക്ഡൗൺ അവസാനിച്ചാലും പല ജീവനക്കാർക്കും വീട്ടിലിരുന്ന് തന്നെ സ്ഥിരമായി ജോലി ചെയ്യാമെന്നും ട്വിറ്റർ അറിയിച്ചു. മാർച്ചിൽ ടെലിവർക്കിലേക്ക് മാറിയ ആദ്യ കമ്പനിയാണ് ട്വിറ്റർ.ജീവനക്കാരെ അതിവേഗം വീടുകളിൽ നിന്നും ജോലി ചെയ്യാവുന്ന രീതിയിലേക്ക് മാറ്റിയെന്ന് ട്വിറ്റർ വക്താവ് പറഞ്ഞു.

# ഇനി ഫാഷൻ മാസ്കുകളുടെ കാലം

**കൊച്ചി:** കൊറോണ തുണയായ വ്യാപാരങ്ങൾ ഏതൊക്കെയെന്ന് ചോദിച്ചാൽ ആദ്യം വരുന്നത് സാനിറ്റൈസറും മാസ്കും. ചുരുങ്ങിയ കാലം കൊണ്ട് 50 ബ്രാൻഡ് സാനിറ്റൈസറുകളാണ് കേരളത്തിൽ വിപണിയിലെത്തിയത്. ദൈനംദിന ജീവിതത്തിന്റെ ഭാഗമാകുന്ന മുഖാവരണങ്ങളും നാൾക്കുനാൾ ജനകീയമാകുന്നു. ഇതിലെ വൈവിധ്യങ്ങളിലെ സാധ്യതകൾ വസ്ത്ര രൂപകൽപ്പനാ സ്ഥാപനങ്ങൾ തിരിച്ചറിഞ്ഞു.

എണ്ണിയാലൊടുങ്ങാത്ത ഡിസൈനുകളുമായാണ് മുഖാവരണങ്ങൾ അണിയറയിൽ തയാറാകുന്നത്. കൈലേസും ഷാളുകളുമുപയോഗിച്ച് കെട്ടുന്നതായിരുന്നു കൊറോണ കാലത്തെ കാഴ്ചയെങ്കിൽ ഓരോരുത്തരുടെ സ്വഭാവത്തിനും രൂപത്തിനും ചേരുന്ന മാസ്കുകൾ ഇനി വിപണിയിലെത്തും. കുട്ടികൾക്കായി കാർട്ടൂൺ കഥാപാത്രങ്ങളുടെ ചിത്രങ്ങളും ന്യൂ ജനറേഷനുവേണ്ടി ക്രിക്കറ്റ്, ഫുട്ബോൾ താരങ്ങളുടെയും ചലച്ചിത്ര താരങ്ങളുടെയും ചിത്രങ്ങളുമാണ് മാസ്കുകളിൽ നിറയുന്നത്.

പച്ചക്കറികൾ, പഴവർഗം, പൂക്കൾ, മൃഗങ്ങൾ എന്നിവയുടെ ചിത്രങ്ങൾ പതിച്ചതും രാഷ്ട്രീയത്തിൽ താത്പര്യമുള്ളവർക്ക് ഇഷ്ട നേതാക്കളുടെ ചിത്രങ്ങൾ ആലേഖനം ചെയ്തവയുമുണ്ട്. നരേന്ദ്രമോദി, അമിത്ഷാ ഉൾപ്പെടെയുള്ളവരുടെ ചിത്രങ്ങളും തെരഞ്ഞെടുപ്പ് കാലത്തെ ചിഹ്നങ്ങൾ പതിച്ച മാസ്കുകളും പ്രചാരത്തിലെത്തുന്നു. ഒട്ടേറെ ഡിസൈനർമാരും സ്ഥാപനങ്ങളും ഈ രീതിയിൽ മാസ്കിൽ വൈവിധ്യം കൊണ്ടുവരാനും വിപണിയെ ആകർഷകമാക്കാനുമുള്ള തയാറെടുപ്പിലാണ്.

# സാമ്പത്തികപ്രതിസന്ധി പരിഹരിക്കാൻ ക്ഷേത്രങ്ങളിലെ സ്വർണം ; കുറിക്കുകൊള്ളുന്ന മറുപടിയുമായി ഹിന്ദു ആചാര്യർ

**മുംബൈ:** കൊറോണ കാലത്തെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ രാജ്യത്തെ ഹിന്ദു ക്ഷേത്രങ്ങളിലെ സ്വർണം ഉപയോഗിക്കണമെന്ന വിവാദ പരാമർശവുമായി മഹാരാഷ്ട്ര മുൻ മുഖ്യമന്ത്രിയും കോൺഗ്രസ് നേതാവുമായി പ്രിഥിരാജ് ചവാൻ. ട്വിറ്ററിലൂടെയുള്ള വിവദാ പ്രസ്താവനയ്ക്കെതിരേ വിവിധ ഹിന്ദു സംഘടനകളും ആചാര്യൻമാരും രംഗത്തെത്തി. കോൺഗ്രസ് നേതാക്കളുടെ അക്കൗണ്ടുകളിലെ കള്ളപ്പണമാണ് ആദ്യം ഉപയോഗിക്കേണ്ടതെന്ന് ഇവർ മറുപടി നൽകി.

ഏതാണ്ട് എഴുപത്ത് അഞ്ചു ലക്ഷം കോടി രൂപയുടെ സ്വർണം പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലുണ്ട്. വളരെ കുറഞ്ഞ പലിശയ്ക്ക് ഇവ ബോണ്ടായി ഏറ്റെടുക്കണമെന്നായിരുന്നു ചവാന്റെ ട്വീറ്റ്.തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി കേത്രം, തിരുപ്പതി ക്ഷേത്രം, വൈഷ്ണോ ദേവി ക്ഷേത്രം എന്നിവയെ ലക്ഷ്യം വച്ചായിരുന്നു ചവാന്റെ പരാമർശം. രാജ്യത്തെ അതിസമ്പന്നമായ ക്ഷേത്രങ്ങളാണ് ഇവ.

ചാവന്റെ പരാമർശത്തിനിനെതിരേ ബിജെപിയും രംഗത്തെത്തി. രാജ്യത്തെ സാമ്ബത്തികാവസ്ഥയിൽ കോൺഗ്രസിന് അത്രയ്ക്ക് ആശങ്കയുണ്ടെങ്കിൽ ആദ്യം ചെയ്യേണ്ടത് പാർട്ടി നേതാക്കളുടെ വിദേശത്തും സ്വദേശത്തും അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്ന കള്ളപ്പണം പുറത്തെത്തിക്കുകയാണെന്നു മഹാരാഷ്ട്ര ബിജെപി സ്പിരിചൽ ഫ്രണ്ട് ജോയിന്റ് കൺവീനർ തുഷാർ ഭോസ്ലെ പറഞ്ഞു.




# ഞായറാഴ്ച സമ്പൂർണ ലോക്ഡൗൺ തുടരും

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഞായറാഴ്ച സമ്പൂർണ ലോക്ഡൗൺ തുടരുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കഴിഞ്ഞ ശനിയാഴ്ചത്തെ സർക്കാർ ഓഫിസ് അവധി തുടരുമോയെന്ന് ആലോചിക്കും. കഴിഞ്ഞ ഞായറാഴ്ചത്തെ പോലെ ഈ ഞായറാഴ്ചയും ലോക്ഡൗണിനോട് സഹകരിക്കണമെന്ന് മുഖ്യമന്ത്രി ജനങ്ങളോട് അഭ്യർഥിച്ചു.

സംസ്ഥാനത്ത് കേസുകളുടെ എണ്ണം വർധിക്കുന്നത് ആശങ്ക ഉയർത്തുന്നുണ്ട്. സമ്പർക്കം വഴി രോഗബാധയുണ്ടാകാൻ സാധ്യത ഏറെയാണ്. ഇതിനായി ശാരീരിക അകലം ഉൾപ്പെടെയുള്ള മുൻകരുതലുകൾ സ്വീകരിക്കണം. ക്വാറൻറീനിലുള്ളവരെ നിരീക്ഷിക്കുന്നതിനായി മോട്ടോർ സൈക്കിൾ ബ്രിഗേഡിനെ നിയമിക്കും.

വീടുകളിൽ ക്വാറൻറീനിൽ കഴിയുന്നവർ നിർദേശങ്ങൾ ലംഘിക്കുന്നതുമായി ബന്ധപ്പെട്ട് 65 കേസുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തു. ഇതിൽ തിരുവനന്തപുരത്ത് 53 കേസുകളും കാസർകോട് 11 കേസുകളും കോഴിക്കോട് ഒരു കേസുമാണ് റിപ്പോർട്ട് ചെയ്തത്.അതിർത്തികളിലെയും ചെക്പോസ്?റ്റുകളിലെ പരിശോധന കർശനമാക്കുന്നതിന് അധികമായി പൊലീസുകാരെ നിയമിച്ചു.

സംസ്ഥാനത്ത് നാലു അന്താരാഷ്ട്ര വിമാനത്താവളങ്ങളിലായി വിദേശത്ത് നിന്ന് 14 വിമാനങ്ങൾ എത്തി. കൊച്ചി തുറമുഖത്ത് മൂന്നു കപ്പലുകളും എത്തി. ഇവയിൽ എല്ലമായി 3732 പേരാണ് വിദേശത്തുനിന്നും എത്തിയതെന്ന് മുഖ്യമന്ത്രി അറിയിച്ചു.

കേരളത്തിൽനിന്ന് 33000 അന്തർ സംസ്ഥാന തൊഴിലാളികളുമായി 29 ട്രെയിനുകൾ പോയി. കപ്പലുകളിൽ ആളുകൾ കൂട്ടത്തോടെയാണ് സംസ്?ഥാനത്തേക്ക് എത്തിയത്. അവരിൽ മൂന്നുപേർക്ക് തമിഴ്നാട്ടിൽ രോഗബാധയുണ്ടായതായി കണ്ടെത്തി. ഈ സാഹചര്യത്തിൽ മറ്റുള്ളവർക്ക് രോഗബാധയില്ല എന്ന് ഉറപ്പാക്കാൻ പ്രത്യേക പരിശോധന നടത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

# അദ്ധ്യയനം ആരംഭിക്കുന്നതിൽ ആരോഗ്യ വിദഗ്ദ്ധർക്ക് ആശങ്ക

**തിരുവനന്തപുരം:** കോവിഡ് പശ്ചാത്തലത്തിൽ പുതിയ അധ്യയന വർഷം ആരംഭിക്കാനുള്ള സർക്കാർ തീരുമാനത്തിനെതിരെ ആരോഗ്യ രംഗത്തെ വിദഗ്ധർ. രോഗം നിയന്ത്രണ വിധേയമാകത്ത ഘട്ടത്തിൽ ഇത്തരത്തിലൊരു തീരുമാനം എടുത്തത് ശരിയല്ലെന്നും പുന:പ്പരിശോധിക്കണമെന്നുമാണ് ഇവരുടെ ആവശ്യം. ഒര മാസം കൂടി കഴിഞ്ഞതിനുശേഷമേ സ്കൂൾ തുറക്കുന്നതുപോലുള്ള നടപടികൾ ആകാവൂ എന്നാണ് ഐ.എം.എ വിദഗ്ധ സമിതി ശിപാർശ ചെയ്യുന്നത്. വിദൂര പഠനം, ഓൺലൈൻ പഠനം തുടങ്ങിയ രീതികൾ വ്യാപകമാക്കുകയും സാമൂഹിക അകലം പാലിച്ച് പരീക്ഷകൾ നടത്തുകയും ചെയ്യുക എന്നതാണ് സമിതി മുന്നോട്ട് വെക്കുന്ന നിർദേശം.



ഈ സാഹചര്യത്തിൽ സ്കൂൾ പഠനം ആരംഭിച്ചാൽ കുട്ടികൾക്കും കുട്ടികളിൽ നിന്നും വീടുകളിലേക്കും രോഗമെത്താൻ സാധ്യതയുണ്ട്. കുഞ്ഞുങ്ങളും പ്രായമായവരും ഗർഭിണികളും എല്ലാം ഉള്ള വീടുകളാണെങ്കിൽ സ്ഥിതി ഗുരുതരമാകും. ലക്ഷണമില്ലാതെ പകരുന്ന രോഗമായതിനാൽ സ്കൂളുകളിൽ അധ്യയനം ആരംഭിക്കുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ടെന്നും വിദ്ഗ്ധർ അഭിപ്രായപ്പെടുന്നു.

# കാർഷിക മേഖലയിൽ സമഗ്ര മുന്നേറ്റമുണ്ടാകും: കെ. സുരേന്ദ്രൻ



**തിരുവനന്തപുരം:** നരേന്ദ്ര മോദി സർക്കാർ കർഷകർക്കും സാധാരണ ജനവിഭാഗങ്ങൾക്കുമൊപ്പമാണെന്ന് വ്യക്തമാക്കുന്ന പദ്ധതികളാണ് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരിക്കുന്നതെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ.

രണ്ടാം സാമ്പത്തിക പാക്കേജിന്റെ മൂന്നാംഘട്ട പ്രഖ്യാപനങ്ങളിൽ കൃഷി അനുബന്ധമേഖലകളിൽ വൻമുന്നേറ്റമുണ്ടാക്കാനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നതെന്നും സുരേന്ദ്രൻ പ്രസ്താവനയിൽ പറഞ്ഞു. കാർഷികോത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് കേന്ദ്രസർക്കാർ നിയമം കൊണ്ടുവരികയാണ്. പുതിയ നിയമം നിലവിൽ വന്നതോടെ സംസ്ഥാനാന്തര കച്ചവടം കർഷകർക്ക് സാധ്യമാകും. ഔഷധ കൃഷിക്ക് 4000 കോടി രൂപ നീക്കിവച്ചിരിക്കുന്നത് കേരളത്തിന് പ്രയോജനപ്പെടുത്താനാകും. മൃഗസംരക്ഷണ മേഖലയിൽ ശക്തമായ ഇടപെടലാണ് കേന്ദ്രസർക്കാർ നടത്തിയിരിക്കുന്നത്.

13,343 കോടി രൂപയാണ് മൃഗസംരക്ഷണ മേഖലയിൽ രോഗനിയന്ത്രണത്തിനുമാത്രമായി നീക്കിവച്ചിരിക്കുന്നത്. ക്ഷീരമേഖലയിലെ ഇടപെടൽ കേരളത്തിലും വലിതോതിൽ പ്രയോജനകരമാകും. ക്ഷീരോത്പാദന അടിസ്ഥാന വികസനത്തിന് 15000 കോടിയാണ് നൽകുന്നത്. ക്ഷീര സഹകരണ സംഘങ്ങൾക്ക് 5000 കോടി നൽകുന്നത് രണ്ട് കോടി കർഷകർക്ക് പ്രയോജനം ലഭിക്കും.

രണ്ടു ശതമാനം പലിശയ്ക്കാണ് വായ്പ നൽകുന്നത്. മത്സ്യകൃഷി മേഖലയിൽ 55 ലക്ഷം പേർക്ക് തൊഴിൽ ലഭിക്കുന്ന പദ്ധതിക്കാണ് കേന്ദ്രസർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. പ്രധാനമന്ത്രി മത്സ്യബന്ധന യോജന പദ്ധതിക്കായി 20,000 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. മത്സ്യോത്പാദനം 70 ലക്ഷം ടൺ ആയാണ് ഉയർത്തുന്നത്.

ഭക്ഷ്യ സംസ്കരണം നടത്തുന്ന മൈക്രോ യൂണിറ്റുകൾക്ക് സഹായം നൽകാനുള്ള പദ്ധതിയും കേരളത്തിന് വളരെയധികം പ്രയോജനപ്പെടുത്താനാവുന്നതാണ്. ഇന്ത്യയിലെ കർഷകർക്കായി പതിനൊന്ന് ഉത്തേജന പദ്ധതികളാണ് കേന്ദ്ര ധനമന്ത്രി ഇന്ന് പ്രഖ്യാപിച്ചത്.

കോറോണ പ്രതിസന്ധിക്കാലത്ത് മാന്ദ്യത്തിലായ കാർഷിക മേഖലയ്ക്ക് ഉത്തേജനം നൽകുന്ന സമഗ്രപാക്കേജാണ് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത്. മത്സ്യകർഷകർ, ക്ഷീര കർഷകർ, ധാന്യവിള കർഷകർ, ഔഷധസസ്യ കർഷകർ തുടങ്ങി എല്ലാതരം കർഷകവിഭാഗങ്ങൾക്കും സഹായം പ്രപഖ്യാപിച്ചുകൊണ്ടുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. രാജ്യത്തെ പാവപ്പെട്ടവർക്ക് ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുതകുന്നതരത്തിലാണ് പദ്ധതികളുടെ ആവിഷ്കരണം.

ഈ മേഖലകളിലെല്ലാം കേരളത്തിന് നേട്ടമുണ്ടാക്കാൻ കഴിയും. കേരളത്തിന് വേണ്ടവിധത്തിൽ ഈ പദ്ധതികളെ പ്രയോജനപ്പെടുത്താൻ കഴിയണമെന്നും കെ.സുരേന്ദ്രൻ പറഞ്ഞു.

# ബസ് ചാർജ് ഇരട്ടിയാക്കണം, വിദ്യാർത്ഥികൾക്ക് പ്രത്യേക ബസ് ഏർപ്പെടുത്തണം

## ഗതാഗത വകുപ്പിന്റെ ശുപാർശ

**തിരുവനന്തപുരം:** കൊവിഡ് 19 ലോക്ഡൗണിനു ശേഷം പൊതുജനം നേരിടേണ്ടി വരിക വലിയ സാമ്പത്തിക ബാധ്യത. ലോക്ഡൗണിനു ശേഷം പൊതുഗതാഗതം ആരംഭിക്കുമ്പോൾ ഇരിട്ടി ചാർജ് നൽകിവേണം ജനങ്ങൾക്ക് യാത്ര ചെയ്യാൻ. ബസ് ചാർജ് ഇരട്ടിയായി വർധിപ്പിക്കണമെന്ന് ആവശ്യപ്പെടുന്ന ശിപാർശ ഗതാഗത വകുപ്പ് സർക്കാരിന് സമർപ്പിച്ചു. ഗതാഗതമന്ത്രി വിളിച്ച യോഗമാണ് ശിപാർശ നൽകിയത്.

മിനിമം ചാർജ് എട്ടിൽ നിന്നും 12 രൂപയോ 15 രൂപയോ ആയി ഉയർത്തണം. നിലവിലുള്ള മറ്റ് നിരക്കുകൾ ഇരട്ടിയായി ഉയർത്തണം. ആദ്യഘട്ടത്തിൽ ജില്ലാ അതിർത്തിക്കുള്ളിൽ മാത്രമായിരിക്കും സർവീസ് നടത്താൻ അനുവാദം. ഓർഡിനറി ബസുകൾക്ക് മാത്രമാണ് പെർമിറ്റ് നൽകുക.

വിദ്യാർത്ഥികൾക്ക് പി.ടി.എ പ്രത്യേക ബസ് സൗകര്യം ഏർപ്പെടുത്തണം. ഇതിനായി ബസുകൾ പി.ടി.എയ്ക്ക് വാടകയ്ക്ക് എടുക്കാം.

സാമൂഹിക അകലം പാലിച്ചുവേണം യാത്രക്കാരെ സീറ്റുകളിൽ ഇരുത്താൻ. ചെറിയ സീറ്റിൽ ഒരാൾക്കു മാത്രവും മൂന്നു പേർക്ക് ഇരിക്കാവുന്ന സീറ്റിൽ രണ്ടു പേർക്കായി മാറ്റിവയ്ക്കണമെന്നും ശിപാർശയിൽ പറയുന്നു.

# ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തിയ 70 പേർക്ക് രോഗം: ക്വാറന്റൈൻ നിർദ്ദേശം ലംഘിച്ച 65 പേർക്കെതിരേ കേസ്

**തിരുവനന്തപുരം:** ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തിയ 70 പേർക്ക് രോഗം സ്ഥിരീകരിച്ചതായി മുഖ്യമന്ത്രി. സമ്പർക്കത്തിലൂടെ 187 പേർ രോഗബാധിതരായി. സംസ്ഥാനത്ത് കേസുകളുടെ എണ്ണം വർധിക്കുന്നത് ആശങ്കയുണ്ടാക്കുന്നു. സമ്പർക്കത്തിലൂടെ രോഗം പടരാനുള്ള സാധ്യത മുന്നിലുണ്ട്. അതിനാൽ കരുതൽ വർധിപ്പിക്കണം. സുരക്ഷിതമായ ശാരീരിക അകലം പാലിക്കണം. മറ്റ് സുരക്ഷാ ക്രമീകരണങ്ങളും പാലിക്കണം.

ക്വാറന്റീനിൽ കഴിയുന്നവർ പുറത്തിറങ്ങരുത്. നിർദ്ദേശം ലംഘിക്കുന്നവരെ കണ്ടെത്താനായി എല്ലാ ജില്ലകളിലും മോട്ടോർ സൈക്കിൾ ബ്രിഗേഡ് സംവിധാനം ഏർപ്പെടുത്തും. നിരീക്ഷണത്തിൽ കഴിയുന്നവരുടെ വീടുകളിലും സമീപത്തും പൊലീസുകാർ ബൈക്കിൽ പട്രോളിങ് നടത്തും.ശനിയാഴ്ചകളിലെ സർക്കാർ ഓഫീസ് അവധി തുടരണോയെന്ന് ആലോചിക്കും. നാളെ അവധിയാണ്. ഞായറാഴ്ച സമ്പൂർണ ലോക്ക് ഡൗണായി തുടരും. എല്ലാവരും സഹകരിക്കണം.

വീടുകളിൽ ക്വാറന്റീനിൽ കഴിയുന്നവർ നിർദ്ദേശം ലംഘിച്ചതിന് സംസ്ഥാനത്ത് 65 കേസ് രജിസ്റ്റർ ചെയ്തു. തിരുവനന്തപുരത്ത് 53 കേസ്, കാസർകോട് 11.അതിർത്തിയിലും ചെക്പോസ്റ്റിലും പൊലീസുകാരെ അധികമായി നിയോഗിച്ചു. നാല് വിമാനത്താവളങ്ങളിലായി വിദേശത്ത് നിന്ന് 17 വിമാനങ്ങൾ വന്നു.



# കൺട്രോൾ റൂം പ്രവർത്തനം ആരംഭിക്കുന്നു

**കൊല്ലം :** മൺസൂൺകാല കടൽ രക്ഷാപ്രവർത്തനം ഫലപ്രദമായി നടത്തുന്നതിന് നീണ്ടകര ഫിഷറീസ് സ്റ്റേഷനിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചു. മൺസൂൺ കാലത്ത് ഉണ്ടാകുന്ന അപ്രതീക്ഷിതമായ പ്രകൃതി ക്ഷോഭങ്ങളിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ജീവൻ രക്ഷിക്കുന്നതിലേക്ക് ഉദ്ദേശിച്ചാണ് കൺട്രോൾ റൂം പ്രവർത്തനം ആരംഭിക്കുന്നത്. കൺട്രോൾ റൂമിന് അനുബന്ധമായി സുരക്ഷാ ബോട്ടുകളുടെയും ലൈഫ് ഗാർഡിന്റെയും സേവനം സജ്ജമാക്കിയിട്ടുണ്ട്. മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്ന തൊഴിലാളികളെ സംബന്ധിക്കുന്ന വിവരം കൺട്രോൾ റൂം നമ്പരായ 0476-2680036 (ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ), 9496007036 (നീണ്ടകര ഫിഷറീസ് സ്റ്റേഷൻ, 9447141191 (നീണ്ടകര സർക്കിൾ ഇൻസ്പെക്ടർ(മറൈൻ എൻഫോഴ്സ്മെന്റ്) എന്നീ നമ്പരുകളിൽ അറിയിക്കാം.


## ഐഎച്ച്ആർഡി ടെക്നിക്കൽ ഹയർ സെക്കണ്ടറി എട്ടാം ക്ലാസ് പ്രവേശനം

**കൊല്ലം:** ഐ എച്ച് ആർ ഡിയുടെ കീഴിൽ എറണാകുളം കലൂർ(04842347132), കപ്രാശ്ശേരി(ചെങ്ങമനാട്- 0484-2604116), മലപ്പുറം വാഴക്കാട്(04832725215), വട്ടംകുളം(04942681498), പെരിന്തൽമണ്ണ(04933225086) എന്നിവിടങ്ങളിലും കോട്ടയം പുതുപ്പള്ളി(04812351485), ഇടുക്കി പീരുമേട്(04869233982), തൊടുപുഴ മുട്ടം(04862255755), പത്തനംതിട്ട മല്ലപ്പള്ളി(04692680574) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 2020-21 അധ്യയന വർഷത്തിൽ എട്ടാം സ്റ്റാന്റേർഡ് പ്രവേശനത്തിന് അർഹരായവരിൽ നിന്നും ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. അപേക്ഷകൻ 2006 ജൂൺ ഒന്നിനും 2008 മെയ് 31 നും ഇടയിൽ ജനിച്ചവരായിരിക്കണം. ഏഴാം സ്റ്റാന്റേർഡോ തത്തുല്യ പരീക്ഷയോ ജയിച്ചവർക്കും പരീക്ഷാഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. അപേക്ഷ ihrd.kerala.gov.in/thss വെബ്സൈറ്റ് മുഖേന സമർപ്പിക്കണം.

# ലോകം ഇന്ന് അന്താരാഷ്ട്ര പ്രകാശദിനം ആചരിക്കുമ്പോൾ കൊല്ലത്തിന്റെ അഭിമാനം വാനോളം

**കൊല്ലം:** ഇന്ന് അന്താരാഷ്ട്ര പ്രകാശദിനം. യുനെസ്കോയുടെ തീരുമാന പ്രകാരമാണ് 2018 മുതൽ മെയ് 16 പ്രകാശ ദിനമായി ആചരിക്കുന്നത്.

സർവ്വ ചരാചരങ്ങളുടെ ജീവിതത്തിലും സർവ്വ സംസ്കാരങ്ങളുടെ ഉത്ഭവത്തിലും നിലനിൽപ്പിലും പ്രകാശത്തിന്റെ സ്വാധീനം കണക്കിലെടുത്താണ് ദിനാചരണം നടത്തുന്നത്. 1930 ഓടുകൂടി പ്രകാശത്തെക്കുറിച്ചുള്ള പഠനം പൂർത്തിയായതായി കുറേ ശാസ്ത്രജ്ഞൻമാർ പ്രഖ്യാപിച്ചിരുന്നു. അതിന് ശേഷമാണ് ഏവരെയും അമ്പരപ്പിച്ചുകൊണ്ട് ലേസർ കണ്ടുപിടിച്ചത്. ലേസറിന്റെ ഉപയോഗങ്ങൾ ചിന്തകൾക്ക് അപ്പുറത്താണെന്ന് വിലയിരുത്തപ്പെട്ടു. ആരോഗ്യ മേഖലയിലും വയർലെസ് കമ്മ്യൂണിക്കേഷൻ മേഖലകളിലുമടക്കം ദൈനംദിന ജീവിതത്തിൽ ലേസറുകൾ ഇല്ലാതെ വയ്യ എന്ന അവസ്ഥയായി. പ്രശസ്ത ശാസ്ത്രജ്ഞൻ തിയോഡർ മെയ്മാൻ ലേസറിന്റെ വിജയകരമായ പരീക്ഷണം നടത്തിയത് 1960 മെയ് 16ന് ആണ്. അതുകൊണ്ടാണ് മെയ് 16 യുനെസ്കോ പ്രകാശദിനമായി തിരഞ്ഞെടുത്തത്.



2015ൽ അന്താരാഷ്ട്ര പ്രകാശ വർഷത്തോടനുബന്ധിച്ച് റോമിലെ സപ്പൻസിയ യൂണിവേഴ്സിറ്റിയിൽ നടന്ന കോൺഫറൻസിൽ ലോക പ്രകാശ ദിനം ആചരിക്കണമെന്ന ആശയം ആദ്യമായി മുന്നോട്ടുവച്ചത് കൊല്ലം സ്വദേശിയായ പ്രൊഫ. വിവേകാനന്ദനാണ്.

ഇന്ന് രാവിലെ 11ന് സൂം ആപ്ളിക്കേഷനിലൂടെയുള്ള ഓൺലൈൻ യോഗത്തിൽ പ്രൊഫ. വിവേകാനന്ദന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര പ്രകാശദിനം ആഘോഷിക്കും. 'പ്രകാശവും ലേസറും' എന്ന വിഷയത്തിൽ വിദഗ്ദ്ധർ പ്രഭാഷണം നടത്തും.

# പൊതുവിഭാഗങ്ങൾക്കുള്ള സൗജന്യ കിറ്റ് വിതരണം ആരംഭിച്ചു

**കരുനാഗപ്പള്ളി :** കോവിഡ് 19 പ്രതിരോധ നടപടികളുടെ ഭാഗമായ് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പൊതുവിഭാഗങ്ങൾക്കുള്ള(വെള്ള കാർഡ്) സൗജന്യ അതിജീവന കിറ്റ് വിതരണം ജില്ലയിൽ ആരംഭിച്ചു. റേഷൻ കാർഡ് നമ്പർ പൂജ്യത്തിൽ അവസാനിക്കുന്ന 9720 കാർഡ് ഉടമകൾ ഇന്നലെ(മെയ് 15) അതിജീവന കിറ്റുകൾ കൈപ്പറ്റി. 2,03,952 കുടുംബങ്ങളാണ് പൊതുവിഭാഗത്തിൽ ജില്ലയിൽ ഉൾപ്പെട്ടിരിക്കുന്നത്. മെയ് 19 വരെയാണ് ഈ വിഭാഗങ്ങൾക്കുള്ള കിറ്റ് വിതരണതിന് സമയം അനുവദിച്ചിരിക്കുന്നത്. മെയ് എട്ടു മുതൽ 14 വരെ നടന്ന നീല കാർഡ് ഉടമകൾക്കായി വിതരണം ചെയ്ത സൗജന്യ അതിജീവന കിറ്റുകൾ ജില്ലയിൽ 1,89,117 കുടുംബങ്ങൾ കൈപ്പറ്റി.

ഇതുവരെ സൗജന്യ അതിജീവന കിറ്റ് വാങ്ങാൻ കഴിയാത്ത എല്ലാ വിഭാഗങ്ങളിലും ഉൾപ്പെട്ട കാർഡുടമകൾക്കും മെയ് 20 ന് റേഷൻ കടകളിൽ നിന്നും സൗജന്യ കിറ്റ് വാങ്ങുവാനുള്ള അവസരം ഉണ്ടായിരിക്കും. വിവിധ കാർഡ് ഉടമകൾക്കുള്ള മെയ് മാസത്തെ റേഷൻ വിതരണവും ജില്ലയിൽ തുടർന്ന് വരുന്നു. മഞ്ഞ, പിങ്ക് കാർഡ് ഉടമകൾക്ക് കേന്ദ്ര സർക്കാരിന്റെ പി എം ജി കെ എ വൈ പദ്ധതി പ്രകാരമുള്ള ഏപ്രിൽ മാസത്തെ വിഹിതത്തിൽ ഉൾപ്പെട്ട ഒരു കിലോ സൗജന്യ ഭക്ഷ്യധാന്യമായ കടല/പയർ റേഷൻ കടകളിൽ വിതരണത്തിനായി എത്തിച്ചു നൽകിയിട്ടുണ്ട്.

ലോക്ക് ഡൗണിനെ തുടർന്ന് മാർച്ച് 24 മുതൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് ജില്ലാ ഭരണകൂടം ഏർപ്പെടുത്തിയ പൊതുവിപണി പരിശോധന ജില്ലയിൽ തുടരുന്നു. ഇറച്ചി വിൽപ്പന കേന്ദ്രങ്ങളിൽ വ്യത്യസ്തമായ രീതിയിൽ വില ഈടാക്കുന്നതായ പരാതികൾ ലഭിച്ചതിനെ എല്ലാ താലൂക്കുകളിലേയും വിവിധ ഇടങ്ങളിലെ ഇറച്ചി വിൽപന കേന്ദ്രങ്ങളിൽ താലൂക്ക് സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ പരിശോധനകൾ നടത്തി. വില വിവര പട്ടിക പ്രദർശിപ്പിക്കാത്തതിനും അമിതവില ഈടാക്കുകയും ചെയ്ത വ്യാപാര സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി. ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ ബോധപൂർവ്വം കൃത്രിമ വിലക്കയറ്റവും ക്ഷാമവും സൃഷ്ടിക്കാൻ ശ്രമിച്ച വ്യാപാര സ്ഥാപനങ്ങൾക്ക് എതിരെ കർശന നടപടികൾ സ്വീകരിക്കുമെന്ന് ജില്ലാ സപ്ലൈ ഓഫീസർ സി എസ് ഉണ്ണികൃഷ്ണകുമാർ അറിയിച്ചു.

# ഡെങ്കിപ്പനിയെ നേരിടാൻ ജില്ലയിൽ 'ബ്രേക്ക് ദ സൈക്കിൾ ക്യാമ്പയിൻ'

**കരുനാഗപ്പള്ളി :** ഇന്ന് ദേശീയ ഡെങ്കിദിനമായി ആചരിക്കും. 'ഡെങ്കിപ്പനി നിയന്ത്രണത്തിന് പൊതുജനപങ്കാളിത്തം അനിവാര്യം' എന്നതാണ് ഇത്തവണത്തെ ഡെങ്കിദിന സന്ദേശം. ഡെങ്കിപ്പനിക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലയിൽ 'ബ്രേക്ക് ദ സൈക്കിൾ' ക്യാമ്പെയിൻ നടത്തും.

പൊതുജന പങ്കാളിത്തത്തോടെ കൊതുകിന്റെ ഉറവിടനശീകരണം വഴി ഒരാൾക്കും കൊതുകു കടി ഏൽക്കാതിരിക്കുകയാണ് ലക്ഷ്യം. പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം രാവിലെ 11 ന് കലക്ട്രേറ്റിൽ മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മ നിർവഹിക്കും. ജില്ലാ കലക്ടർ ബി അബ്ദുൽ നാസർ, ജനപ്രതിനിധികൾ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും. കോവിഡ് മാനദണ്ഡങ്ങൾക്കനുസരിച്ച് പരിപാടിയുടെ പങ്കാളിത്തം ക്രമീകരിക്കും. ചടങ്ങിൽ ജില്ലാ മെഡിക്കൽ ഓഫീസ് മാസ് മീഡിയ വിഭാഗം തയ്യാറാക്കിയ ഡെങ്കിപ്പനി ബോധവത്കരണ ലഘുലേഖയും പോസ്റ്ററുകളും പ്രകാശനം ചെയ്യും.

# മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തുക കൈമാറി

**കൊല്ലം:** ബാലികമറിയം സ്കൂളിലെ നാലാം ക്ലാസ് വിദ്യാർഥി നിയാസിന് ക്വിസ് മത്സരത്തിലും സ്കോളർഷിപ്പായും ലഭിച്ച 3,000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിലേക്ക് സംഭാവന നൽകുന്നതിനായി കുട്ടിയുടെ പിതാവ് നിസാമുദ്ദീനും അമ്മ നിഷയും ചേർന്ന് മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മയ്ക്ക് കൈമാറി.

ഇൻഡ്യൻ വെൽഫെയർ അസോസിയേഷൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാനിധിയിലേക്ക് സംഭാവനയായി നൽകുന്ന 25,000 രൂപയുടെ ഡി ഡി മാനേജർ മുജീബ് റഹ്മാൻ മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മയ്ക്ക് കൈമാറി. ഭാരവാഹികളായ അബ്ദുൽ റഊഫ്, ആശിഖ് എന്നിവർ സന്നിഹിതരായി.

വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് ബഡ്സ്/ബി ആർ സി അധ്യാപിക ടി ആർ രഞ്ജിത മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകുന്ന 7,000 രൂപ ജില്ലാ കലക്ടർ ബി അബ്ദുൽ നാസറിന് കൈമാറി. സാലിറി ചലഞ്ചിന് പുറമേയാണ് ഈ തുക സംഭാവനായി നൽകിയത്.

റിപ്പബ്ലിക്കൻ പാർട്ടി ഓഫ് ഇന്ത്യ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകിയ 11,111 രൂപയുടെ ചെക്ക് സംസ്ഥാന പ്രസിഡന്റ് പിറവന്തൂർ ശ്രീധരൻ ജില്ലാ കലക്ടർ ബി അബ്ദുൽ നാസറിന് കൈമാറി. പെരുമ്പുഴ അർജുനൻ, എം കെ രവി എന്നിവരും സന്നിഹിതരായി.

## കൊല്ലത്ത് ഒരാൾ കൂടി പോസിറ്റീവ്

**കരുനാഗപ്പള്ളി :** ഇന്നലെ ജില്ലയിൽ കോവിഡ് സ്ഥിരീകരിച്ച ഒരാൾ കളമശ്ശേരി മെഡിക്കൽ കോളേജിലാണ് ചികിത്സയിലുള്ളത്. ഇദ്ദേഹം മെയ് 14 ന് ജിദ്ദയിൽ നിന്നും കൊച്ചി വിമാനത്താവളത്തിൽ എത്തിയ എ ഐ-964 ഫ്ളൈറ്റിലെ യാത്രക്കാരനാണ്. 36 വയസുള്ള ഇദ്ദേഹത്തെ രോഗലക്ഷണങ്ങൾ കണ്ടതിനെ തുടർന്ന് അന്നുതന്നെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. പുനലൂർ സ്വദേശിയാണ്.

**ഹലോ എം എൽ എ; ഉദ്ഘാടനം ഇന്ന്**

ഇരവിപുരം മണ്ഡലത്തിൽ നിരീക്ഷണത്തിൽ കഴിയുന്നവരും കുടുംബാംഗങ്ങളുമായി എം എൽ എം നൗഷാദ് സംവദിക്കുന്നു. നിരീക്ഷണത്തിൽ കഴിയുന്നവരുടെ പ്രശ്നങ്ങൾ, ആവശ്യങ്ങൾ എം എൽ എ യെ അറിയിക്കാം. ഇന്ന് (മെയ് 16) രാവിലെ 11 ന് പരിപാടി മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മയുടെ സാന്നിധ്യത്തിൽ എം എൽ എ യുടെ ഓഫീസിൽ തുടങ്ങും.

## വൈദ്യുതി ബിൽ ഇന്നും സ്വീകരിക്കും

കരുനാഗപ്പള്ളി : കെ എസ് ഇ ബി സെക്ഷൻ ഓഫീസുകളിലെ ക്യാഷ് കൗറുകൾ ഇന്നും(മെയ് 16) പ്രവർത്തിക്കുമെന്ന് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അറിയിച്ചു. രാവിലെ ഒൻപത് മുതൽ വൈകിട്ട് നാലുവരെയാണ് പ്രവർത്തന സമയം.

5, 6, 7, 8, 9 അക്കങ്ങളിൽ അവസാനിക്കുന്ന ഉപഭോക്താക്കളിൽ ഇനിയും വൈദ്യുതി ചാർജ്ജ് അടയ്ക്കാനുള്ളവർക്കും ഒന്നിൽ കൂടുതൽ ബില്ലുകൾ ഒരുമിച്ച് അടയ്ക്കുന്ന റസിഡന്റ്സ് അസോസിയേഷനുകൾ, ലയങ്ങൾ, നാട്ടുകൂട്ടങ്ങൾ തുടങ്ങിയവയുടെ പ്രതിനിധികൾക്കും വൈദ്യുതി ചാർജ്ജ് പിഴ കൂടാതെ അടയ്ക്കാനുള്ള സൗകര്യം ലഭിക്കും.

## മഴക്കാല പൂർവ ശുചീകരണം: ജീവനക്കാർ ഹാജരാകണം

**പത്തനംതിട്ട:** മഴക്കാല പൂർവ ശുചീകരണത്തിന്റെ ഭാഗമായി പത്തനംതിട്ട സിവിൽ സ്റ്റേഷനിലെ എല്ലാ ഓഫീസുകളിലെ ജീവനക്കാരും സെക്ഷനുകളും ഓഫീസ് പരിസരവും ശുചീകരിക്കുന്നതിനായി മേയ് 16ന് ഓഫീസിൽ ഹാജരാകണമെന്ന് ജില്ലാ കളക്ടർ പി.ബി. നൂഹ് അറിയിച്ചു.

## ദുരന്തനിവാരണ നിയമ പ്രകാരം ഉത്തരവുകൾ പാസാക്കി: ജില്ലാ കളക്ടർ

**പത്തനംതിട്ട:** ദുരന്ത നിവാരണ നിയമപ്രകാരം ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം (ഐ.ആർ.എസ്) രൂപീകരിച്ചിട്ടുള്ള അന്തിമ ഉത്തരവ് അംഗീകരിച്ചതായി ജില്ലാ കളക്ടർ പി.ബി നൂഹ് പറഞ്ഞു. 2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രളയത്തിൽ പമ്പാ ത്രിവേണി പ്രദേശത്ത് അടിഞ്ഞുകൂടിയ 75,000 ഘനമീറ്റർ മണ്ണ്, ചെളി, പ്ലാസ്റ്റിക്/ തുണി മാലിന്യങ്ങൾ എന്നിവ സൗജന്യമായി നീക്കം ചെയ്തുകൊണ്ടുപോകുന്നതിനായി കണ്ണൂർ കേരള ക്ലെയ്സ് സെറാമിക് പ്രോഡക്റ്റ്സ് എന്ന സ്ഥാപനത്തിന് ദുരന്ത നിവാരണ നിയമം 2005 വകുപ്പ് 34 ഡി പ്രകാരം അനുമതി നൽകി. കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ദുരന്ത നിവാരണ ഫണ്ടിൽ നിന്നും 11,10,100 രൂപ അനുവദിച്ചതായും കളക്ടർ പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ദുരന്ത നിവാരണ ഡെപ്യൂട്ടി കളക്ടർ എം.എസ്. സാബു, ഡെപ്യൂട്ടി ഡി.എം.ഒ ഡോ.സി.എസ് നന്ദിനി, പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ അലിനി എ. ആന്റണി, ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ ഓഫീസർ വി.വിനോദ് കുമാർ, പത്തനംതിട്ട ഐ.എസ്.എച്ച്.ഒ: ന്യൂമാൻ, എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# ഡൽഹിയിൽ നിന്നുള്ള ആദ്യ ട്രെയിനിൽ പത്തനംതിട്ട ജില്ലക്കാരായ 85 പേർ എത്തി

**പത്തനംതിട്ട:** ലോക്ക് ഡൗണിനിടെ ഡൽഹിയിൽ നിന്നും കേരളത്തിലേക്ക് എത്തിയ ആദ്യ ട്രെയിനിൽ പത്തനംതിട്ട ജില്ലക്കാരായ 85 പേർ എത്തി. ഇന്ന്(മേയ് 15) പുലർച്ചെ തിരുവനന്തപുരം, എറണാകുളം സ്റ്റേഷനുകളിൽ ഇറങ്ങിയവരാണിവർ.

തിരുവനന്തപുരം സെൻട്രൽ റെയിവേ സ്റ്റേഷനിൽ 30 പുരുഷൻമാരും 31 സ്ത്രീകളും നാലു കുട്ടികളും ഉൾപ്പടെ പത്തനംതിട്ട ജില്ലക്കാരായ 65 പേരാണ് എത്തിയത്. ഇവരിൽ രോഗം ലക്ഷണങ്ങൾ പ്രകടിപ്പിച്ച ഒരാളെ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മറ്റൊരാളെ വർക്കലയിലെ കോവിഡ് കെയർ കേന്ദ്രത്തിൽ നിരീക്ഷണത്തിലാക്കി. 40 പേരെ രണ്ട് കെ.എസ്.ആർ.ടി.സി ബസുകളിലായി രാവിലെ പത്തനംതിട്ട ജില്ലാ സ്റ്റേഡിയലെത്തിച്ച് വിവരങ്ങൾ ശേഖരിച്ചു. ഇവരിൽ ഒരാളെ പത്തനംത്തിട്ട ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇവിടെ നിന്നും സ്വന്തം നിലയിൽ വീടുകളിൽ പോകാൻ കഴിയാതിരുന്നവരെ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ ആംബുലൻസുകളിൽ വീടുകളിൽ നിരീക്ഷണത്തിലാക്കി. മറ്റുള്ളവർ തിരുവനന്തപുരത്ത് നിന്ന് സ്വന്തം വാഹനങ്ങളിലും മറ്റും നേരിട്ട് വീടുകളിലേക്ക് പോയി. 65 പേരിൽ 62 പേരും വീടുകളിൽ കാറന്റൈനിലാണ്.

എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ നിന്നും 12 സ്ത്രീകളും എട്ട് പുരുഷൻമാരെയും ഉൾപ്പടെ 20 പേരെയാണ് കെ.എസ്.ആർ.ടി.സി ബസിൽ ഇന്ന്(മേയ് 15) രാവിലെ പത്തനംതിട്ടയിലെത്തിച്ചത്. ഇവർ 20 പേരും വീടുകളിൽ കാറന്റൈനിലാണ്. അതേസമയം ലക്ഷദ്വീപിൽ നിന്നും വ്യാഴാഴ്ച്ച മൂന്നു പേരാണ് ജില്ലയിൽ എത്തിയത്. കലഞ്ഞൂർ, പ്രമാടം, ആറന്മുള സ്വദേശികളാണിവർ. കൊച്ചി തുറമുടത്തുനിന്നും കെ എസ് ആർ ടി സി ബസിൽ കായംകുളം ബസ് സ്റ്റാന്റിൽ എത്തിച്ച ഇവരെ ആംബുലൻസിൽ ജില്ലയിലെത്തിച്ചു. എല്ലാവരും വീടുകളിൽ കാറന്റൈനിലാണ്.

## പന്തളം തോട്ടക്കോണം വി.എച്ച്.സി സ്കൂളിന് മൂന്ന് കോടി രൂപ ചിലവിൽ കെട്ടിടനിർമ്മാണം ആരംഭിച്ചു

**പന്തളം:** തോട്ടക്കോണം വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിനായി നിർമിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമാണോദ്ഘാടനം ചിറ്റയം ഗോപകുമാർ എം.എൽ.എ നിർവഹിച്ചു. സംസ്ഥാന സർക്കാരിന്റെ മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്നുകോടി രൂപാ ചെലവിലാണ് കെട്ടിടം നിർമിക്കുന്നത്. പന്ത്രണ്ടാം ക്ലാസ് മുറികളും സെമിനാർ ഹാളും ഉൾപ്പെടെ മൂന്ന് നിലകളിലായാണ് നിർമാണപ്രവർത്തനം പൂർത്തിയാകുക.

പന്തളം നഗരസഭാ ചെയർപേഴ്സൻ ടി.കെ സതി, വിദ്യാഭാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൻ ലസിത ടീച്ചർ, കൗൺസിലർ രാധാ രാമചന്ദ്രൻ, പ്രിൻസിപ്പൽ സാബു ജി. വർഗീസ്, പി.ടി.എ പ്രസിഡന്റ് ടി.എം പ്രമോദ് കുമാർ എന്നിവർ പങ്കെടുത്തു. ചിറ്റയം ഗോപകുമാർ എം.എൽ.എയുടെ ശ്രമഫലമായി കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി കരുനാഗപള്ളി സതേൺ ഇന്ത്യ കൺസ്ട്രക്ഷൻ കമ്പനിയാണ് നിർമാണപ്രവർത്തനങ്ങൾ ഏറ്റെടുത്തിരിക്കുന്നത്.

## ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച തുകയും ചെക്കുകളും മാത്യു ടി തോമസ് എംഎൽഎ കൈമാറി

**പത്തനംതിട്ട:** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തന്റെ കൈവശം ലഭിച്ച തുകയും ചെക്കുകളും മാത്യു ടി തോമസ് എംഎൽഎ ജില്ലാ കളക്ടർ പി.ബി നൂഹിന് കൈമാറി. 76,068 രൂപ തുകയായും 90,000 രൂപയുടെ ചെക്കായും ആകെ 1,66,068 രൂപയാണ് കൈമാറിയത്.

*സംഭാവന നൽകിയവരുടെ വിവരങ്ങൾ താഴെ:*

തലയാർ തൊണ്ടുക്കുഴിയിൽ ഐറിൻ അൽഫോൺസ ഷിബിയും ഐവിൻ ഈപ്പൻ ഷിബിയും ചേർന്ന് കുടുക്കയിൽ നിന്നും ശേഖരിച്ച 1067 രൂപ, പെരിങ്ങര പഞ്ചായത്ത് മൂന്നാം വാർഡ് മേപ്രാൽ തൊഴിലുറപ്പ് തൊഴിലാളികൾ സ്വരൂപിച്ച 10,000 രൂപ, പത്തനംതിട്ട ഓൾ കേരള ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ 10,001 രൂപ, ഖത്തർ കുടുംബാംഗങ്ങളായ തിരുവല്ല തുകലശ്ശേരി നടുക്കേ കല്ലൂർ ജോൺ തോമസ് 10,000 രൂപ, ആനിക്കാട് സെന്റ് തോമസ് മാർത്തോമ യുവജന സംഖ്യം 25,000 രൂപ, കുന്നന്താനം ഗ്രാമപഞ്ചായത്ത് എ.ഒ. ഉമയമ്മ(പാർട്ട്ടൈം ലൈബ്രറിയൻ) 10,000 രൂപ, നിരണം പുത്തൻപുരയിൽ ലത സന്തോഷ് 10,000 രൂപ, ടി.എസ്.സി. എംപ്ലോയീസ് ബോട്ടിലിംഗ് പ്ലാന്റിൽ നിന്നും 30,000 രൂപയുടെ ചെക്ക്, മല്ലപ്പള്ളി സഹൽ ചാരിറ്റബിൾ ആൻഡ് എഡ്യുക്കേഷണൽ സൊസൈറ്റിയിൽ നിന്നും 50,000 രൂപയുടെ ചെക്ക്, മുതിർന്ന മാധ്യമപ്രവർത്തകനായ തിരുവല്ല കാരയ്ക്കൽ പറമ്പത്ത് വീട്ടിൽ കെ. ഗോപകുമാർ 10,000 രൂപയുടെ ചെക്ക്.

## അഞ്ച് ഏക്കറിൽ കൃഷിചെയ്ത കപ്പ സൗജന്യമായി നൽകി യുവകർഷകൻ

**പത്തനംതിട്ട:** അഞ്ച് ഏക്കറിൽ കൃഷിചെയ്ത കപ്പ സൗജന്യമായി നൽകി യുവകർഷകൻ. പറക്കോട് ജോതിർഗമയയിൽ എസ്.കെ മനോജ് എന്ന യുവകർഷകനാണ് കൊട്ടത്തൂർ ഏലായിൽ കൃഷിചെയ്ത തന്റെ കാർഷിക വിള മുഴുവനായും ജനങ്ങൾക്ക് വിതരണം ചെയ്തത്. പറക്കോട്, ഏഴംകുളം, പുതുമല തുടങ്ങിയ പ്രദേശങ്ങളിലെ ആളുകൾക്ക് കപ്പ സൗജന്യമായി നൽകിയത്. വിതരണോദ്ഘാടനം ചിറ്റയം ഗോപകുമാർ എം.എൽ.എ, രാഷ്ട്രീയ പ്രതിനിധി കെ.പി ഉദയഭാനു എന്നിവർ ചേർന്ന് നിർവഹിച്ചു. ലോക്ക് ഡൗൺ സമയത്ത് തന്റെ വാർഡിലെ പാവങ്ങൾക്ക് പച്ചക്കറിയും പലവ്യഞ്ജനവും അടങ്ങിയ കിറ്റും മനോജ് സൗജന്യമായി വിതരണം ചെയ്തിരുന്നു.

## സ്വാമി വിവേകാനന്ദൻ യുവ പ്രതിഭാ പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു

**പത്തനംതിട്ട:** കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2019 ലെ സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരത്തിന് നിശ്ചിത ഫോറത്തിൽ അപേക്ഷ ക്ഷണിച്ചു. വ്യക്തിഗത അവാർഡിനായി 18 നും 40 നും മദ്ധ്യേ പ്രായമുള്ള യുവജനങ്ങൾക്ക് അപേക്ഷിക്കാം. സാമൂഹ്യ പ്രവർത്തനം, മാധ്യമ പ്രവർത്തനം (പ്രിന്റ് മീഡിയ), മാധ്യമ പ്രവർത്തനം (ദൃശ്യ മാധ്യമം), കല, സാഹിത്യം, ഫൈൻ ആർട്സ്, കായികം (വനിത), കായികം (പുരുഷൻ), ശാസ്ത്രം, സംരംഭകത്വം, കൃഷി എന്നീ മേഖലകളിൽ നിന്നും മികച്ച ഓരോ വ്യക്തിക്കുവീതം ആകെ 11 പേർക്കാണ് അവാർഡ് നൽക്കുന്നത്. അവാർഡിനായി സ്വയം അപേക്ഷ സമർപ്പിക്കുകയോ മറ്റൊരു വ്യക്തിയെ നാമനിർദേശം ചെയ്യുകയോ ചെയ്യാം. അതാത് മേഖലയിൽ വിദഗ്ധരുൾപ്പെടുന്ന ജൂറി അപേക്ഷകരുടെ പ്രവർത്തനങ്ങളെ വിലയിരുത്തിയാണ് ജേതാക്കളെ തെരഞ്ഞെടുക്കുന്നത്. അവാർഡിന് അർഹരാകുന്നവർക്ക് 50,000 രൂപയും പ്രശസ്തി പത്രവും പുരസ്കാരവും നൽകും.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത്/യുവ ക്ലബ്ബുകളിൽ നിന്നും അവാർഡിനായി അപേക്ഷകൾ ക്ഷണിച്ചു. ജില്ലാതലത്തിൽ തെരഞ്ഞെടുക്കുന്ന മികച്ച ക്ലബ്ബിന് 30,000 രൂപയും പ്രശസ്തി പത്രവും പുരസ്കാരവും നൽകും. ജില്ലാതലത്തിൽ അവാർഡിനർഹത നേടിയ ക്ലബ്ബുകളെയാണ് സംസ്ഥാനതലത്തിലെ അവാർഡിനായി പരിഗണിക്കുന്നത്. സംസ്ഥാന അവാർഡ് നേടുന്ന ക്ലബ്ബിന് 50,000 രൂപയും, പ്രശസ്തി പത്രവും പുരസ്കാരവും നൽകും. ഇതിനായുള്ള അപേക്ഷകൾ സമർപ്പിക്കുവാനുള്ള അവസാന തീയതി മേയ് 25 വരെ നീട്ടിയിട്ടുണ്ട്. മാർഗനിർദേശങ്ങളും അപേക്ഷ ഫോറവും അതാത് ജില്ലാ യുവജന കേന്ദ്രങ്ങളിലും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ വെബ് സൈറ്റിലും (www.skywb.kerala.gov.in) ലഭ്യമാണ്. ഫോൺ: 0471 2733139, 2733602, 2733777

## അപകടകാരിയായ കാട്ടുപന്നിയെ വനം വകുപ്പ് വെടിവച്ചു കൊന്നു

**പത്തനംതിട്ട:** കൃഷിനാശം വരുത്തുന്നതും ജീവഹാനി വരുത്തുന്നതുമായ കാട്ടുപന്നികളെ നിയമാനുസൃതം ഇല്ലായ്മ ചെയ്യുന്നതിനുള്ള സർക്കാർ ഉത്തരവ് പ്രകാരം കോന്നിയിൽ വനം വകുപ്പ് സ്ക്വാഡ് ഒരു പന്നിയെ വെടിവച്ചു കൊന്നതായി ഡിഎഫ്ഒ കെ.എൻ. ശ്യാം മോഹൻലാൽ അറിയിച്ചു. വ്യാഴാഴ്ച (14) രാത്രി 11.20 ന് അരുവാപ്പുലം സർക്കാർ തടി ഡിപ്പോയ്ക്കും, 1931 തേക്കു തോട്ടത്തിനും വടക്കുമാറി അരുവാപ്പുലം ശ്രീകൃഷ്ണ വിലാസം വെഞ്ചോലിൽ അനിതകുമാരിയുടെ ഉടമസ്ഥതയിലുള്ള റബ്ബർ തോട്ടത്തിനും കൃഷിയിടത്തിനും ഇടയിൽ 50 മീറ്റർ ഉള്ളിൽ കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ കോന്നി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ജെ.സി.സലിൻ ജോസിന്റെ നേതൃത്വത്തിലുള്ള സംഘം കണ്ടെത്തി വെടിയുതിർക്കുകയായിരുന്നു. യൂണിഫോമിലുള്ള ഉദ്യോഗസ്ഥനായ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ജെ.സി. സലിൻ ജോസിന്റെ തോക്കിൽ നിന്നു വെടിയേറ്റ അഞ്ചു വയസ് തോന്നിക്കുന്ന ഒരു പെൺ കാട്ടുപന്നി മരണപ്പെട്ടു. രാത്രി 7.30 ന് ഇവിടെ നിന്നു 300 മീറ്റർ മാറി സന്തോഷ് എന്ന ആളിന്റെ കൃഷിസ്ഥലത്ത് മറ്റൊരു കാട്ടുപന്നിയെ വെടിവച്ചെങ്കിലും ഒരു വെടിയേറ്റ ശേഷം അത് ഓടിപോയതായി കോന്നി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ അറിയിച്ചു.

# മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ആറന്മുള മണ്ഡലത്തിലെ 53 റോഡുകൾ

**ആറന്മുള:** മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ അനുവദിച്ച ആറന്മുള മണ്ഡലത്തിലെ ഇരവിപേരൂർ, കോയിപ്രം, തോട്ടപ്പുഴശേരി പഞ്ചായത്തുകളിലെ റോഡുകളുടെ നിർമാണ തയാറെടുപ്പുകൾ വീണാ ജോർജ് എംഎൽഎയുടെ അധ്യക്ഷതയിൽ കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ചേർന്ന യോഗം വിലയിരുത്തി. ആകെ 53 റോഡുകളാണ് ആറന്മുള മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

പദ്ധതിയിൽ ഉൾപ്പെട്ടതിൽ യോഗം വിലയിരുത്തിയ പഞ്ചായത്തുകൾ, റോഡുകൾ എന്ന ക്രമത്തിൽ: കോയിപ്രം പഞ്ചായത്ത്: ഉള്ളൂർക്കടവ് ചാത്തൻപാറ റോഡ്, പുള്ളിച്ചേരിൽപ്പടി പത്തിക്കിഴക്കേതിൽപ്പടി കത്തോലിക്കാപ്പള്ളി റോഡ്, കല്ലേലിവിള വില്ലുപടി കല്ലുപാലം റോഡ്, ഇലവുങ്കൽ ജംഗ്ഷൻ മേമനപ്പടി കുറവൻകുഴി ജംഗ്ഷൻ റോഡ്.

തോട്ടപ്പുഴശേരി പഞ്ചായത്ത്: ഇല്ലത്ത്പടി പൂഴിക്കുന്ന് റോഡ്, പാറക്കൂട്ടത്തിൽപടി നെല്ലിക്കാപറമ്പ് കോളനി റോഡ്, മാരാമൺ മാർത്തോമ്മ പള്ളിപടി മൂഴിയിൽ കലുങ്ക്പടി റോഡ്, ഓരത്ത്പടി ഹൈസ്കൂൾപടി റോഡ്, പരിത്തിമുക്ക് കള്ളിപ്പാറ വായനശാല റോഡ്, ഐഎൻഎസ് മുല്ലശേരിപടി റോഡ്, തേലപ്പുറത്ത് മുണ്ടകപ്പാടം റോഡ്, അരുവിക്കുഴി കുമ്പക്കുഴി റോഡ്. ഇരവിപേരൂർ പഞ്ചായത്ത്: വായനശാലപ്പടി കാരുവള്ളി ഇലഞ്ഞിമുറ്റം റോഡ്, പരുമൂട്ടിൽക്കടവ് പുതുക്കുളങ്ങര പഴയകാവ് റോഡ്, എണ്ണിക്കാട് സ്റ്റേഡിയം റോഡ്, റ്റി.കെ. റോഡ് ചേറ്റുകണ്ടം റോഡ്.

യോഗത്തിൽ ഇരവിപേരൂർ പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനിയർ അരുൺ കുമാർ, കോയിപ്രം പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനിയർ ഹരിലാൽ, തോട്ടപ്പുഴശേരി പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനിയർ അപ്പുകുട്ടൻ, വിൻസി മാത്യു എന്നിവർ പങ്കെടുത്തു.



# മകനെ രക്ഷിക്കാനുള്ള ശ്രമത്തിനിടെ അമ്മയും മുത്തശ്ശിയും ഷോക്കേറ്റ് മരിച്ചു

## ഏഴു വയസുകാരൻ അത്ഭുതകരമായി രക്ഷപ്പെട്ടു




**ചെങ്ങന്നൂർ :** പൊട്ടിവീണ വൈദ്യുത കമ്പിയിൽ നിന്നും ഷോക്കേറ്റ ഏഴു വയസുകാരനായ മകനെ രക്ഷിക്കാനുള്ള ശ്രമത്തിനിടെ അമ്മയും മുത്തശ്ശിയും ഷോക്കേറ്റ് മരിച്ചു. ഏഴു വയസുകാരൻ അത്ഭുതകരമായി. രക്ഷപ്പെട്ടു

ബുധനൂർ കടമ്പൂർ പടനശ്ശേരിയിൽ തങ്കപ്പന്റെ ഭാര്യ ഓമന (65), ഓമനയുടെ മകൻ സജിയുടെ ഭാര്യ മഞ്ജു 32 എന്നിവരാണ് മരിച്ചത്. മഞ്ജുവിന്റെ മകൻ സഞ്ജയ് ആണ് രക്ഷപെട്ടത്. വെള്ളിയാഴ്ച രാവിലെ പത്ത് മണിയോടെ ബുധനൂർ കടമ്പൂർ ജംഗ്ഷന് സമീപമായിരുന്നു സംഭവം. വീടിനോട് ചേർന് കടന്നു പോകുന്ന വൈദ്യുത ലൈനിലേക്ക് മരച്ചില്ല വീണതിനെ തുടർന്ന് പൊട്ടി വീണ കമ്പിയിൽ അറിയാതെ കയറിപ്പിടിച്ച മകനെ രക്ഷിക്കാനുള്ള ശ്രമത്തിനിടെയാണ് മഞ്ജുവിന് ഷോക്കേറ്റത്. ഷോക്കേറ്റ് പിടഞ്ഞ മഞ്ജുവിനെ രക്ഷിക്കാനുള്ള ശ്രമം നടത്തുന്നതിനിടെ ഓമനയ്ക്കും വൈദ്യുതാഘാതമേൽക്കുകയായിരുന്നു. ഇരുവരും സംഭവ സ്ഥലത്ത് വെച്ചു തന്നെ മരിച്ചു. അപകടത്തിൽ നിന്നും സാരമായ പൊള്ളലുകളോടെ പരുമലയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഓമനയുടെയും മഞ്ജുവിന്റെയും മൃതേഹങ്ങൾ പോസ്റ്റ് മോർട്ടം നടപടികൾക്കായി ആലപ്പുഴ മെഡിക്കൽ കോളേജിലേക്ക് മാറ്റി.

## സൗജന്യ ഭക്ഷ്യധാന്യ കിറ്റ് വിതരണം മെയ് 20 വരെ

**ആലപ്പുഴ:** സർക്കാർ ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പ് വഴി വിതരണം ചെയ്യുന്ന സൗജന്യ ഭക്ഷ്യധാന്യ കിറ്റുകളുടെ റേഷൻ കടകൾ വഴിയുള്ള വിതരണം മെയ് 20വരെ തുടരുമെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി പി തിലോത്തമൻ പറഞ്ഞു. ചേർത്തലയിൽ കഞ്ഞിക്കുഴിയിൽ പരിപാടിയിൽ പങ്കെടുക്കവേയാണ് മന്ത്രി ഇക്കാര്യം വിശദമാക്കിയത്. നിലവിൽ സൗജന്യ കിറ്റ് വിതരണം സുഗമമായി പുരോഗമിക്കുകയാണ്. എ.എ.വൈ, പി.എച്ച്.എച്ച്.(മഞ്ഞ,പിങ്ക്)കാർഡുടമകളുടെ കിറ്റ് വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. മുൻഗണനേതര വിഭാഗം സബ്സിഡി കാർഡുടമകൾക്കുള്ള (നീല കാർഡ്) ഭക്ഷ്യധാന്യ കിറ്റ് വിതരണം ജില്ലയിൽ മെയ് എട്ടുമുതൽ ആരംഭിച്ചു. ഇതും പൂർത്തീകരണത്തോടടുക്കുകയാണ്. നാലാം ഘട്ടത്തിലെ വെള്ള കാർഡ് ഉടമകൾക്കുള്ള കിറ്റ് വിതരണമാണ് ഇപ്പോൾ നടക്കുന്നത്. ഇവർക്കുള്ള സൗജന്യകിറ്റുകൾ വെള്ളിയാഴ്ച മുതലാണ് വിതരണം തുടങ്ങിയത്. വെള്ള കാർഡുകാർക്കും ഇതുവരെ കിറ്റ് വാങ്ങാൻ കഴിയാത്ത നീലകാർഡ് ഉടമകൾക്കും സൗജന്യ കിറ്റ് മെയ് 20വരെ റേഷൻ കടകളിൽ നിന്ന് വാങ്ങാം. അർഹതയുള്ള വാങ്ങാൻ കഴിയാത്തവർക്ക് പിന്നീട് സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴി കൃത്യമായ രേഖകൾ ഹാജരാക്കിയാൽ കിറ്റ് ലഭ്യമാക്കും.

## ആരോഗ്യസുരക്ഷാ ഉപകരണങ്ങളുമായി ഇൻഡസ് ഇൻഡ് ബാങ്ക്




**ആലപ്പുഴ :** ജില്ലയുടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഇൻഡസ് ഇൻഡ് ബാങ്കിന്റെ കൈത്താങ്ങ്. മെത്ത, ഐ വി സ്റ്റാൻഡ് എന്നിവയുൾപ്പെടെയുള്ള 100 ബെഡ്ഡുകൾ, ഇൻഡസ്ഇൻഡ് ബാങ്ക് പ്രതിനിധികൾ വെള്ളിയാഴ്ച കായംകുളത്ത് എല്ലെമൈക്സ് ഹോസ്പിറ്റലിൽ നടത്തിയ ചടങ്ങിൽ വച്ച് പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി സുധാകരന് കൈമാറി. കായംകുളം എംഎൽ എ അഡ്വക്കേറ്റ് യു.പ്രതിഭ അധ്യക്ഷത വഹിച്ചു. നേരത്തെ ആയിരം പി പി ഇ കിറ്റുകൾ ഇൻഡസ്ഇൻഡ് ബാങ്ക് ആലപ്പുഴ മാനേജർ സീനു കൃഷ്ണൻ ആലപ്പുഴ ജില്ലാ കളക്ടർ എം അഞ്ജനയ്ക്ക് കൈമാറിയിരുന്നു.

പിപിഇ കിറ്റുകൾ, മെത്തയും ഐ വി സ്റ്റാൻഡ് എന്നിവയുൾപ്പെടെയുള്ള കട്ടിലുകൾ എന്നിവയ്ക്കുപുറമേ മാസ്ക്കുകൾ, തെർമോ മീറ്ററുകൾ, പരിശോധനയ്ക്ക് ആവശ്യമായ ഗ്ലൗസുകൾ മുതലായവയാണ് ഇന്ഡസ് ഇൻഡ് ബാങ്ക് സൗജന്യമായി എത്തിച്ചു കൊടുത്തത്.

## വിവാഹത്തട്ടിപ്പു വീരൻ അഞ്ചാം വിവാഹത്തിന് ഒരുങ്ങുന്നതിനിടെ പിടിയിൽ

സ്വന്തം ലേഖകൻ



*വിവാഹത്തട്ടിപ്പ് കേസിൽ പിടിയിലായ മുഹമ്മദ് റഷീദ്*

**ആലപ്പുഴ:** പൊലീസിനെ വെല്ലുന്ന അന്വേഷണവുമായി മുൻ ഭാര്യ രംഗത്ത് എത്തിയതോടെ വിവാഹത്തട്ടിപ്പ് വീരൻ കുടുങ്ങി. കൊല്ലം ഉമയനെല്ലൂർ കിളിത്തട്ടിൽ വീട്ടിൽ മുഹമ്മദ് റഷീദ് (50) ആണ് പിടിയിലായത്. അഞ്ചാമത്തെ വിവാഹത്തിനായി ചിങ്ങോലിയിലെ യുവതിയുടെ വീട്ടിൽ എത്തിയപ്പോഴാണ് കരീലക്കുളങ്ങര പൊലീസ് ഇയാളെ അറസ്റ്റ് ചെയ്തത്. റഷീദിന്റെ നാലാമത്തെ ഭാര്യയായ തൃശൂർ ചാവക്കാട്, വടക്കേക്കാട് സ്വദേശിയായ യുവതിയാണ് പരാതിയുമായി കരീലക്കുളങ്ങര സ്റ്റേഷനിൽ എത്തിയത്. ഒന്നര വർഷം മുമ്പ് ഇവരെ വിവാഹം ചെയ്ത റഷീദ് എട്ട് പവന്റെ സ്വർണാഭരണങ്ങളും 70,000 രൂപയുമായി മുങ്ങിയിരുന്നു. ഇതു സംബന്ധിച്ച് വടക്കേക്കാട് പൊലീസ് സ്റ്റേഷനിലുള്ള കേസിലാണ് ഇയാളെ അറസ്റ്റ് ചെയ്തത്. പൊലീസിനെക്കാൾ മുമ്പേ ഇയാളുടെ നീക്കങ്ങൾ അറിഞ്ഞ നാലാമത്തെ ഭാര്യ മറ്റൊരു പെണ്ണു കൂടി ഇയാളുടെ വലയിൽ വീഴരുതെന്ന ഉദ്ദേശത്തോടെ ചിങ്ങോലിയിൽ എത്തുകയായിരുന്നു. തുടർന്ന് കരീലക്കുളങ്ങര സ്റ്റേഷനിൽ എത്തി നേരിട്ട് പരാതി നൽകിയാണ് റഷീദിനെ വീഴ്ത്താൻ കെണിയൊരുക്കിയത്. കൊട്ടിയം സ്വദേശിയെ ആദ്യം വിവാഹം ചെയ്ത ഇയാൾ പിന്നീട് പെരിന്തൽമണ്ണ, കോഴിക്കോട്, ചാവക്കാട് എന്നിവടങ്ങളിൽ നിന്നും വിവാഹം കഴിച്ചു. ഓൺലൈൻ വിവാഹ സൈറ്റുകളിലും മറ്റും പരതിയാണ് ഇയാൾ നിർധന കുടുംബങ്ങളിലെ സ്ത്രീകളെ വലവീശി പിടിച്ചിരുന്നത്. പണം തട്ടിയെടുത്ത ശേഷം നിസാര വഴക്കുകൾ ഉണ്ടാക്കി അകന്ന് മാറുന്ന ഇയാൾ പിന്നീട് വീണ്ടും വിവാഹം കഴിക്കുന്ന രീതിയാണ് തുടർന്ന് വന്നിരുന്നതെന്ന് പൊലീസ് പറഞ്ഞു. വസ്തു കച്ചവടക്കാരൻ, തുണി ബിസിനസ്, ലോറി ഉടമ, ഡ്രൈവർ തുടങ്ങിയ പല ജോലികൾ പറഞ്ഞാണ് റഷീദ് തട്ടിപ്പ് നടത്തി വന്നത്. കൊല്ലത്ത് ലോറി ഡ്രൈവറായി ജോലി ചെയ്യുകയാണെന്ന് പറഞ്ഞാണ് ഇയാൾ അഞ്ചാം വിവാഹത്തിന് ഒരുങ്ങിയത്. എന്നാൽ നാലാം ഭാര്യ പൊലീസിനോടൊപ്പം എത്തി കൈയ്യോടെ പിടികൂടിയതോടെ റഷീദിന്റെ പുതിയ പദ്ധതി പൊളിയുകയായിരുന്നു. മുൻപ് നടന്ന എല്ലാ വിവാഹങ്ങളുമായും ബന്ധപ്പെട്ട് ഇയാളുടെ പേരിൽ കേസുകളുണ്ടെന്ന് പൊലീസ് പറഞ്ഞു. കരീലക്കുളങ്ങര സിഐ എസ്.എൽ.അനിൽകുമാറിന്റെ നിർദ്ദേശാനുസരണം എസ്ഐ സഞ്ജീവ്കുമാറിന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. തുടർന്ന് പ്രതിയെ വടക്കേക്കാട് പൊലീസിന് കൈമാറി.

## എസ്.എൻ.ഡി.പി യോഗം 117 മത് സ്ഥാപിത ദിനത്തിൽ ലക്ഷം ഐക്യ ദീപം തെളിഞ്ഞു



**മാവേലിക്കര:** എസ്എൻഡിപി. യോഗത്തിന്റെ 117 മാത് ജന്മവാർഷിക ദിനാഘോഷത്തിന്റെ ഭാഗമായി ടി.കെ.മാധവൻ സ്മാരക മാവേലിക്കര യൂണിയനിലെ 50 ശാഖായോഗങ്ങളിൽ കുടുംബങ്ങളിലും, ശാഖാ ഗുരുക്ഷേത്രങ്ങളിലും, ഓഫീസുകളിലും ഒരു ലക്ഷം കോവിഡ് പ്രതിരോധ ഐക്യദാർഢ്യദീപം തെളിഞ്ഞു. യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശന്റെ നിർദ്ദേശപ്രകാരമാണ് യോഗം ജന്മദിനാഘോഷം ടി.കെ.മാധവൻ സ്മാരക മാവേലിക്കര യൂണിയൻ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ലളിതമായ ചടങ്ങുകളോടെ നടത്തിയത്. ടി.കെ. മാധവൻ സ്മാരക മാവേലിക്കര യൂണിയൻ ഓഫീസിൽ യൂണിയൻ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി കൺവീനർ അഡ്വ. സിനിൽ മുണ്ടപ്പള്ളി ദൈവദശകം പ്രാർത്ഥനയോട് പീത പതാക ഉയർത്തി. തുടർന്ന് യൂണിയൻ ഓഫീസിലെ യോഗം ജന്മദിന ചിരാതിലേക്ക് ഐക്യദാർഢ്യ ദീപം തെളിയിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. രാജൻ ഡ്രീംസ്, ഗോപൻ ആഞ്ഞിലിപ്രാ, സുരേഷ് പള്ളിക്കൽ, വിനു ധർമ്മരാജൻ, രാജീവ് ബോംബെ, പ്രസാദ് തുടങ്ങിയവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി. യൂണിയനിലെ എല്ലാ ശാഖായോഗങ്ങളിലും ശാഖാ ഭാരവാഹികൾ പീത പതാക ഉയർത്തി.

യൂണിയൻ ഓഫീസിലും, ശാഖായോഗ ഭവനങ്ങളിലും, ഗുരുക്ഷേത്രങ്ങളിലും 117 ഐക്യദാർഢ്യ ദീപം വീതം തെളിയിച്ചു. ശ്രീനാരായണ ഗുരുദേവൻ അനുവർത്തിച്ചുവന്ന പഞ്ചശുദ്ധിയിൽ അധിഷ്ഠിതമായ ജീവിത ശൈലിയിലൂടെ കോവിഡ് 19 നെ ചെറുത്ത് തോൽപ്പിക്കണമെന്ന് അഡ്വ.സിനിൽ മുണ്ടപ്പള്ളി പ്രവർത്തകരോട് ആഹ്വാനം ചെയ്തു .

## ജീവനക്കാർക്കായി ആലപ്പുഴ സിവിൽ സ്റ്റേഷനിലേക്ക് കെ.എസ്.ആർ.ടി.സി സർവീസ് 18 മുതൽ

**ആലപ്പുഴ:** സിവിൽ സ്റ്റേഷനിലേക്ക് ജീവനക്കാരെ എത്തിക്കുന്നതിനായി മെയ് 18 മുതൽ കെ.എസ്.ആർ.ടി.സി പ്രത്യേക ബസ് സർവീസ് നടത്തും. അരൂർ പള്ളി ഭാഗത്തുനിന്ന് രാവിലെ 8.30ന് ഒരു സർവീസ്, ചേർത്തല ബസ്റ്റാൻഡിൽ നിന്ന് 8.50,8.55,9.00,9.05 എന്നീ സമയങ്ങളിലുമാണ് സർവീസ്. തണ്ണീർമുക്കം ബസ്റ്റാൻഡിൽ നിന്ന് 9.00 മണിക്കും 9.05നും കിടങ്ങറ ബസ്റ്റാൻഡിൽ നിന്ന് 9.15നും കായംകുളം ബസ്റ്റാൻഡിൽ നിന്ന് 8.15 നും ഹരിപ്പാട് ബസ്റ്റാൻഡിൽ നിന്ന് 8.40,8.45,8.50,8.55 എന്നീ സമയങ്ങളിലുമാണ് ബസ്സ്. തകഴി ബസ്റ്റാൻഡിൽ നിന്ന് 8.45നും മാവേലിക്കര ബസ് സ്റ്റാൻഡിൽ നിന്ന് നങ്ങ്യാർകുളങ്ങര വഴി 8.20നും ഓരോ ബസ് സർവീസുകൾ ഉണ്ട്. ആലപ്പുുഴ സിവിൽ സ്റ്റേഷനിൽ നിന്ന് ഇവ തിരികെ 5.10ന് പുറപ്പെടും.

ജീവനക്കാർ മാസ്ക് ധരിക്കുകയും ഐഡന്റിറ്റി കാർഡ് കയ്യിൽ കരുതുകയും വേണം. സാമൂഹിക അകലം പാലിച്ചാണ് സീറ്റിലിരിക്കേണ്ടത്. ബസ് ചാർജിന്റെ ഇരട്ടിയാണ് നല്കേണ്ടത്

കേരള പ്രണാമം



## കുളിക്കാനിറങ്ങിയ യുവാവ് മുങ്ങിമരിച്ചു.

കോട്ടയം: പൂവത്തുമ്മൂട് തൂക്കുപാലത്തിനു സമീപം മീനച്ചിലാറ്റിൽ കുളിക്കാനിറങ്ങിയ യുവാവ് മുങ്ങിമരിച്ചു. ചാന്നാനിക്കാട് പൂവൻതുരുത്ത് കാലായിൽ ലൈവിയുടെയും മഞ്ജുവിന്റെയും മകൻ ഗൗതം ലൈവി (21) യാണ് മരിച്ചത്. ഇന്നലെ ഉച്ചയ്ക്ക് മൂന്നരയോടെയാണ് സംഭവം. പൂവത്തുമ്മൂട് സ്വദേശിയായ സുഹൃത്ത് അനന്തനുമൊപ്പമാണ് സമീപത്തെ മീനച്ചിലാറ്റിലെ കടവിൽ കുളിക്കാൻ ഇറങ്ങിയത്. നീന്താൻ ശ്രമിച്ച ഗൗതമിനെ കാണാതാകുകയായിരുന്നു. അനന്തന്റെ നിലവിളി കേട്ട് ഓടിയെത്തിയ നാട്ടുകാരിൽ ആറ്റിൽ തെരച്ചിൽ നടത്തിയെങ്കിലും ഫലമുണ്ടായില്ല. മൂന്നു മണിക്കൂർ നീണ്ട തെരച്ചിലിനൊടുവിൽ ആറരയോടെയാണ് അഗ്നിരക്ഷാ സേന മൃതദേഹം കണ്ടെത്തിയത്. മൃതദേഹം മെഡിക്കൽ കോളേജ് ആശുപത്രി മോർച്ചറിയിലേയ്ക്ക് മാറ്റി.

# ബാബു ചാഴികാടൻ സ്മാരകം നവീകരിച്ച് സംരക്ഷിക്കും: മോൻസ് ജോസഫ് എം.എൽ.എ



കോട്ടയം: 1991 മെയ് 15ന് ഏറ്റുമാനൂർ അസംബ്ലി മണ്ഡലത്തിലെ യു.ഡി.എഫ് സ്ഥാനാർത്ഥിയായിരിക്കെ വാരിമുട്ടത്ത് വച്ച് തിരഞ്ഞെടുപ്പ് പ്രചരണത്തിനിടയിൽ ഇടിമിന്നലേറ്റ് മരിച്ച യൂത്ത്ഫ്രണ്ട് (എം) മുൻ സംസ്ഥാന പ്രസിഡന്റ് ബാബു ചാഴികാടന്റെ സ്മൃതി മണ്ഡപം കേരളാ കോൺഗ്രസ് (എം) നവീകരിച്ച് സംരക്ഷിക്കുമെന്ന് മോൻസ് ജോസഫ് എം.എൽ.എ പറഞ്ഞു.

കേരളാ കോൺഗ്രസ് (എം) കോട്ടയം ജില്ലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ജില്ല പ്രസിഡന്റ് സജി മഞ്ഞക്കടമ്പിലിന്റെ നേതൃത്വത്തിൽ വാരിമുട്ടത്തെ സ്മൃതി മണ്ഡപത്തിങ്കൽ നടത്തിയ പുഷ്പാർച്ചനയും, അനുസ്മരണയും നടത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം.

ബാബുവിന്റെ ജീവിതവും മാതൃകാപരമായ പ്രവർത്തനങ്ങളും വിദ്യാർത്ഥി, യുവജന നേതക്കൾക്ക് എന്നും പ്രചോധനം നൽകുമെന്നും മോൻസ് അനുസ്മരിച്ചു.

ചടങ്ങിൽ പാർട്ടി നേതാക്കളായ അഡ്വ:മൈക്കിൾ ജയിംസ്, അഡ്വ: ജയിസൺ ജോസഫ്, ജോൺ ജോസഫ്, ഷിജു പാറയിടുക്കിൽ,പി. സി. പൈലൊ, സാബു പീടികയ്ക്കൽ, മജീഷ് കൊച്ചുമലയിൽ, മാത്യു പൊടിമറ്റം, ജോമോൻ ഇരുപ്പക്കാട്ടിൽ തുടങ്ങിയവർ പങ്കെടുത്തു. രാവിലെ 7.30 ന് ബാബു ചാഴികാടൻ അന്ത്യവിശ്രമം കൊള്ളുന്ന അരീക്കര സെന്റ് റോക്കീസ് പള്ളി കബറിടത്തുങ്കൽ കേരളാ കോൺഗ്രസ് (എം) ന്റെ അഭിമുഖ്യത്തിൽ പ്രാർത്ഥനയും നടന്നു.

## കേന്ദ്ര പാക്കേജിൽ പാവപ്പെട്ടവരെ അവഗണിച്ചു: ഉമ്മൻ ചാണ്ടി

കോട്ടയം: കൊവിഡ് പ്രതിസന്ധിക്കിടെ കഴിഞ്ഞ ദിവസം കേന്ദ്രസർക്കാർ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജിനെതിരെ കോൺഗ്രസ് നേതാവ് ഉമ്മൻ ചാണ്ടി. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക ഉത്തേജക പാക്കേജിൽ രാജ്യത്തെ പാവപ്പെട്ടവരെ അവഗണിച്ചെന്ന് ഉമ്മൻ ചാണ്ടി ആരോപിച്ചു. പാക്കേജിൽ തൊഴിലുറപ്പ് പദ്ധതിയെ ശക്തിപ്പെടുത്താനുള്ള ഒരു ശ്രമങ്ങളും ഇല്ലെന്നും ഉമ്മൻചാണ്ടി കൂട്ടിച്ചേർത്തു.

ഈ പ്രതിസന്ധിക്കിടെ കേന്ദ്ര സർക്കാറിന്റെ വരുമാനത്തിൽ നിന്ന് ചെലവ് വരാതിക്കാൻ പ്രത്യേകം ശ്രദ്ധിച്ചുള്ള പാക്കേജാണിത്. കേന്ദ്രം വായ്പകൾ നൽകി എല്ലാം ബാങ്കുകളുടെ ചുമലിൽ വയ്ക്കുകയാണെന്നും ഉമ്മൻ ചാണ്ടി കുറ്റപ്പെടുത്തി. മറ്റ് ഉത്തരവാദിത്വങ്ങളെല്ലാം അതാത് സംസ്ഥാനങ്ങൾക്കാണ് കേന്ദ്രം നൽകിയതെന്നും അദ്ദേഹം പറഞ്ഞു.

ഇപ്പോൾ ക്രൂഡ് ഓയിൽ വില കുറഞ്ഞ സാഹചര്യത്തിൽ പെട്രോൾ ഡീസൽ വില വർധനവിലൂടെ രണ്ട് ലക്ഷം കോടിയിലധികം കേന്ദ്ര ഖജനാവിലേക്കെത്തി. ഇത് ജനങ്ങൾക്ക് നൽകേണ്ട ആനുകൂല്യങ്ങളായിരുന്നുവെന്നും എന്നാൽ ഇത് ജനങ്ങൾക്ക് കേന്ദ്രം നൽകിയില്ലെന്നും അദ്ദേഹം പറഞ്ഞു.

കേന്ദ്ര സർക്കാർ പിൻതുടരുന്ന അതേ നയമാണ് സംസ്ഥാന സർക്കാരും സ്വീകരിക്കുന്നത്. ബജറ്റിന് പുറമേ ഒന്നും സർക്കാർ ചെലവാക്കുന്നില്ല. 20000 കോടിയുടെ പാക്കേജ് കൊവിഡ് വ്യാപനസമയത്ത് കേരളം പ്രഖ്യാപിച്ചു. എന്നാൽ ഇതിൽ ഏറിയപങ്കും കുടിശ്ശിക തീർക്കാനുള്ള പണമാണെന്നും ഉമ്മൻചാണ്ടി കുറ്റപ്പെടുത്തി.

## ഡൽഹിയിൽ നിന്നെത്തിയത് 75 പേർ; രണ്ടു പേർ നിരീക്ഷണ കേന്ദ്രത്തിൽ

**കോട്ടയം:** ന്യൂഡൽഹി-തിരുവനന്തപുരം രാജധാനി എക്സ്പ്രസ് ട്രെയിനിൽ ഇന്നലെ പുലർച്ചെ എറണാകുളത്ത് എത്തിയത് കോട്ടയം ജില്ലയിൽ നിന്നുള്ള 75 പേർ.

ഇവരിൽ 19 പേർ എറണാകുളത്തു നിന്നുതന്നെ സ്വകാര്യ വാഹനങ്ങളിൽ വീടുകളിലേക്ക് പോയി. 56 പേരെ രണ്ടു കെ.എസ്.ആർ.ടി.സി ബസുകളിൽ പുലർച്ചെ 4.45ന് കോട്ടയം കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻറിൽ എത്തിച്ചു. ഇവിടെനിന്നും ഏതാനും പേർ സ്വകാര്യ വാഹനങ്ങളിൽ സ്വദേശത്തേക്ക് പോയി. വീട്ടിൽ സമ്പർക്കം ഒഴിവാക്കി താമസിക്കാൻ സൗകര്യമില്ലാത്ത രണ്ടു പേരെ നിരീക്ഷണ കേന്ദ്രമായി പ്രവർത്തിക്കുന്ന മഹാത്മഗാന്ധി സർവ്വകലാശാലാ ഹോസ്റ്റലിൽ എത്തിച്ചു. ശേഷിച്ചവരെ മൂന്ന് കെ.എസ്.ആർ.ടി.സി ബസുകളിൽ വീടുകളിലേക്കയച്ചു.

കടുത്തുരുത്തി-വൈക്കം, കറുകച്ചാൽ-ചങ്ങനാശേരി, പാലാ-ഈരാറ്റുപേട്ട റൂട്ടുകളിലാണ് ബസുകൾ പോയത്.

ഡെപ്യൂട്ടി തഹസിൽദാർമാരായ ജോർജ് കുര്യൻ, ജോസ് കെ. തോമസ് നഗരസഭാ ജൂണിയർ ഹെൽത്ത് ഇൻസ്പെക്ടർ വി. വിജയകുമാർ എന്നിവർ നടപടികൾക്ക് നേതൃത്വം നൽകി. വീടുകളിലേക്ക് പോയവർക്ക് 14 ദിവസം ഹോം ക്വാറൻറയിനിൽ കഴിയുന്നതിന് നിർദേശം നൽകി.

## കേരളത്തിൽ എത്തിയ കോട്ടയം ജില്ലക്കാരുടെ വിവരങ്ങൾ

കോട്ടയം: മറ്റു സംസ്ഥാനങ്ങളിൽനിന്ന് അതിർത്തി ചെക് പോസ്റ്റുകൾ വഴി കേരളത്തിൽ എത്തിയ കോട്ടയം ജില്ലക്കാരുടെ വിവരങ്ങൾ. പാസ് വിതരണം ചെയ്തു തുടങ്ങിയ ദിവസം മുതൽ ഇന്ന് (മെയ് 15) രാവിലെ 11.30 വരെയുള്ളത്.ചെക് പോസ്റ്റുകൾ കടന്നവർ -2485,ഇതുവരെ നൽകിയ പാസുകൾ-3445,ഇനിപരിഗണിക്കാനുള്ള അപേക്ഷകൾ-1219, വിവിധ ചെക് പോസ്റ്റുകളിലൂടെ വന്നവർ-ആര്യങ്കാവ്- 177 ,കുമളി-835 ,വാളയാർ- 912, മുത്തങ്ങ- 147 ,മഞ്ചേശ്വരം-346 ഇഞ്ചിവിള - 68.

## സിഐടിയു പ്രതിഷേധം

കോട്ടയം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ സംരക്ഷണവും സുരക്ഷയും ഉറപ്പാക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണമെന്ന് ആവശ്യപ്പെട്ട് സിഐടിയു നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി കേന്ദ്രസർക്കാർ ഓഫീസുകൾക്ക് മുന്നിൽ പ്രതിഷേധം സംഘടിപ്പിച്ചു. സിഐടിയു കേന്ദ്രകമ്മിറ്റിയുടെ ആഹ്വാനപ്രകാരം, ശാരീരിക അകലം പാലിച്ചായിരുന്നു പ്രതിഷേധം.



*ലോക് ഡൗണിനെ തുടർന്ന് അടച്ചിട്ട ഷാപ്പുകൾ തുറന്നതോടെ മദ്യം വാങ്ങാനെന്നിയവരുടെ നീണ്ട നിര കോട്ടയം അതിരമ്പുഴ ഷാപ്പിൽ നിന്നുള്ള കാഴ്ച*

# ക്വാറൻറയിൻ പൂർത്തിയാക്കി അവർ കർമ്മരംഗത്തേക്ക്; കരുതലിന് മാതൃകയായി കാസാ മരിയ

കോട്ടയം: വീണ്ടും ജോലിയിൽ പ്രവേശിക്കാൻ തയ്യാറായാണ് എല്ലാവരും മടങ്ങുന്നത്. മികച്ച താമസ സൗകര്യവും ഭക്ഷണവും ലഭിച്ചതിന് ജില്ലാഭരണകൂടത്തിനും മെഡിക്കൽ കോളേജ് അധികൃതർക്കും ഇവിടുത്തെ വൈദികർക്കും നന്ദി' - പേരൂർ കാസാ മരിയ സെൻററിൽനിന്ന് പുറപ്പെടും മുമ്പ് ഡോ. മുരളീകൃഷ്ണൻ പറഞ്ഞു.

കോട്ടയം മെഡിക്കൽ കോളേജിലെ അനസ്തേഷ്യ വിഭാഗം മേധാവിയായ ഇദ്ദേഹത്തിൻറെ നേതൃത്വത്തിലുള്ള ആരോഗ്യ പ്രവർത്തകരുടെ സംഘം കാസർകോട് ജില്ലയിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ പടെുത്തശേഷം മെയ് ഒന്നു മുതൽ ഇവിടെ ക്വാറൻറയിനിൽ കഴിയുകയായിരുന്നു.

നിരീക്ഷണ കാലം അവസാനിക്കുന്നതിനോടനുബന്ധിച്ച് നടത്തിയ സാമ്പിൾ പരിശോധനാ ഫലം നെഗറ്റീവായ സാഹചര്യത്തിലായിരുന്നു മടക്കം. മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ. ടി.കെ. ജയകുമാറും, ആർ.എം.ഒ ആർ.പി രഞ്ജിനും ഇവരെ കൂട്ടിക്കൊണ്ടു പോകാൻ എത്തി. കാസ മരിയ സെൻററിലെ ഫാ. ജോബി വട്ടക്കുന്നേൽ, ഫാ. സജി മുതിരേന്തിക്കൽ, ഫാ. ഷാജി പല്ലാട്ടുമഠത്തിൽ എന്നിവർക്ക് നന്ദി പറഞ്ഞാണ് എല്ലാവരും വാഹനത്തിൽ കയറിയത്.

ജില്ലയിൽ ആദ്യം പ്രവർത്തനമാരംഭിച്ച കോവിഡ് നിരീക്ഷണ കേന്ദ്രമായ കാസ മരിയ സെൻററിൽ നാലു വിദേശ പൗരൻമാർ താമസിക്കുമ്പോഴാണ് മെഡിക്കൽ കോളേജ് സംഘം എത്തിയത്. വിദേശികളും ഇവിടെ ഏർപ്പെടുത്തിയ ക്രമീകരണങ്ങളിൽ സംതൃപ്തി അറിയിച്ചാണ് മടങ്ങിയത്.



നിരീക്ഷണ കേന്ദ്രത്തിൽ നിന്നും കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിയ മെഡിക്കൽ സംഘത്തെ ജില്ലാ കളക്ടർ പി.കെ. സുധീർ ബാബുവിൻറെ നേതൃത്വത്തിൽ സ്വീകരിച്ചു. ജില്ലാ പോലീസ് മേധാവി ജി. ജയദേവ്, എ.ഡി.എം അനിൽ ഉമ്മൻ, മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ. ടി.കെ. ജയകുമാർ, പ്രിൻസിപ്പൽ ഡോ. കെ.പി. ജയകുമാർ, ആർ.എം.ഒ ഡോ. ആർ.പി. രഞ്ജിൻ, സാംക്രമിക രോഗ ചികിത്സാ വിഭാഗം മേധാവി ഡോ. സജിത്കുമാർ, നഴ്സിംഗ് ഓഫീസർ ഇന്ദിര സന്നിഹിതരായിരുന്നു. കാസർകോട്ടെ അനുവഭങ്ങൾ ഡോ. മുരളീകൃഷ്ണൻ പങ്കുവച്ചു. അവധി പൂർത്തിയായ ശേഷം സംഘാംഗങ്ങൾ 25ന് ജോലിയിൽ പ്രവേശിക്കും.

## ചില്ലുമറ തകർന്നു

കൂരാലി : പനമറ്റം മുഹിയദ്ദീൻ ജുമാ മസ്ജിദിന്റെ മുകളിലത്തെ നിലയിലെ ചില്ലുമറ കാറ്റിൽ തകർന്നു വീണു. ഇന്നലെ വൈകിട്ടുണ്ടായ ശക്തമായ കാറ്റിലും മഴയിലുമാണ് ഫ്രെയിമടക്കം ചില്ലുകൾ തകർന്നത്.





# മാസ്കും ജനകീയ ഹോട്ടലും ഉപ്പുതറയിലെ കുടുംബശ്രീ വനിതകൾ

ഉപ്പുതറ: ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ വനിതകൾ ലോക് ഡൗണിലും ജനക്ഷേമ പ്രവർത്തനങ്ങളിൽ കർമ്മനിരതരാണ്. കോവിഡ് പ്രതിരോധത്തിനായി പഞ്ചായത്തിലെ മുഴുവൻ വീടുകളിലേയ്ക്കും നൽകാനുള്ള മാസ്ക് തയ്ച്ച് നല്കിയും ജനകീയ ഹോട്ടലാരംഭിച്ചും ഇവർ പ്രവർത്തന സജ്ജരാണ്.

ഉപ്പുതറ ഗ്രാമപഞ്ചായത്തിലെ 18വാർഡുകളിലെയും എല്ലാവീടുകളിലും മാസ്കുകൾ നൽകുന്നതിനാണ് മാസ്ക് നിർമ്മാണ ചുമതല, ഗ്രാമ പഞ്ചായത്ത്, കുടുംബശ്രീയെ ഏൽപിച്ചത്. കഴുകി ഉപയോഗിക്കാവുന്ന തരത്തിൽ മാസ്ക് നിർമ്മിക്കാൻ നിലവാരമുള്ള തുണി കുടുംബശ്രീ തന്നെ അംഗങ്ങൾക്ക് വാങ്ങി നല്കി. ഇതുപയോഗിച്ച് വിവിധ കുടുംബശ്രീകളിൽ നിന്നുള്ള ഇരുപതോളം അംഗങ്ങൾ നിർമ്മിച്ചത് 11000 മാസ്കുകൾ ആണ്. മാസ്ക്കൊന്നിന് പത്ത് രൂപ നിരക്കിൽ പഞ്ചായത്ത് കുടുംബശ്രീക്ക് പ്രതിഫലം നല്കും. മാസ്കുകൾ സിഡിഎസ് ചെയർപേഴ്സൺ ബിന്ദു സജീവ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. സത്യന് കൈമാറി. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷീല രാജൻ, സെക്രട്ടറി എ. ശ്രീധരൻ എന്നിവർ പങ്കെടുത്തു.

വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ഒരു വീട്ടിൽ 4 മാസ്ക് എന്ന രീതിയിൽ വിതരണം ചെയ്തു. കോവിഡ് പ്രതിരോധ ഭാഗമായുള്ള ലോക്ക് ഡൗൺ കാരണം ജോലിക്ക് പോകാൻ കഴിയാതെ വീടുകളിൽ കഴിയുന്ന കുടുംബശ്രീ വനിതകൾക്ക് ഒരു വരുമാനമാർഗ്ഗംകണ്ടെത്താൻ മാസ്ക് നിർമ്മാണത്തിലൂടെ സാധിച്ചതായി സിഡിഎസ് ചെയർപേഴ്സൺ ബിന്ദു സജീവ് പറഞ്ഞു.

കേരള സർക്കാർ ആവിഷ്കരിച്ച വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ കുടുംബശ്രീയുമായി ചേർന്ന് ആരംഭിച്ച സമർപ്പിതാ ജനകീയ ഹോട്ടലിന്റെ പ്രവർത്തനവും കുടുംബശ്രീ വനിതകളുടെ ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീ അംഗങ്ങളായ സ്വപ്നബിനു, സബിത രാജു, മഞ്ജു മനോജ്, റെജി മണിക്കുട്ടൻ എന്നിവരാണ് ജനകീയ ഹോട്ടലിന്റെ അമരക്കാർ. ഉപ്പുതറ ടൗണിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജനകീയ ഹോട്ടലിൽ ഊണിന് 20 രൂപയാണ് ഈടാക്കുന്നത്.

കോവിഡ് സാഹചര്യത്തിൽ പാർസലായി നല്കുന്ന ഊണിന് 25 രൂപയാണ്. വാടകയും വൈദ്യുതി ചാർജും വെള്ളവും ഗ്രാമപഞ്ചായത്ത് നൽകും. പ്രത്യേക സബ്സിഡിയോടെ അരി, സപ്ലൈകോ മുഖേന സർക്കാരിൽ നിന്ന് ലഭിക്കും.

ജനകീയ ഹോട്ടലിന്റെ ഉദ്ഘാടനം ഉപ്പുതറ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ. സത്യൻ നിർവഹിച്ചു.

വൈസ് പ്രസിഡന്റ് ഷീല രാജൻ, സിഡി എസ് ചെയർ പേഴ്സൺ ബിന്ദു സജീവ്, പഞ്ചായത്തംഗങ്ങളായ പ്രമീള രാഘവൻ, ബ്ലസി ആൽബർട്ട്, സെക്രട്ടറി എ.ശ്രീധരൻ തുടങ്ങിയവർ പങ്കെടുത്തു.




*ഉപ്പുതറ ഗ്രാമപഞ്ചായത്തിൽ വീടുകളിൽ വിതരണത്തിനായികുടുംബശ്രീ മുഖേന നിർമ്മിച്ച മാസ്കുകൾ സിഡിഎസ് ചെയർപേഴ്സൺ ബിന്ദുസജീവ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. സത്യന് കൈമാറുന്നു.*

## മാലിന്യനീക്കം പുനരാരംഭിച്ചു

**ഇടുക്കി :** കോവിഡ്-19 സാഹചര്യത്തിൽ ലോക്ഡൗൺ പ്രഖ്യാപിച്ചതിനെ തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് നിർത്തി വെച്ചിരുന്ന മാലിന്യം ശേഖരണം പുനരാരംഭിച്ചു. ഗ്രാമ പഞ്ചായത്തുകളിലെ എംസിഎഫുകളിൽ ശേഖരിച്ചിരിക്കുന്ന പ്ലാസ്റ്റിക് അടിയന്തിരമായി നീക്കം ചെയ്യേണ്ടതിനാലാണ് നടപടി. വീടുകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ശേഖരിച്ച് സൂക്ഷിച്ചിരിയ്ക്കുന്നത് എംസിഎഫുകളിലാണ്. ഇവിടെ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്താൽ വീടുകളിൽ സൂക്ഷിച്ചിരിയ്ക്കുന്ന പ്ലാസ്റ്റിക് ഗ്രാമ പഞ്ചായത്തുകൾക്ക് എംസിഎഫുകളി എത്തിക്കുവാൻ സാധിക്കും. ഇതോടെ മാലിന്യനീക്കം സുഗമമാകും. ഇവിടെ നിന്നും ശേഖരിക്കുന്ന വൃത്തിയുള്ള പ്ലാസ്റ്റിക് വസ്തുക്കൾ ബ്ലോക്ക് പഞ്ചായത്ത് നെടിയശാലയിൽ പ്രവർത്തിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിൽ എത്തിക്കും. അവിടെനിന്നും ബെയിൽ ചെയ്തെടുക്കുന്ന പ്ലാസ്റ്റിക് റീസൈക്കിൾ ചെയ്ത് പുതിയ ഉൽപന്നമാക്കിമാറ്റും.

## തിങ്കളാഴ്ച മുതൽ സർക്കാർ ജീവനക്കാർക്കായി കൂടുതൽ ബസ്സുകൾ

**ഇടുക്കി :** തിങ്കളാഴ്ച മുതൽ സർക്കാർ ജീവനക്കാർക്കായി എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മണിക്ക് സർവീസ് അവസാനിക്കുന്ന സ്ഥലത്ത് എത്തിച്ചേരുന്ന വിധത്തിലും, വൈകുന്നേരം 5.10-ന് തിരികെയും ബസ് സർവ്വീസ് ആരംഭിക്കുന്നതിനുമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ ജില്ലാ കളക്ടർ ജില്ലാ ട്രാൻസ്പോർട്ട് ഓഫീസറോട് ആവശ്യപ്പെട്ടു. ബസുകളിൽ ഐഡന്റിറ്റി കാർഡ് പരിശോധിച്ച് ജീവനക്കാരെ മാത്രം കയറ്റുയുള്ളൂ. മൂന്ന് സീറ്റുകളുള്ള ഭാഗത്ത് രണ്ട് പേരെയും, രണ്ട് സീറ്റുകളുള്ള ഭാഗത്ത് ഒരാളെ മാത്രവുമേ ഇരുന്ന് യാത്ര ചെയ്യുവാൻ അനുവദിക്കൂ. നിന്ന് യാത്ര ചെയ്യാൻ പാടില്ല. ബസുകളിൽ യാത്ര ചെയ്യുന്ന എല്ലാവരും മാസ്ക് ധരിക്കേണ്ടതും, ബസിൽ കയറുന്നതിന് മുൻപായി സാനിറ്റൈസർ/ സോപ്പും, വെള്ളവും ഉപയോഗിച്ച് കൈകൾ ശുദ്ധീകരിക്കേണ്ടതുമാണ്.

# ഇനി ഭയക്കേണ്ട പനി ഡെങ്കി

ഡങ്കിപനി ഭീതിയിലാണ് കേരളം. രക്തത്തിലെ പ്ലേറ്റ്ലെറ്റ് കൗണ്ട് കുറഞ്ഞ് രക്തസ്രാവം നിയന്ത്രിക്കാതെ നിരവധിപേർ മരണത്തിന് കീഴടങ്ങുന്ന വാർത്തകളാണ് സോഷ്യൽമീഡിയ തുറ്നാൽ തന്നെ ആദ്യം മുന്നിലേക്ക് വരിക. പനി അതിന്റെ എല്ലാ രൂക്ഷഭാവങ്ങളോടും കൂടി തന്നെ പരന്നു പടിക്കുകയാണ്, ജനങ്ങൾ ഭീതിയിലും. ഈ പനിക്കാലത്ത് രോഗം വരാതെ നോക്കുകയും രോഗം പിടിപെട്ടാൽ കൃത്യസമയത്ത് ചികിത്സ തേടുകയുമാണ് വേണ്ടത്. പൊടിക്കൈകളും ഓൺലൈൻ ചികിത്സകളും പനി മാറ്റുമെന്ന വിശ്വാസത്തിൽ ഇരിക്കരുത്. പനിക്കുള്ള മരുന്നു നൽകുന്ന പുതിയ ചില ഡോക്ർമാരും ഓൺലൈൻ ചികിത്സയിൽ സുലഭമാണ്. ഇതാ അത്തരത്തിൽ പ്രചരിക്കുന്ന വാർത്തകളിലെ വ്യാജന്മാരെ തിരിച്ചറിയാം. പനി ചികിത്സയിൽ ശ്രദ്ധിക്കേണ്ട വസ്തുതകൾ തിരിച്ചറിയാതെ പോകരുത്.

**എന്താണ് ഡങ്കിപ്പനി?**

ഈഡിസ് ഈജിപ്റ്റി കൊതുകുകൾ പരത്തുന്ന ഡങ്കൂ വൈറസ് മൂലമുണ്ടാകുന്ന രോഗമാണ് ഡങ്കിപ്പനി. നമ്മുടെ നാട്ടിൽ കാണപ്പെടുന്ന വരയൻ കൊതുകുകൾ അഥവാ പുലിക്കൊതുകുകളാണിവ. കെട്ടിക്കിടക്കുന്ന ശുദ്ധജലത്തിലാണ് ഇത്തരം കൊതുകുകൾ മുട്ടയിട്ടു വളരുന്നത്. പകൽ സമയത്ത് മാത്രം മനുഷ്യരെ കടിക്കുന്ന സ്വഭാവക്കാരാണ് ഇവ. ഇടവിട്ടുള്ള പനി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഏത് പനിയും പകർച്ച പനിയാകാൻ സാധ്യതയുള്ളതിനാൽ സ്വയം ചികിത്സിക്കാതെ തുടക്കത്തിൽതന്നെ ഡോക്ടറുടെ സഹായം തേടേണ്ടതാണ്.ഡങ്കിപ്പനി പകരുന്നതെങ്ങനെ?

കാലാവസ്ഥാ വ്യതിയാനമാണ് കൊതുകുജന്യ രോഗമായ ഡങ്കിപ്പനി ഇപ്പോഴും വിട്ടുമാറാത്തതിന്റെ പ്രധാന കാരണം. രോഗമുള്ള ഒരാളെ കടിക്കുമ്പോൾ വൈറസുകൾ കൊതുകിന്റെ ഉമിനീർ ഗ്രന്ഥിയിലെത്തുകയും പിന്നീട് ആരോഗ്യമുള്ള മറ്റൊരാളെ കടിക്കുമ്പോൾ ഉമിനീർവഴി രക്തത്തിൽ കലർന്ന് രോഗമുണ്ടാക്കുകയും ചെയ്യുന്നു. കൊതുകുവഴി മാത്രമേ ഡങ്കിപ്പനി ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് പകരുകയുള്ളൂ. നാല് തരത്തിലുള്ള വൈറസുകൾ ഉള്ളതുകാരണമാണ് ഒരിക്കൽ രോഗം വന്നിട്ടുള്ളവർക്ക് വീണ്ടും ഈ രോഗം വരുന്നത്.

രോഗലക്ഷണങ്ങൾ



മുതിർന്നവരെയും കുട്ടികളെയും ഒരുപോലെ ബാധിക്കുന്ന രോഗമാണ് ഡങ്കിപ്പനി. ഡങ്കിപ്പനിയുടെ ലക്ഷണങ്ങൾ സാധാരണ വൈറൽപ്പനിയിൽ നിന്ന് വ്യത്യസ്തമല്ലാത്തതിനാൽ പലപ്പോഴും തിരിച്ചറിയാൻ വൈകുന്നു. പെട്ടെന്നുള്ള കനത്ത പനിയാണ് തുടക്കം. ആരംഭത്തിൽ തലവേദന, പേശിവേദന, വിശപ്പില്ലായ്മ, മനം പുരട്ടൽ, ഛർദി, ക്ഷീണം, തൊണ്ടവേദന, ചെറിയ ചുമ തുടങ്ങിയ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നു. ഈ രോഗലക്ഷണങ്ങൾ എല്ലാം തന്നെ സാധാരണ പനിയോട് സാമ്യമുള്ളവയാണ്.

അതിശക്തമായ നടുവേദന, കണ്ണിനു പുറകിൽ വേദന എന്നിവ ഡങ്കിപ്പനിയുടെ പ്രത്യേകതയാണ്. നാലഞ്ചു ദിവസത്തിനുള്ളിൽ ദേഹത്തങ്ങിങ്ങായി ചുവന്നു തിണർത്ത പാടുകൾ കാണാൻ സാധ്യതയുണ്ട്. കൗണ്ട് കുറയുന്നത് പ്രധാന കാരണം മരണത്തിലേക്ക് നീങ്ങും എന്നതാണ് ഡങ്കിപ്പനിയുടെ ഏറ്റവും വലിയ പ്രത്യേകത. അതിനാൽ ആരംഭത്തിൽതന്നെ ഡങ്കിപ്പനിയാണെന്ന് കണ്ടുപിടിച്ച് അടിയന്തിര വൈദ്യസഹായം ലഭ്യമാക്കേണ്ടതാണ്. കകൊതുകുകളെ നിയന്ത്രിക്കുകയാണ് ഏറ്റവും പ്രധാനം. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കണം. മാലിന്യങ്ങൾ നീക്കം ചെയ്ത് വെള്ളം കെട്ടിനിൽക്കുന്ന അവസ്ഥ പൂർണമായും ഒഴിവാക്കണം. വീടിനു ചുറ്റുമുള്ള ചിരട്ട, ടിൻ തുടങ്ങിയ സാധനങ്ങളിൽ വെള്ളം കെട്ടിക്കിടക്കാതെ കമഴ്ത്തിയിടണം. വെള്ളം സൂക്ഷിക്കുന്ന സംഭരണികൾ എല്ലാം തന്നെ അടച്ചുവയ്ക്കണം. കിണറുകൾ ക്ലോറിനേറ്റു ചെയ്യണം. ഇതുമൂലം ഈഡിസ് കൊതുകിന്റെ പ്രജനനം പൂർണമായും ഒഴിവാക്കുവാൻ കഴിയും.

**കൊതുകിനെ തുരത്താം ജീവൻ രക്ഷിക്കാം**

കൊതുകിൽ നിന്നും സംരക്ഷണം നേടുക എന്നതാണ് ഡങ്കിപ്പനിയുടെ ഏറ്റവും വലിയ സംരക്ഷണ മാർഗം. ഇക്കാര്യത്തിൽ ഡോക്ടർമാർ, ആരോഗ്യ പ്രവർത്തകർ, കൂട്ടിരുപ്പുകാർ, ബന്ധുക്കൾ തുടങ്ങിയ എല്ലാവരും വളരെയേറെ ശ്രദ്ധിക്കേണ്ടതുണ്ട്. ഡങ്കിപ്പനി ബാധിച്ചയാളെ കൊതുകുവലയ്ക്കുള്ളിൽ മാത്രം കിടത്തുവാൻ ശ്രദ്ധിക്കുക. ഇതിലൂടെ ആ രോഗിയെ കടിക്കുന്ന കൊതുക് മറ്റുള്ളവരിലേക്ക് രോഗം വ്യാപിപ്പിക്കുന്നത് പൂർണമായും തടയാനാകും. കുട്ടികളെ നിർബന്ധമായും കൊതുകുവലയ്ക്കുള്ളിൽ തന്നെ കിടത്തണം.

**കൊതുകു കടിയിൽ നിന്നും രക്ഷ നേടാൻ**

കൊതുകുവല ഉപയോഗിക്കുക. വീടിനുപുറത്തു കിടന്നുറങ്ങാതിരിക്കുക. കൈകളും കാലുകളും നന്നായി മൂടുന്ന വസ്ത്രം ധരിക്കുക. കൊതുകുതിരികൾ, തൊലിപ്പുറത്ത് പുരട്ടുന്ന ലേപനങ്ങൾ, ഈതൈൽ ടൊളുവാമൈഡ് കലർന്ന ക്രീമുകൾ എന്നിവയെല്ലാം കൊതുകു കടിയിൽ നിന്നും ഒരു പരിധിവരെ സംരക്ഷണം നൽകും.

**ധാരാളം വെള്ളം കുടിക്കുക**

ചെറിയ പനി വന്നാൽ പോലും ഡങ്കിപ്പനിയുടെ ലക്ഷണമെന്നു തോന്നിയാൽ ധാരാളം പാനീയങ്ങൾ കുടിക്കാൻ കൊടുക്കുക. പനി കുറയുന്നതിനുള്ള മരുന്ന് കൊടുത്തതിനു ശേഷം എത്രയും പെട്ടെന്ന് ആശുപത്രിയിൽ വിദഗ്ധ ചികിത്സ തേടുക

## തീറ്റപ്പുൽക്കൃഷി അപേക്ഷ ക്ഷണിച്ചു

ഇടുക്കി : പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനു ക്ഷീരവികസനവകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന തീറ്റപ്പുൽക്കൃഷിയ്ക്ക് അപേക്ഷ ക്ഷണിച്ചു. പദ്ധതിയുടെ ഭാഗമായി സബ്സിഡിയോടു കൂടിയ തീറ്റപ്പുൽക്കൃഷി, ഇറിഗേഷൻ അസിസ്റ്റൻസ്, യന്ത്രവൽക്കരണം, ചോളം കൃഷി, തരിശു നിലത്തിൽ പുൽക്കൃഷി, ഫോഡർ കൾട്ടിവേഷൻ & മാർക്കറ്റിംഗ് ബൈ വിമൻ ഗ്രൂപ്പ് (ഗോപാലിക ) തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. താല്പര്യമുള്ള ക്ഷീര കർഷകർ 2020 മെയ് 20 നു മുൻപ് അപേക്ഷ സമർപ്പിക്കേ ണം

## റേഷൻ കടകളിൽ സാനിട്ടറൈസർ നിർബന്ധം


ഇടുക്കി : ഭക്ഷ്യ കിറ്റുകളും റേഷൻ സാധനങ്ങളും വാങ്ങുന്നതോടൊപ്പം ഉപഭോക്താക്കൾ സുരക്ഷിതത്വവും ഉറപ്പാക്കണം. ഇതിനായി റേഷൻ കടകളിലെത്തുന്ന ഉപഭോക്താക്കൾ ബയോമെട്രിക് സംവിധാനത്തിൽ വിരലമർത്തുന്നതിന് മുൻപ ് കോവിഡ് പ്രതിരോധ, മുൻകരുതലെന്ന നിലയിൽ സാനിട്ടറൈസർ ഉപയോഗിച്ച് കൈകൾ ശുചീകരിക്കണം. എല്ലാ റേഷൻ കടകളിലും സാനിട്ടറൈസർ ലഭ്യമാക്കിയിട്ടുണ്ട്. ലഭിച്ചില്ലയെങ്കിൽ ഉപഭോക്താക്കൾ ചോദിച്ചു ങ്ങേണ്ടതാണ്.രിക്കാൻ

കേരള പ്രണാമം

രാഹുകാലം : 09.00 to 10.30 am
ഗുളികകാലം : 06.00 to 07.30 am
യമകണ്ടകകാലം : 01.30 to03.00pm
സുഹർ: 12.11 അസർ: 3.31 മഗ്‌രിബ്: 6.00
ഇശാഅ്: 7.13 സുബ്ഹി: 5.09 ഉദയം: 6.22

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച



സ്വയം കണ്ടെത്താനുള്ള ഏറ്റവും നല്ല മാർഗം മറ്റുള്ളവരുടെ സേവനത്തിൽ സ്വയം നഷ്ടപ്പെടുക എന്നതാണ്.

മഹാത്മാ ഗാന്ധി

## സാമ്പത്തിക വിസ്ഫോടനത്തിന് ഇനി പലതും ചെയ്യണം

കോവിഡ് പ്രതിസന്ധി പരിഹരിക്കാൻ 20 ലക്ഷം കോടിയുടെ സാമ്പത്തിക ഉത്തേജക പാക്കേജ് ഈ വർഷം നടപ്പാക്കുമെന്ന പ്രധാനമന്ത്രിയുടെ പ്രഖ്യാപനം യാഥാർത്ഥ്യമാകണമെങ്കിൽ വളരെ ദൂരം കേന്ദ്ര സർക്കാർ പോകേണ്ടതുണ്ടെന്ന് സാമ്പത്തിക വിദഗ്ദ്ധർ ചൂണ്ടി കാണിക്കുന്നു. സാമ്പത്തിക വിസ്ഫോടനത്തിന് കോർക്കുന്ന രാജ്യം പ്രഖ്യാപിച്ചിട്ടുള്ള ബ്രഹത് പാക്കേജ് എത്രത്തോളം യാഥാർത്ഥ്യമാകുമെന്നും എങ്ങനെ പണം വിനിയോഗിക്കുമെന്നും സസൂക്ഷ്മം വീക്ഷിക്കേണ്ടത് ഉണ്ട്. കോവിഡ്രോഗകാലം പാടേ തളർത്തിയ രാജ്യമാണ് ഇന്ത്യ. പ്രതിസന്ധിയിൽ തളർന്നചിറകുകളിലേയ്ക്ക് നവ ഊർജ്ജം പകരാൻ യുദ്ധസമാനമായ നടപടികൾ കേന്ദ്രസർക്കാർ സ്വീകരിക്കേണ്ട്ത് ഉണ്ട്. 1991 ൽ നരസിംഹറാവു, 2008ൽ മൻമോഹൻസിംഗും ഇന്ത്യൻ സാമ്പത്തികാവസ്ഥയെ പുനർജ്ജീവിപ്പിക്കാൻ എടുത്ത പോലെയുള്ള പ്രതിസന്ധി പരിഹാരമാർഗ്ഗങ്ങൾ ആണ് ഇപ്പോൾ സ്വീകരിക്കേണ്ടത് എന്ന് സാമ്പത്തിക ശാസ്ത്രജ്ഞൻമാർ പറയുന്നു. പ്രധാനമന്ത്രി രാജീവ് ഗാന്ധി കൊല്ലപ്പെട്ടശേഷം അധികാരത്തിൽ വന്ന നരസിംഹറാവുവിന്റെ 44 അംഗമന്ത്രിസഭ ഉദാരവത്ക്കരണപ്രക്രീയയുടെ ഭാഗമായും 2008 ൽ ലോകമാന്ദ്യതയുടെ സമയത്ത് മൻമോഹൻസിംഗും സ്വീകരിച്ച സാമ്പത്തിക പരിഷ്ക്കാരങ്ങൾ ഫലപ്രദമായിരുന്നു.അന്നത്തെ പോലെ സമ്പത്ത് ഘടനയ്ക്ക് അടിയന്തരശസ്ത്രക്രീയയാണ് ഇന്ന് വേണ്ടത് .സ്വയം പര്യാപ്തത എന്ന അടിസ്ഥാന തത്വം ആവർത്തിക്കുകവഴി പുതിയ ഒരു ദിശാബോധം നരേന്ദ്രമോദി ഉത്തജക പാക്കേജിൽ പറഞ്ഞിരുന്നെങ്കിലും ധനമന്ത്രി നിർമ്മലാ സീതാരാമൻ വിശദാംശങ്ങൾ പ്രഖ്യാപിച്ചപ്പോൾ പ്രധാനമന്ത്രിയുടെ പ്രഖ്യാപനത്തിന്റ ആവേശം ചോർന്ന് പോയതായി ആക്ഷേപം ഉയരുന്നു. കുതിക്കുന്ന സമ്പദ് വ്യവസ്ഥ , ആധുനിക അടിസ്ഥാന സൗകര്യങ്ങൾ വികസനത്തിന് സാങ്കേതിക വിദ്യാധിഷ്ഠിത സംവിധാനം ഊർജ്ജസ്വല ജനസമ്പത്ത് വാങ്ങൽ വിഭവശേഷി എന്നിവയിൽ ഊന്നിയാണ് സ്വയം സ്വയം പര്യാപ്തയുടെ അടിസ്ഥാന ശിലകൾ നിൽക്കുന്നത്.സ്വന്തം വീട്ടിലെത്താൻ ദിവസങ്ങളോളം കാൽ നടയായി പോകുന്ന അതിഥി തൊഴിലാളികളിൽ 400 ൽ അധികം പേർ പട്ടിണിയിലും , പരിവട്ടത്തിലും അപകടങ്ങളിലും മറ്റ് ഒരു തുണയില്ലാതെ മരിച്ചത് ഇന്ത്യയുടെ നൊമ്പരങ്ങൾ ആണ്. ഭക്ഷണം കിട്ടാതെ പൈപ്പ് വെള്ളവും പഴവും കഴിച്ച് യാത്രചെയ്ത പാവപ്പെട്ടതൊഴിലാളികൾ ആണ് മാതൃസംസ്ഥാനത്തേയ്ക്ക് പലായനം ചെയ്യുമ്പോൾ പലരീതിയിൽ കൊല്ലപ്പെട്ടത്. അതിഥി തൊഴിലാളികൾക്കായി രണ്ട് മാസത്തെ സൗജന്യ റേഷനും , എവിടേയും ഉപയോഗിക്കാവുന്ന റേഷൻ കാർഡും നൽകിയത് നന്നായി. ഇടത്തരക്കാർക്കുള്ള ഭവന വായ്പയും സബ്സിഡിയും ഒരു വർഷത്തേയ്ക്ക് നീട്ടിയതും ഉചിതമായി. ചെറുകിട കർഷകർ, വഴിയോരകച്ചവടക്കാർ എന്നിവർക്ക് 2.46 ലക്ഷം കോടി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇതെല്ലാം നല്ല നടപടികളാണ് .

> സാധാരണക്കാരുടേയും നിർധനരുടേയും കൈയ്യിൽ പണം എത്താനുള്ള ഒരുനടപടിയും പ്രഖ്യാപനങ്ങളിൽ കാണുന്നില്ലെന്ന് മാത്രമല്ല അല്പം ഉള്ളത് ശക്തവുമല്ല .

ലോക്ഡൗൺ തിങ്കളാഴ്ചമുതൽ 4ാംഘട്ടത്തിലേയ്ക്ക് കടക്കുമ്പോൾ വൻ പ്രതീക്ഷയാണ് ജനങ്ങൾക്ക് ഉള്ളത്. രാജ്യത്തെ സമ്പത്ത് വ്യവസ്ഥയെ കരകയറ്റാൻ അധിക ദൂരം പോകേണ്ടതിനൽ ഇനിയും കുറേ ഏറെ നടപടികൾ കേന്ദ്രസർക്കാർ എടുക്കേണ്ടതുണ്ട്. അതിനുള്ള പ്രഖ്യാപനങ്ങൾ ഒന്നും ഉണ്ടായിട്ടില്ലെന്നുള്ളത് പോരായ്മയാണ്. രാജ്യത്ത് തൊഴിലിന്റെ വലിയ ഒരു പങ്ക് ചെറുകിട-ഇടത്തരം വ്യവസായങ്ങളിലാണ് ചെറുകിട സംരംഭങ്ങളുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ സംവിധാനങ്ങൾ വേണംഎന്നും സംസ്ഥാനങ്ങൾക്ക് മതിയായ പണം നല്കണം എന്നും പതിനഞ്ചാം ധനകാര്യ കമ്മീഷൻ സാമ്പത്തിക ഉപദേശകസമിതി ചൂണ്ടി കാണിച്ചിരുന്നെങ്കിലും അതിന് വലിയ ബലം കാണുന്നില്ല. ചെറുകിടകാർക്ക് ഈടില്ലത്ത വായ്പനല്കിയത് കൊണ്ട് മാത്രം കാര്യമായില്ല . എംഎസ്എംഇ വായ്പയിൽ പോരാ . പണം ലഭ്യത അടിയന്തിര ആവശ്യമാണ് വികസനങ്ങൾക്കും മറ്റും സംസ്ഥാനങ്ങൾക്ക് ധാരാളം പണം ആവിശ്യമുള്ളപ്പോൾ അവർ കേന്ദ്രത്തെയാണ് ആശ്രയിക്കുന്നത്. കേന്ദ്രത്തിൽനിന്ന് 40 ശതമാനം പണം എങ്കിലും സംസ്ഥാനങ്ങൾക്ക് നല്കേണ്ടത് ഉണ്ട്. പക്ഷെ കേന്ദ്രപാക്കേജിൽ ചെറുവിരൽ പോലുംഅനക്കിയിട്ടില്ല.

ഭൂനിയമങ്ങൾ ഉദാരമാക്കലും , തൊഴിലാളികൾക്കായുള്ള ലേബർനിയമങ്ങളും ഉത്തേജകപാക്കേജിൽ പ്രാധാന്യമുള്ളതാണ് ലേബർകോഡ് പരിഷ്ക്കാരത്തിൽ മുറുകെ പിടിച്ച് നിൽക്കുന്ന കേന്ദ്രസർക്കാർനയം പാക്കേജിന് തിരിച്ചടിയാകും .ഭൂനിയമങ്ങൾ ഉദാരമാക്കി വ്യവസായസംരംഭത്തിന് ഊന്നൽ കൊടുക്കണം. പരിഷ്ക്കരണ നടപടികൾ പ്രത്യാഘാതം ഉണ്ടാക്കാതെ നോക്കണം . തൊഴിലാളികളുടെ അവകാശത്തെ ചൂഷണം ചെയ്താൽ സമരനിരതന്നെ ഉണ്ടാകും

സാധാരണക്കാരുടേയും നിർധനരുടേയും കൈയ്യിൽ പണം എത്താനുള്ള ഒരുനടപടിയും പ്രഖ്യാപനങ്ങളിൽ കാണുന്നില്ലെന്ന് മാത്രമല്ല അല്പം ഉള്ളത് ശക്തവുമല്ല . ബാങ്കുകൾക്കും സ്ഥാപനങ്ങൾക്കുമാണ് പണം കിട്ടുന്നത് പുതിയതായി വരുന്ന ചെറുകിട വ്യവസായ സംരംഭകർക്ക് അവസരം നല്കുന്നില്ല. നിലവിലുള്ള വായ്പകൾക്ക് മൊറട്ടോറിയം ഇല്ലാത്തത് പോരായ്മയാണ്. കേന്ദ്രം ബജറ്റിലെ ചെറിയ തുകമാത്രമേ ഇപ്പോൾ പുറത്തേയ്ക്ക് എടുക്കുന്നുള്ളൂ. ബാങ്കുകൾ വായ്പകൊടുക്കാൻ മടികാണിക്കുന്നു.,കേന്ദ്രം അവർക്ക് നല്കുന്ന തുക ആർബിഐയിൽ അടച്ച് പലിശവാങ്ങാനാണ് ബാങ്കുകളുടെ ശ്രമം ഇതൊക്കെയാണെങ്കിലും കർഷകർക്ക് നല്കിയ ആനുകൂല്യങ്ങൽ നല്ലത് തന്നെ സാമ്പത്തികമേഖലയെ പുതിയ പാക്കേജ് തളർത്തുമോ, വളർത്തുമോ വഴിയേ നമുക്ക് കാണാം.

# Kerala's rock star health minister

## ആരോഗ്യമന്ത്രിയെ പ്രശംസിച്ച് ദ ഗാർഡിയൻ



കോവിഡ് പ്രതിരോധത്തിൽ ആരോഗ്യമന്ത്രി കെ.കെ ശൈലജയെ പ്രശംസിച്ച് ബ്രിട്ടീഷ് മാധ്യമം. കേരളത്തിന്റെ റോക്ക് സ്റ്റാർ ആരോഗ്യമന്ത്രി ഏത് വിധമാണ് മഹാമാരിയെ പ്രതിരോധിക്കുന്നതിൽ മാതൃകാപരമായ വഴി സ്വീകരിച്ചതെന്നാണ് ലേഖനത്തിൽ പറയുന്നത്.
രാജ്യത്ത് തന്നെ മികച്ച രീതിയിൽ ആരോഗ്യരംഗത്ത് ഇടപെടുന്ന കെ.കെ ശൈലജക്ക് കൊറോണ വൈറസിന്റെ അന്തകയെന്ന വിശേഷണമാണ് പലരും നൽകിയിരിക്കുന്നതെന്ന് ലേഖനത്തിൽ ചൂണ്ടിക്കാട്ടുന്നു. വുഹാനിൽ വൈറസ് സ്ഥിരീകരിച്ച തൊട്ടടുത്ത ദിവസം തന്നെ ആരോഗ്യമന്ത്രി സംസ്ഥാനത്ത് വേണ്ട നടപടികൾ സ്വീകരിച്ചു. ജനുവരി ഇരുപതിനാലിന് തന്നെ സംസ്ഥാനത്ത് കണ്ട്രോൾ റൂം തുറന്നു. മൂന്ന് ദിവസത്തിന് ശേഷം, ജനുവരി ഇരുപത്തി ഏഴിനാണ് കേരളത്തിൽ ആദ്യമായി കോവിഡ് സ്ഥിരീകരിക്കുന്നത്. വുഹാനിൽ നിന്നും എത്തിയ വിദ്യാർഥിക്കായിരുന്നു രോഗം ആദ്യമായി സ്ഥിരീകരിച്ചത്.
അപ്പോഴേക്കും ലോകാരോഗ്യ സംഘടനയുടെ മാർഗ നിർദേശപ്രകാരമുള്ള പരിശോധനാ രീതികളും പ്രതിരോധ മാർഗങ്ങളും സംസ്ഥാനത്ത് നടപ്പിലാക്കിയിരുന്നുവെന്നും ഗാർഡിയൻ റിപ്പോർട്ട് ചെയ്യുന്നു.
മഹാമാരിക്ക് നാല് മാസത്തിന് ശേഷവും, അഞ്ഞൂറിൽപരം കേസുകളാണ് കേരളത്തിൽ റിപ്പോർട്ട് ചെയ്തത്. നാല് പേർ മരിച്ചു. എന്നാൽ ബ്രിട്ടനിലും അമേരിക്കയിലും നാൽപ്പതിനായിരവും എൻപതിനായിരവും മരണങ്ങളാണ് യഥാക്രമം ഇക്കാലയളവിലുണ്ടായത്. പലയിടത്തും സമൂഹവ്യാപനം ഉണ്ടായെന്നും ലേഖനത്തിൽ ചൂണ്ടിക്കാട്ടി. ഒന്നേമുക്കാൽ ലക്ഷം പേരെയാണ് തുടക്കത്തിൽ സംസ്ഥാനത്ത് ക്വാറന്റയിനിൽ പ്രവേശിപ്പിച്ചത്. അതിനിടെ രാജ്യത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ചു. പിന്നീട് സംസ്ഥാനത്തെ ക്വാറന്റയിനിലുള്ളവരുടെ എണ്ണം ഇരുപതിനായിരത്തിലേക്ക് എത്തി. ഇക്കാലയളവിൽ തന്നെ ഒന്നര ലക്ഷത്തോളം വരുന്ന അതിഥി തൊഴിലാളികളുടെ കാര്യത്തിലും സംസ്ഥാനം ശ്രദ്ധ നൽകിയെന്നും മന്ത്രിയെ ഉദ്ധരിച്ച് ഗാർഡിയൻ പറഞ്ഞു. നിപ കാലത്തെ കേരളത്തിന്റെ അപരാജിത പോരാട്ടവും, അതേ കുറിച്ച് മലയാളത്തിൽ തന്നെ ഇറങ്ങിയ വൈറസ് ചിത്രത്തെ കുറിച്ചും ലേഖനത്തിൽ പരാമർശമുണ്ട്.

# കോവിഡിനെതിരായ പോരാട്ടം ഇന്ത്യയുടെ പങ്ക് നിർണായകം

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് നന്ദി പറഞ്ഞ് ബിൽ ഗേറ്റ്സ്. ഇരുവരും തമ്മിൽ വീഡിയോ കോൺഫറൻസിലൂടെ നടത്തിയ കൂടിക്കാഴ്ച്ചയ്ക്ക് ശേഷമായിരുന്നു ബിൽ ഗേറ്റ്സിന്റെ പ്രതികരണം. കോവിഡിനെതിരെയുള്ള ആഗോള സഹകരണത്തിന്റെയും വാക്സിൻ വികസിപ്പിച്ചെടുക്കുന്നതിന്റെയും ആവശ്യകതയെ കുറിച്ചാണ് ഇരുവരും സംസാരിച്ചത്. ഇന്ത്യക്ക് നിർണായകമായ പങ്കാണ് ഇക്കാര്യത്തിൽ വഹിക്കാനുള്ളത്. അതിലൂടെ സാമൂഹികസാമ്പത്തിക ആഘാതങ്ങൾ കുറയ്ക്കാൻ സാധിക്കുമെന്നും ബിൽ ഗേറ്റ്സ് പറഞ്ഞു. നേരത്തെ ഇന്ത്യ മികച്ച രീതിയിലാണ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയതെന്ന് ബിൽ ഗേറ്റ്സ് പറഞ്ഞു.
വീഡിയോ കോൺഫറൻസിൽ മോദിയും ബിൽ ഗേറ്റ്സും ആഗോള ശ്രമങ്ങൾക്ക് സംഭാവന നൽകാനുള്ള ഇന്ത്യയുടെ ശ്രമങ്ങളെ കുറിച്ചാണ് സംസാരിച്ചത്. ഇന്ത്യ ഏത് തരത്തിലാണ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയതെന്നും മോദി ബിൽ ഗേറ്റ്സിനോട് വിശദീകരണം. ആഗോള തലത്തിൽ കൊറോണയ്ക്കെതിരെ നടക്കുന്ന ഏതൊരു ശ്രമത്തിലും ഇന്ത്യ ഉണ്ടാവേണ്ടത് അത്യാവശ്യമാണെന്ന് ഗേറ്റ്സ് പറഞ്ഞു. വാക്സിൻ ഉൽപ്പാദനത്തെ കുറിച്ചെല്ലാം മോദിയുമായി സംസാരിച്ചെന്നും ബിൽ ഗേറ്റ്സ് പറഞ്ഞു. അതേസമയം ആഗോള തലത്തിൽ കൊറോണ വാക്സിൻ കണ്ടെത്താനുള്ള ശ്രമങ്ങളിലാണ് ബിൽ ഗേറ്റ്സ് ഫൗണ്ടേഷൻ. ഇത് ക്ലിനിക്കൽ ട്രയൽ ഘട്ടത്തിലാണ്.



അതേസമയം ഇന്ത്യയിൽ ഗിലിയഡിന്റെ റെംഡിസിവിർ മരുന്നിനുള്ള പേറ്റന്റ് പിൻവലിക്കണമെന്ന് രണ്ട് ആരോഗ്യ ഗ്രൂപ്പുകൾ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇത് കൂടുതൽ രോഗികളിലേക്ക് എത്തിക്കുന്നതിന് വേണ്ടിയാണ്. ഇതിലൂടെ ദരിദ്ര രാജ്യങ്ങളിലേക്കും കൂടുതലായി മരുന്ന് എത്തിക്കാൻ സാധിക്കും. ഗിലിയഡിന് മൂന്ന് പേറ്റന്റുകളാണ് ഇന്ത്യയിൽ ഉള്ളത്. 2009 മുതലുള്ളതാണ് ഇത്. ജനറിക് മരുന്ന് നിർമാതാക്കളാണ് ഇത്തരം മരുന്നുകൾ നിർമിക്കാറുള്ളത്. എന്നാൽ പലപ്പോഴും നിലവാരം കുറഞ്ഞവയാണ് ലഭിക്കാറുള്ളത്. ഇതുവരെ കോവിഡിനെ പ്രതിരോധിക്കാനായി അംഗീകരിക്കപ്പെട്ട ഏക മരുന്നാണ് റെംഡിസിവിർ. അമേരിക്കയിൽ ഈ മരുന്ന് വിജയകരമായി പരീക്ഷിച്ചിരുന്നു.
ഇന്ത്യയും പാകിസ്താനുമായി മരുന്ന് ഉൽപ്പാദിപ്പിക്കാനുള്ള കരാറിൽ നേരത്തെ ഗിലിയഡ് ഒപ്പുവെച്ചിരുന്നു. നോൺ എക്സ്ക്ലൂസിവ് കരാറാണ് ഇത്. ഇതിലൂടെ ഇവർക്ക് രണ്ട് പേർക്കും 127 രാജ്യങ്ങളിലേക്ക് ഈ മരുന്ന് വിൽപ്പനയ്ക്കായി കയറ്റി അയക്കാനാവും. അതേസമയം ദരിദ്ര രാജ്യങ്ങളിലടക്കം വില കുറഞ്ഞ് ഈ മരുന്ന് ലഭിക്കാനിടയില്ലെന്ന് ആരോഗ്യ ഗ്രൂപ്പുകൾ പറയുന്നു. കാരണം ഇത് ലാഭകരമല്ല. 2035 വരെ ഇന്ത്യക്ക് ഈ മരുന്ന് നിർമിക്കാനും വിൽക്കാനും സാധിക്കും. ഈ മരുന്ന് വാങ്ങാനുള്ള സാധ്യത പലർക്കും കുറയുന്നു എന്നാണ് കരാറിനെ കുറിച്ചുള്ള പരാതി. ഏറ്റവും കുറഞ്ഞ വിലയിൽ എല്ലാവർക്കും ഇത് ലഭ്യമാക്കണമെന്നാണ് ആവശ്യം.

## കോവിഡ് പ്രതിസന്ധി: ഇന്ത്യക്ക് 100 കോടി ഡോളർ സഹായവുമായി ലോകബാങ്ക്

കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഇന്ത്യക്ക് വൻ സമ്പത്തിക സഹായം പ്രഖ്യാപിച്ച് ലോകബാങ്ക്. നൂറ് കോടി ഡോളറിന്റെ സഹായമാണ് ലോക ബാങ്ക് ഇന്ത്യക്ക് അനുവദിച്ചത്. ലോക വ്യാപകമായി 7500 കോടി ഡോളറിന്റെ പാക്കേജാണ് കൊറോണ വൈറസ് സൃഷ്ടിച്ച ആഘാതം നേരിടുന്നതിനായി ലോക ബാങ്ക് പ്രഖ്യാപിച്ചിരിക്കുന്നത്. ഇതിൻറെ ഭാഗമായാണ് ഇന്ത്യക്കുള്ള സഹായവും. സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനള്ള പദ്ധതികൾക്കാണ് തുക ഉപയോഗിക്കേണ്ട്.
400 ൽ അധികം സാമൂഹ്യ സുരക്ഷാ പദ്ധതികളെ സാങ്കേതിക തലത്തിൽ സമന്വയിപ്പിക്കാൻ ഈ സഹായം ഇന്ത്യയെ പ്രാപ്തരാക്കുമെന്ന് ലോക ബാങ്ക് വ്യക്തമാക്കി. പ്രധാനമായും നഗരങ്ങളിലെ കുടിയേറ്റ തൊഴിലാളികൾക്കുള്ള പദ്ധതികൾക്കാണ് തുക വിനിയോഗിക്കേണ്ടത്. ഗ്രാമീണരുടേത് എന്നത് പോലെ നഗരത്തിലെ ദരിദ്രരോടേയും സാമൂഹിക സുരക്ഷ ഉറപ്പു വരുത്തുന്നതിൽ ഈ പദ്ധതി നിർണായകമാകുമെന്ന് ഇന്ത്യയിലെ ലോകബാങ്ക് ഡയറക്ടർ ജുനൈദ് അഹമ്മദ് വ്യക്തമാക്കി. പുതിയ മാർഗ്ഗങ്ങൾ തേടുന്നതിൽ പ്രധാനമന്ത്രിയുടെ ആത്മനിർഭർ ദൗത്യം ഏറെ പ്രധാനപ്പെട്ടതാണെന്ന് ഞാൻ കരുതുന്നുവെന്നും അദ്ദേഹം വ്യക്തമാക്കുന്നു. കോവിഡ് കാലത്ത് ആരോഗ്യ മേഖലയിലെ ഇടപെടലുകൾക്കായിരുന്നു ലോക ബാങ്കിൻറെ ആദ്യ പദ്ധതി. ആ പദ്ധതിക്ക് 7500 കോടി ഡോളറായിരുന്നു ലോക ബാങ്ക് മാറ്റിവെച്ചത്. ഈ പദ്ധതിയുടെ ഭാഗമായ സമാനമായ തുക ഏപ്രിൽ നാലിനും ഇന്ത്യക്ക് ലഭിച്ചിരുന്നു.

## ആഘോഷിക്കാൻ ആരും ഇങ്ങോട്ടു വരേണ്ട; മുന്നറിയിപ്പുമായി ഗോവാ മുഖ്യമന്ത്രി

വിനോദ യാത്രികർക്ക് മുന്നറിയിപ്പുമായി ഗോവൻ മുഖ്യമന്ത്രി പ്രമോദ് സാവന്ത്. ആരും ആസ്വദിക്കാനായും ആഘോഷിക്കാനായും ഇങ്ങോട്ടു വരേണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. രാജ്യത്തെ ഏറ്റവും വലിയ വിനോദ സഞ്ചാര കേന്ദ്രമാണ് ഗോവ. ഒരുമാസത്തിന് ശേഷം വീണ്ടും സംസ്ഥാനത്ത് കോവിഡ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലാണ് മുഖ്യമന്ത്രി രംഗത്തെത്തിയത്. ഡൽഹിയിൽ നിന്ന് തിരുവനന്തപുരത്തേക്ക് സർവീസ് നടത്തുന്ന സ്പെഷ്യൽ ട്രെയിൻ ഗോവയിൽ നിർത്തരുതെന്നും അദ്ദേഹം റെയിൽവേയോട് ആവശ്യപ്പെട്ടു.
സംസ്ഥാനത്തേക്ക് യാത്ര ചെയ്തെത്തുന്ന എല്ലാവരും 14 ദിവസം ക്വാറന്റൈനിൽ പോകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മേയ് 16ന് ഗോവയിൽ എത്തുന്ന ട്രെയിനിൽ 720 പേരാണ് മഡ്ഗാവിൽ ഇറങ്ങാൻ ബുക്ക് ചെയ്തിരിക്കുന്നത്. ദില്ലിയിൽ നിന്ന് എത്തുന്നവർ ഗോവൻ ജനതക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കും. അവർ ഇവിടെയെത്തിയാൽ എന്ത് സംഭവിക്കുമെന്നതിൽ ഞങ്ങൾ ഉത്കണ്ഠാകുലരാണ്. എല്ലാവരോടും ഹോം ക്വാറന്റൈനിൽ പോകാൻ ആവശ്യപ്പെടും.
പക്ഷേ അവർ അങ്ങനെ ചെയ്യുമെന്ന് ഞങ്ങൾക്ക് തോന്നുന്നില്ല. അതുകൊണ്ട് തന്നെ ട്രെയിനിന് ഗോവയിൽ സ്റ്റോപ്പ് അനുവദിക്കരുതെന്ന് റെയിൽവേയോട് ആവശ്യപ്പെടുകയാണ്'.പ്രമോദ് സാവന്ത് മാധ്യമങ്ങളോട് പറഞ്ഞു. കോവിഡ് മുക്തമായ സംസ്ഥാനമായിരുന്നു ഗോവ. എന്നാൽ. വ്യാഴാഴ്ച എട്ടുപേർക്കാണ് ഗോവയിൽ കൊവിഡ് 19 സ്ഥിരീകരിച്ചത്. സംസ്ഥാനത്തിന് പുറത്തുനിന്നെത്തിയവർക്കാണ് രോഗം സ്ഥിരീകരിച്ചത്. അതേസമയം സ്റ്റോപ്പ് റദ്ദാക്കാനുള്ള അറിയിപ്പ് ലഭിച്ചിട്ടില്ലെന്ന് കൊങ്കൺ റെയിൽവേ അധികൃതർ വ്യക്തമാക്കി.



## പ്രവാസികൾക്ക് 14 ദിവസം സർക്കാർ നിരീക്ഷണം കർശനമെന്ന് കേന്ദ്രസർക്കാർ

പ്രവാസികൾക്ക് ഏർപ്പെടുത്തേണ്ട ക്വാറന്റൈൻ കാലാവധിയിൽ കർശന നിർദേശവുമായി കേന്ദ്രസർക്കാർ. കൊറോണ പ്രതിരോധത്തിനായി നിരീക്ഷണ കാലാവധി തീരുമാനിക്കേണ്ടത് സംസ്ഥാന സർക്കാരല്ലെന്നും വിദേശത്തുനിന്നെത്തുന്ന പ്രവാസികൾക്ക് 14 ദിവസം നിർബന്ധിത സർക്കാർ നിരീക്ഷണമാണ് വേണ്ടതെന്നും കേന്ദ്ര സർക്കാർ ഹൈക്കോടതിയെ അറിയിച്ചു. കേന്ദ്രസർക്കാർ തുടക്കത്തിൽ തന്നെ 14 ദിവസം നിരീക്ഷണം എന്ന നിർദേശം മുന്നോട്ടു വച്ചിരുന്നു. എന്നാൽ, വാർത്താസമ്മേളനത്തിനിടെ ഈ നിർദേശം ഏഴു ദിവസമാക്കി മുഖ്യമന്ത്രി പിണറായി വിജയൻ മാറ്റിയിരുന്നു.ഇതിനെതിരേ പ്രതിഷേധവും ഉയർന്നിരുന്നു.

ഇതിനിടെയാണു പ്രവാസികളുടെ നിരീക്ഷണം സംബന്ധിച്ച കേസ് ഹൈക്കോടതിയിൽ എത്തിയത്. അന്നും പ്രവാസികളുടെ ക്വാറന്റൈൻ കാലാവധി സംബന്ധിച്ച് സംസ്ഥാന സർക്കാർ വ്യത്യസ്ത നിലപാട് ആവർത്തിച്ചു. വിദേശത്ത് നിന്നെത്തുന്ന എല്ലാവർക്കും പതിനാല് ദിവസത്തെ ക്വാറന്റൈൻ നിർബന്ധമാണെന്നാണ് കേന്ദ്രം അന്നു ഹൈക്കോടതിയെ അറിയിച്ചത്. റാപ്പിഡ് ടെസ്റ്റ് നടത്തി നെഗറ്റീവ് റിസൽട്ടുമായി വരുന്നവർക്ക് 14 ദിവസത്തെ ക്വാറന്റൈൻ നിർബന്ധമല്ലെന്നായിരുന്നു കേരളത്തിന്റെ നിലപാട്.

മടങ്ങിയെത്തുന്ന പ്രവാസികളുടെ കാര്യത്തിൽ കേന്ദ്ര ആരോഗ്യമന്ത്രാലയം പുറപ്പെടുവിച്ച് മാർഗ നിർദ്ദേശം കർശനമായി പാലിക്കണമെന്നാണ് കേന്ദ്രം ഹൈക്കോടതിയെ അറിയിച്ചത്. ഇക്കാര്യത്തിൽ ഇളവ് തേടി കേരളം കേന്ദ്ര സർക്കാറിനെ സമീപിച്ചിട്ടുണ്ടെങ്കിലും ഇത് വിദഗ്ധ നിർദ്ദേശത്തിനായി വിട്ടിരിക്കുകയാണെന്നും, അപേക്ഷ ആരോഗ്യ മന്ത്രായലത്തിന്റെ പരിഗണനയിൽ ആണെന്നും അന്ന് ഹൈക്കോടതിയെ കേന്ദ്ര സർക്കാർ അറിയിച്ചു.

എന്നാൽ ഗൾഫിൽ നിന്ന് റാപ്പിഡ് ടെസ്റ്റ് നടത്തി നെഗറ്റീവ് റിസൾട്ടുമായി വരുന്നവർക്ക് 14 ദിവത്തെ സർക്കാർ നിരീക്ഷണം ആവശ്യമില്ലെന്ന് കേരളം ഹൈക്കോടതിയിൽ നിലപാടെടുത്തു. ഏഴ് ദിവസത്തെ ഇൻസ്റ്റിറ്റിയൂഷണൽ നിരീക്ഷണത്തിന് ശേഷം വീടുകളിൽ കഴിയുന്നത് പഞ്ചായത്ത് തല കമ്മിറ്റികളുടെ മേൽനോട്ടത്തിലണ്. ഗർഭിണികൾക്കും പ്രായമായവർക്കും കുട്ടികൾക്കും 14 ദിവസം പ്രായോഗികമല്ലെന്നും സംസ്ഥാനം കോടതിയെ അറിയിച്ചു.

ക്വാറന്റൈൻ സംബന്ധിച്ച ആശയക്കുഴപ്പം പരിഹരിക്കണമെന്നാവശ്യപ്പെട്ട് ചീഫ് സെക്രട്ടറി കേന്ദ്ര സർക്കാറിന് കത്ത് നൽകിയിട്ടുണ്ടെന്നും സംസ്ഥാന സർക്കാർ കോടതിയെ അറിയിച്ചു. ഇക്കാര്യത്തിൽ കേരളത്തിനും കേന്ദ്രത്തിനും വ്യക്തമായ പദ്ധതികൾ ഉണ്ടെന്നാണ് മനസ്സിലാകുന്നതെന്ന് ഹൈക്കോടതി അന്നു വ്യക്തമാക്കിയിരുന്നു. ഇതേവിഷയം ഇന്നു പരിഗണിക്കവേയാണു സംസ്ഥാന സർക്കാരിന്റെ നിരീക്ഷണ നിർദേശമല്ല, മറിച്ച കേന്ദ്ര ആരോഗ്യമന്ത്രാലത്തിന്റെ നിർദേശങ്ങളാണ് പാലിക്കേണ്ടതെന്നും 14 ദിവസം പ്രവാസികൾക്ക് സർക്കാർ നിരീക്ഷണം അനിവാര്യമാണെന്നും കേന്ദ്രസർക്കാർ ഹൈക്കോടതിയെ അറിയിച്ചത്.

## ഗവ: ടെക്നിക് സ്കൂൾ പ്രവേശന അറിയിപ്പ്

**കോതമംഗലം** :ആയവന ഗവ. ടെക്നിക്കൽ ഹൈസ്കൂളിലേക്ക് 202021 അദ്ധ്യയനവർഷത്തിൽ എട്ടാം ക്ലാസിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. ഏഴാം ക്ലാസിലെ അർദ്ധവർഷിക പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം. പൊതു വദ്യാഭ്യാസത്തിന് പുറമെ സാങ്കേതികവും ഉദ്പാദനോന്മുഖവുമായ തൊഴിലുകൾക്കും എഞ്ചിനീറിംഗ്, ശാസ്ത്രസാങ്കേതിക മേഖലയിൽ ഉപരിപഠനത്തിനും വിദ്യാർഥികളെ സജ്ജരാക്കുന്നതാണു ടെക്നിക്കൽ ഹൈസ്കൂൾ പഠനം. വിദ്യാർഥികൾ polyadmission.org എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടതാണ്. സംശയ നിവാരണങ്ങൾക്കും സൌജന്യമായി അപേക്ഷകൾ സമർപ്പിക്കുന്നതിനുമുള്ള ഹെൽപ്പ്ഡെസ്ക്ക് സ്കൂളിൽ പ്രവർത്തിച്ചു വരുന്നുണ്ട്. 2020 മെയ് മാസം 21 വരെയാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക: 9074120544, 8547212089

# സുഭിക്ഷ കേരളത്തിന് കരുത്തേകാൻ വടക്കേക്കരയിൽ പാട്ടകൃഷിയും

**പറവൂർ :** സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കൃഷി വ്യാപിപ്പിക്കുവാൻ പാട്ടകൃഷിയെ പ്രോത്സാഹിപ്പിക്കാൻ നൂതന ആശയവുമായി വടക്കേക്കര പഞ്ചായത്ത്. 50 കുടുംബങ്ങൾ ചേർന്ന് സുഭിക്ഷ കേരളം പദ്ധതിയിൽ ഭാഗമാകുന്നതിനായി ഏക്കർ കണക്കിന് ഭൂമി പാട്ടത്തിനെടുത്തു. കട്ടത്തുരുത്ത് പ്രദേശത്തെ തരിശു ഭൂമിയാണ് പാട്ടത്തിനെടുത്ത് കൃഷിക്ക് തുടക്കം കുറിച്ചത്. പഞ്ചായത്ത്, കൃഷി ഭവൻ, സഹകരണ സംഘങ്ങൾ, സന്നദ്ധ സംഘടനകൾ, കൃഷി ഗ്രൂപ്പുകൾ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

പാട്ടകൃഷിക്കായി 50 കുടുംബങ്ങൾ ഉൾപ്പെടുന്ന ട്രസ്റ്റ് രൂപീകരിച്ചു. ഓരോ കുടുംബത്തിൽ നിന്നും മൂലധനം സ്വരൂപിച്ചാണ് പദ്ധതിയുടെ ചെലവ് വഹിക്കുക. കൃഷി ഭവൻ നടീൽ വസ്തുക്കളും വിത്തും ജൈവ വളങ്ങളും കീടനാശിനികളും കൃഷി ഉപകരണങ്ങളും നൽകും. ആദ്യ ഘട്ടത്തിൽ മൂന്ന് ഏക്കറിലാണ് കൃഷി തുടങ്ങുക പിന്നീട് കൂടുതൽ പ്രദേശങ്ങളിലേക്കും പാട്ടകൃഷി വ്യാപിപ്പിക്കും. പദ്ധതിയുടെ ഉദ്ഘാടനം വി.ഡി. സതീശൻ എം എൽ എ നിർവഹിച്ചു. പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ മേഴ്സി സനൽ കുമാർ, പഞ്ചായത്തംഗം എം.ഡി. മധു ലാൽ, കൃഷി ഓഫീസർ എൻ.എസ്. നീതു, കൃഷി അസിസ്റ്റന്റ് എസ്. ഷിനു, ട്രസ്റ്റ് പ്രസിഡന്റ് ശിവൻ, സെക്രട്ടറി ജോൺസൻ കട്ടത്തുരുത്ത് എന്നിവർ പങ്കെടുത്തു.



## കോവിഡ് കാലത്ത് കോഴി ഇറച്ചി വല താഴ്ന്ന്, ഇപ്പോൾ റെക്കാർഡ് വില



**കോതമംഗലം:** പക്ഷിപ്പനിയും, കോവിഡ് ഭിതിയും മൂലം തകർന്നടിഞ്ഞ കോഴി വിപണി ഉയർത്തെഴുന്നേറ്റു. സംസ്ഥാനത്ത് ഇറച്ചിക്കോച്ചിയുടെ വില കുതിച്ചു കയറുകയാണ്. 160 രൂപയാണ് വിപണിവില. കിലോക്ക് ഈ ആഴ്ചയിൽ 20 മുതൽ 30 രൂപ വരെയാണ് വില വർദ്ധനവുണ്ടായിരിക്കുന്നത്.സംസ്ഥാനത്ത് കോഴി ഉത്പാദനം കുറഞ്ഞ സാഹചര്യം മറ്റു സംസ്ഥാന ലോബികൾ മുതലെടുക്കുന്നുവെന്ന ആക്ഷേപം മൊത്തവ്യാപാരികൾ ഉന്നയിക്കുന്നുമുണ്ട്. കോവിഡ് ഭിതി മൂലം തമിഴ്നാട്ടിൽ നിന്ന് ഇറച്ചിക്കോഴികളുടെ വരവ് കുറഞ്ഞു.കൂടാതെ ചൂടു കാരണം ഉത്പാദനം കുറഞ്ഞിട്ടുമുണ്ട്. ലോക് ഡൗണും, റമദാൻ കാലവും എല്ലാം കൂടി ആയപ്പോൾ കോഴിയിറച്ചിയുടെ ഉപഭോഗം കൂടി. അയൽ സംസ്ഥാനത്ത് നിന്ന്, മാട്ടിറച്ചിയുടെ വരവ് കുറഞ്ഞതോടെ കോഴിയിറച്ചിക്ക് വൻ ഡിമാന്റാണ്.കേരളത്തിലെ കോഴി കർഷകർ ഉത്പാദനം കുറച്ചതും, വൻ തിരിച്ചടിയായി. എന്നാൽ ഈ വില വർദ്ധന കോഴിക്കർഷകർക്ക് അത്ര ആശ്വാസമല്ലെന്നും, തറവിലയായി 100 രൂപ സർക്കാർ നിശ്ചയിക്കണമെന്നാണ് കോഴി കർഷകരുടെ ആവശ്യം.

# നിർധന വിദ്യാർത്ഥികൾക്ക് അധ്യാപകരുടെ കൈത്താങ്ങ്

**പറവൂർ :** ലോക് ഡൗൺ കാലത്ത് രക്ഷിതാക്കൾക്ക് ജോലിക്ക് പോകാൻ കഴിയാതെ ദാരിദ്യം അനുഭവിക്കുന്ന ഹയർ സെക്കൻഡറി വിദ്യാർത്ഥികളുടെ വീടുകളിലേക്ക് ഭക്ഷ്യധാന്യ കിറ്റുകളുമായി ഹയർ സെക്കൻഡറി അധ്യപകർ എത്തി. കേരള എയ്ഡഡ് ഹയർ സെക്കൻഡറി ടീച്ചേഴ്സ് അസോസിയേഷൻ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിലായിരുന്നു വിതരണം സംഘടിപ്പിച്ചത്. വി.ഡി.സതീശൻ എം എൽ എ വിദ്യാർത്ഥികൾക്ക് ഭക്ഷ്യധാന്യ കിറ്റ് നൽകി ഉദ്ഘാടനം നിർവഹിച്ചു. അസോസിയേഷൻ ജില്ലാ പ്രസിഡന്റ് പ്രമോദ് മാല്യങ്കര, സെക്രട്ടറി കെ.എസ്.രാജേഷ് എന്നിവർ നേതൃത്വം നൽകി. സംസ്ഥാന സെക്രട്ടറി വി. പി.സാജൻ പ്രസംഗിച്ചു. ഓരോ സ്കൂളിൽ നിന്നും അധ്യാപകരാണ് അർഹരായ വിദ്യാർത്ഥികളെ കണ്ടെത്തിയത്.

## ഭക്ഷ്യ ധാന്യ കിറ്റുകൾ വിതരണം നടത്തി

**തൃപ്പൂണിത്തുറ :** നിയോജക മണ്ഡലത്തിൽ 2000 കുടുംബങ്ങൾക്ക് സി.പി. ഐ. തൃപ്പൂണിത്തുറ മണ്ഡലം കമ്മിറ്റി യുടെ നേതൃത്വത്തിൽ ഭക്ഷ്യ ധാന്യ കിറ്റുകൾ വിതരണം നടത്തി.



ഇരുമ്പനത്തു നടന്ന ഭക്ഷ്യ ധാന്യ കിറ്റുകളുടെ വിതരണോൽഘാടനം സി.പി. ഐ. മണ്ഡലം സെക്രട്ടറി പി.വി.ചന്ദ്ര ബോസ് നിർവ്വഹിച്ചു . ടി.എൻ. ദാസ്. അദ്ധ്യക്ഷത വഹിച്ചു . എൻ . എൻ. സോമ രാജൻ , ജി. വിനോദ് എന്നിവർ നേതൃത്വം നൽകി.

## നിര്യാതയായി



**തൃപ്പൂണിത്തുറ :** ഉദയംപേരൂർ എം.എൽ.എ റോഡിൽ വെളിയിൽപ്പറമ്പിൽ വീട്ടിൽ പരേതനായ ഗോപാലന്റെ ഭാര്യ ഭവാനി ഗോപാലൻ (82) നിര്യാതയായി .സംസ്ക്കാരം ഇന്ന് ( 16) ശനിയാഴ്ച്ച രാവിലെ 11 മണിക്ക് തൃപ്പൂണിത്തുറ പൊതു സ്മശാനത്തിൽ .മക്കൾ : സുന്ദരൻ, രവി, അംബിക, വിശാലം, അമ്മിണി .മരുമക്കൾ : മിനി, കല, രാജീവ്, ഉണ്ണി .

## റെഡ് ക്രോസ്, ക്വാറന്റൈൻ സെന്ററുകളിൽ നല്കുന്നതിനുള്ള കൈയ്യുറകൾ കൈമാറി



**കോതമംഗലം:** റെഡ് ക്രോസ് സൊസൈറ്റി കോതമംഗലം താലൂക്ക് ബ്രാഞ്ചിന്റെ നേതൃത്വത്തിൽ വിദേശത്തു നിന്നും മടങ്ങി എത്തുന്നവരെ താമസിപ്പിച്ചിരിക്കുന്ന ക്വാറന്റൈൻ സെന്ററുകളിൽ നല്കുന്നതിനായി എണ്ണൂറോളം കൈയ്യുറകൾ കൈമാറി. റെഡ് ക്രോസ് താലൂക്ക് ചെയർമാൻ ജോർജ് എടപ്പാറയിൽ നിന്നും കോതമംഗലം തഹസീൽദാർ റെയ്ച്ചൽ കെ വർഗീസ് ഏറ്റുവാങ്ങി. തഹസീൽദാർ സുനിൽ മാത്യു, റെഡ് ക്രോസ് സെക്രട്ടറി ബിനോയ് തോമസ്, ബാബു ജോർജ് പിച്ചാപ്പിള്ളിൽ എന്നിവർ പങ്കെടുത്തു.

# താലുക്കിൽ ഇന്നലെ തുറന്നത് നാല് ഷാപ്പുകൾ മാത്രം 71 ഷാപ്പുകളും അടഞ്ഞുകിടന്നു

**കോതമംഗലം :** കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ ലോക്ക് ഡൌണിൽ ആയ കള്ളുഷാപ്പുകൾ കഴിഞ്ഞ ദിവസമാണ് തുറന്നത്. എന്നാൽ മാസ്ക് ധരിച്ചാലേ കള്ള് കിട്ടൂ.. സാമൂഹിക അകലവും പാലിക്കണം. ഒരുസമയം അഞ്ചുപേർക്കേ പ്രവേശനമുള്ളൂ, അതും ഷാപ്പിന് മുമ്പിൽ വരച്ച വട്ടത്തിൽ കുപ്പികൾ നിരത്തി കാത്തുനിൽക്കണം. ഇതെല്ലാം പാലിച്ച് ആർത്തിയോടെ ഷാപ്പിനകത്തേക്ക് പ്രവേശിച്ചപ്പോഴാകട്ടെ, റേഷനായിട്ടേ പലർക്കും കള്ള് കിട്ടിയുള്ളൂ... പോരാത്തതിന് എക്സൈസ് സാറന്മാരുടെ കർശന നിരീക്ഷണവും.

ഷാപ്പുകൾ തുറക്കാൻ അനുമതിയായെങ്കിലും ആവശ്യത്തിന് കള്ള് കിട്ടാത്തതുകൊണ്ട് ഭൂരിഭാഗം ഷാപ്പുകളും രണ്ടാംദിവസവും തുറന്നില്ല. പാലക്കാടൻ കള്ളിനുള്ള പെർമിറ്റും ശരിയായി കിട്ടിയിട്ടില്ലെന്ന് എക്സൈസ് അധികൃതർ ചൂണ്ടിക്കാട്ടി. താലൂക്കിൽ ലൈസൻസുള്ള 75 ഷാപ്പുകളിൽ നാല് ഷാപ്പുകളേ വ്യാഴാഴ്ച തുറന്നുള്ളൂ. ജില്ലയിലെ മറ്റു ഭാഗങ്ങളിലും സമാന സാഹചര്യമാണ് നിലനിൽക്കുന്നത്. പാലക്കാട്ടുനിന്ന് 3000 ലിറ്റർ കള്ള് എത്തിയിരുന്നിടത്ത് ഇപ്പോൾ 200 ലിറ്ററാണ് കിട്ടുന്നത്. പ്രാദേശികമായി കിട്ടിയ 250 ലിറ്റർ കള്ളും കൊണ്ടാണ് ഷാപ്പുകൾ പ്രവർത്തിച്ചത്. പ്രാദേശികമായി കിട്ടുന്നത് ഏറെയും പനങ്കള്ള് ആണ്, തെങ്ങിൻ കള്ള് കിട്ടാനുമില്ല.

അതുപോലെ, തൊഴിലാളികളുടെ ക്ഷാമവും പരിഹരിക്കാനുണ്ട്. ഓരോ റേഞ്ചിൽനിന്നും പാലക്കാട്ട് ചെത്തുന്ന തൊഴിലാളികൾക്ക് പുറമെ, തമിഴ്നാട്ടിൽ നിന്നുള്ളവരുമുണ്ട്. തമിഴ്നാട്ടിൽ നിന്നുള്ള തൊഴിലാളികൾ പൂർണമായി എത്തിയാലേ ഉത്പാദനം പൂർണതോതിൽ ആകുകയുള്ളൂവെന്നും പറയുന്നു. കോതമംഗലംകുട്ടമ്പുഴ റേഞ്ച് പരിധിയിലെ മാമലകണ്ടം, നെല്ലിമറ്റം, ഊന്നുകൽ, വെണ്ടുവഴി എന്നിവിടങ്ങളിലെ ഷാപ്പുകൾ മാത്രമാണ് തുറന്നത്. ആവശ്യക്കാരേറെയായിരുന്നു. മണിക്കൂറുകൾക്കകം കള്ള് തീരുകയും ചെയ്തു. പാലക്കാട്ട് നിന്നുള്ള തെങ്ങിൻ കള്ളിന്റെ വരവ് നാമമാത്രമാണ്. അതാണ് ഷാപ്പുകൾ തുറക്കാൻ ലൈസൻസികൾ തയ്യാറാകാത്തതിന് കാരണം. പ്രാദേശികമായി ഉത്പാദിപ്പിച്ച പനങ്കള്ള് മാത്രമാണ് ഇപ്പോൾ വിൽക്കാൻ കഴിയുന്നത്.

ഉപഭോക്താവ് കൊണ്ടുവരുന്ന കുപ്പികളിൽ പരമാവധി ഒന്നര ലിറ്റർ കള്ള് വീതം വിൽക്കാനാണ് അനുമതിയുള്ളത്. ഷാപ്പുകൾക്ക് മുന്നിൽ ഉപഭോക്താക്കൾ സാമൂഹ്യ അകലം പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയിരുന്നു. നിശ്ചിത അകലത്തിൽ കളംവരയ്ക്കാനും എക്സൈസ് നിർദേശം നൽകിയിരുന്നു.

ഷാപ്പിനുള്ളിൽ ഇരുന്ന് കുടിക്കാൻ ആരേയും അനുവദിക്കില്ല. രാവിലേയും വൈകീട്ടും ഷാപ്പിന് അകവും പുറവും അണുമുക്തമാക്കണം, ഷാപ്പിൽ എത്തുന്നവർക്ക് കൈകഴുകാൻ സോപ്പും വെള്ളവും ഒരുക്കണം... തുടങ്ങിയ മാർഗനിർദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ പ്രത്യേക സ്ക്വാഡ് നിരീക്ഷണം നടത്തുന്നുണ്ട്. വീഴ്ച കണ്ടെത്തിയാൽ ഷാപ്പ് അടപ്പിക്കുമെന്ന് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ടി.എം. കാസിം പറഞ്ഞു.

ഷാപ്പുകളിൽ കള്ളിന്റെ വില വർധിപ്പിച്ചിട്ടുണ്ട്. ലോക്ക്ഡൗൺമൂലം ഷാപ്പ് അടയ്ക്കുന്നതുവരെ ഒരു ലിറ്റർ പനങ്കള്ളിന്റെ വില 80 രൂപയായിരുന്നു. പുനരാരംഭിച്ചപ്പോൾ 100 രൂപയായി, 20 രൂപയുടെ വർധന. തെങ്ങിൻകള്ളിനും ആനുപാതികമായ വില വർധന ഉണ്ടാകുമെന്നാണ് ബന്ധപ്പെട്ടവർ നൽകുന്ന സൂചന.



# സുഭിക്ഷ കേരളം പദ്ധതി : തീവ്രയത്ന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നടന്നു

**തൃശൂർ:** സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കേരള കാർഷിക സർവ്വകലാശാല ആവിഷ്കരിക്കുന്ന പ്രത്യേക തീവ്രയത്ന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം സർവകലാശാല ഓഡിറ്റോറിയത്തിൽ കൃഷി വകുപ്പ് മന്ത്രി അഡ്വ വി എസ് സുനിൽകുമാർ നിർവഹിച്ചു. കോവിഡ് 19 അടച്ചിടൽ മൂലം കേരളത്തിലെ ഭക്ഷ്യവസ്തുക്കളുടെ വിതരണ ശൃംഖലയിൽ ഉണ്ടായ വിടവ് നികത്തുന്നതിനും ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ആയി കേരള സർക്കാർ ആവിഷ്കരിച്ച 'സുഭിക്ഷ കേരളം' പദ്ധതിക്ക് പിന്തുണ നൽകുന്നതിനാണ് കേരള കാർഷിക സർവ്വകലാശാല സമഗ്ര തീവ്രയത്ന പരിപാടിക്ക് രൂപം നൽകിയിരിക്കുന്നത്.



*കേരള കാർഷിക സർവകലാശാലയുടെ പ്രകൃതിസൗഹൃദ പച്ചക്കറി കൂട്ടായ 'ഏക'പാക്കറ്റുകൾ നൽകി സുഭിക്ഷ കേരളം പദ്ധതി തീവ്രയത്ന പരിപാടിയുടെ സംസ്ഥാനതല മന്ത്രി വി എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു*

കോവിഡ് കാലത്തെ കാർഷിക പ്രതിസന്ധി പരിഹരിക്കാൻ കാർഷിക സർവകലാശാല അതിന്റെ സർവശക്തിയുമുപയോഗിച്ചു രംഗത്ത് വരണമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. ലോക് ഡൌൺ കാലഘട്ടത്തിൽ എല്ലാവർക്കും കൃഷിയുടെ പ്രാധാന്യം ബോധ്യപ്പെട്ടിട്ടുണ്ട്.ഈ അവസരം പരമാവധി ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയണം എന്നും മന്ത്രി പറഞ്ഞു.

നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിച്ച് വിത്തുല്പാദനത്തിനുള്ള സമഗ്ര പരിപാടി നടത്തും. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ഐ എസ് ഉമാദേവിക്കും മടക്കത്തറ പഞ്ചായത്ത് പ്രസിഡണ്ട് പിഎസ് വിനയനും കാർഷിക സർവകലാശാലയുടെ പ്രകൃതിസൗഹൃദ പച്ചക്കറി കൂട്ടായ 'ഏക'പാക്കറ്റുകൾ നൽകിയാണ് മന്ത്രി പരിപാടി ഉദ്ഘാടനം നിർവഹിച്ചത്. സർവ്വകലാശാല വൈസ് ചാൻസലർ ഡോക്ടർ ആർ ചന്ദ്രബാബു പരിപാടി വിശദീകരിച്ചു. തൃശൂർ മേയർ അജിത ജയരാജൻ, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ഐ എസ് ഉമാദേവി, മടക്കത്തറ പഞ്ചായത്ത് പ്രസിഡൻറ് പിഎസ് വിനയൻ, സർവകലാശാല വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ ജിജു പി അലക്സ്, ഗവേഷണവിഭാഗം മേധാവി ഡോ മധു സുബ്രഹ്മണ്യൻ, കർഷക പ്രതിനിധികൾ രജിസ്ട്രാർ ഡോക്ടർ ഡി ഗിരിജ തുടങ്ങിയവർ പങ്കെടുത്തു.

## മന്ത്രി എ.സി മൊയ്തീനെതിരെ യൂത്ത് കോൺഗ്രസ് പ്രതിഷേധം: നേതാക്കളെ പോലീസ് അറസ്റ്റ് ചെയ്ത് നീക്കി



**വടക്കാഞ്ചേരി:** മന്ത്രി എ.സി മൊയ്തീൻ ക്വാറന്റൈനിൽ പ്രവേശിക്കണമെന്ന് ആവശ്യപ്പെട്ട് യൂത്ത് കോൺഗ്രസിന്റെ നേതൃത്വത്തിൽ കല്ലംപാറയിലുള്ള മന്ത്രിയുടെ വീട്ടിലേക്ക് പ്രതിഷേധ മാർച്ച് നടത്തി. പ്രകടനവുമായി എത്തിയ യൂത്ത് കോൺഗ്രസ് പ്രവർത്തകരെ മന്ത്രിയുടെ വീടിനു 100 മീറ്റർ അകലെ വച്ച് പോലീസ് എത്തി അറസ്റ്റ് ചെയ്തു നീക്കി. ഗുരുവായൂരിലെത്തിയ പ്രവാസികളെ സ്വീകരിച്ച സംഭവവുമായി ബന്ധപ്പെട്ടാണ് മന്ത്രി ക്വാറന്റയിനിൽ പോകണമെന്ന് കോൺഗ്രസ് നേതാക്കൾ ആവശ്യപ്പെട്ടത്. എന്നാൽ ഗുരുവായൂരിലെത്തിയ പ്രവാസികളുമായി കൃത്യമായി അകലം പാലിച്ചിരുന്നുവെന്നും ആ സംഭവത്തിൽആശങ്കപ്പെടേണ്ടതില്ലെന്നും മന്ത്രി എ സി മൊയ്തീൻ മാധ്യമങ്ങളോട് പറഞ്ഞു. എന്നാൽ വാളയാർ സംഭവത്തിൽ ആരോപണ വിധേയരായ അനിൽ അക്കര എം. എൽ.എ ഉൾപ്പടെയുള്ള ജനപ്രതിനിധികളുമായി തൃശൂരിൽ യോഗത്തിൽ പങ്കെടുത്തതിനാൽ മെഡിക്കൽ ബോർഡിന്റെ നിർദേശം ലഭിച്ചാൽ ക്വാറന്റയിനിൽ പ്രവേശിക്കാൻ തയ്യാറാണെന്നും മന്ത്രി അറിയിച്ചു. വടക്കാഞ്ചേരി പോലീസ് സി.ഐ മാധവൻകുട്ടി, എസ്.ഐ ബിന്ദുലാൽ എന്നിവരുടെ നേതൃത്വത്തിലാണ് പ്രതിഷേധവുമായി എത്തിയ യൂത്ത് കോൺഗ്രസ് പ്രവർത്തകരെ അറസ്റ്റ് ചെയ്ത് നീക്കിയത്. യൂത്ത് കോൺഗ്രസ്സ് സംസ്ഥാന സെക്രട്ടറി അഭിലാഷ് പ്രഭാകർ , വടക്കാഞ്ചേരി നിയോജക മണ്ഡലം പ്രസിഡന്റ് അഭിലാഷ് ശ്രീനിവാസൻ , ജില്ലാ സെക്രട്ടറി ജോമോൻ കൊള്ളന്നൂർ , ഹാരിഷ് പി എച്ച് , അഖിൽ സാമുവൽ , സാലിൻ ജോസഫ് എന്നിവരാണ് പ്രതിഷേധത്തിന് നേതൃത്വം നൽകിയത്.

## ആഭരണതൊഴിലാളികളുടെ പ്രതിഷേധ ധർണ്ണ

**തൃശൂർ:** കേരള സ്റ്റേറ്റ് ആഭരണതൊഴിലാളി യൂണിയൻ ഐഎൻടിയുസി ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തൃശൂർ കോർപറേഷനു മുന്നിൽ പ്രതിഷേധ ധർണ നടത്തി. കേന്ദ്രസംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ചിട്ടുള്ള സാമ്പത്തികപാക്കേജിൽ ആഭരണനിർമാണ തൊഴിൽ മേഖലയെയും ഉൾപ്പെടുത്തുക, ആഭരണനിർമാണ തൊഴിലാളികൾക്ക് സർക്കാർ അടിയന്തരമായി ധനസഹായം അനുവദിക്കുക, ജ്വല്ലറികളും ആഭരണനിർമാണവുമായി ബന്ധപ്പെട്ട അനുബന്ധസ്ഥാപനങ്ങളും നിയന്ത്രണവിധേയമായി തുറന്ന ്പ്രവർത്തിക്കാൻ അനുവദിക്കുക, ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്തവർക്കും സാമ്പത്തിക ആനുകൂല്യം അനുവദിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു ധർണ. ഐഎൻടിയുസി ജില്ല ജന.സെക്രട്ടറി ഇ.ഉണ്ണികൃഷ്ണൻ ധർണ ഉദ്ഘാടനം ചെയ്തു. യൂണിയൻ ജില്ലാ പ്രസിഡന്റ് രാജേഷ് തിരുത്തോളി അധ്യക്ഷത വഹിക്കുകയും യൂണിയൻ ജില്ലാ ജന.സെക്രട്ടറി കെ.ആർ.ശ്രീനിവാസൻ സ്വാഗതം ആശംസിക്കുകയും ചെയ്തു.

## കർഷക മോർച്ചയുടെ ആദരം

**വടക്കാഞ്ചേരി:** പ്രധാന മന്ത്രിയുടെ ആഹ്വാന പ്രകാരം ബി.ജെ.പി, കർഷകമോർച്ചയുടെ ആഭിമുഖ്യത്തിൽ മുളങ്കുന്നത്ത്കാവ് എഫ്.സി.ഐ യിലെ ബി.എം.എസ്, സി.ഐ.ടി.യു, ഐ.എൻ.ടി.യു.സി തൊഴിലാളികളെ ആദരിച്ചു. യോഗത്തിൽ കർഷകമോർച്ച മണ്ഡലം പ്രസിഡണ്ട് വിശ്വംബരൻ കെ.എസ് അദ്ധ്യക്ഷത വഹിച്ചു. ബി.ജെ.പി.ജില്ലാ അദ്ധ്യക്ഷൻ അഡ്വ: കെ.കെ അനീഷ് കുമാർ ഉത്ഘാടനം ചെയ്തു. കർഷകമോർച്ച ജില്ല ജനറൽ സെക്രട്ടറി കെ.ഗിരീഷ് കുമാർ, ജില്ലാ സെക്രട്ടറി വി.എം ഗോപിദാസ്, മണ്ഡലം ജന:സെക്രട്ടറി മുരളി ചാത്തപ്പത്ത്, വൈസ് പ്രസി ഡണ്ടുമാരായ ഡിബിൻ ദാസ്, കെ. രവി, സെക്രട്ടറിമാരായ ബാബു പയ്യപ്പാട്ട്, കൃഷ്ണൻ മാസ്റ്റർ, ട്രഷറർ സുനിൽ കുമാർ കെ ,ജില്ല കമ്മിററി അംഗം ഉണ്ണി കഷ്ണൻ എന്നിവർ ആദരണീയ ചടങ്ങിൽ പങ്കെടുത്തു. വിവിധ ട്രെയ്ഡ് യുണിയൻ നേതാക്കൾ സംസാരിച്ചു.

## പെൻഷനേഴ്സ് യൂണിയൻ ജൈവ വൈവിധ്യ ഉദ്യാനത്തിന്റെ ഭാഗമാകുന്നു

**പുതുക്കാട്:** പുതുക്കാട് നിയോജക മണ്ഡലം ജൈവ വൈവിധ്യ ഉദ്യാനമാക്കുന്ന പദ്ധതിയുടെ വിജയത്തിനായി പഞ്ചായത്തുതലത്തിൽ കോർഡിനേറ്റർമാരെ നിയോഗിച്ചുകൊണ്ട് കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂണിയൻ കാർഷിക വൃത്തിക്ക് തുടക്കം കുറിച്ചു. 10 ടൺ ഭക്ഷ്യസാമഗ്രികൾ ഉൽപാദന ലക്ഷ്യമിട്ടാണ് പെൻഷൻകാർ പദ്ധതിയുടെ ഭാഗമാകുന്നത്. ബ്ലോക്ക് പ്രസിഡണ്ട് ജോസ് മാസ്റ്ററുടെ തൃക്കൂരിലുള്ള ഒരേക്കർ തരിശുഭൂമിയിൽ കൃഷിയിറക്കി വിദ്യാഭ്യാസ മന്ത്രി സി.രവീന്ദ്രനാഥ് കൃഷിപ്പണി ഉദ്ഘാടനം ചെയ്തു. തൃക്കൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി.ശ്രീജ അനിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പെൻഷനേഴ്സ് യൂണിയൻ ബ്ലോക്ക് സെക്രട്ടറി കെ.ഒ.പൊറിഞ്ചു, കെ.സുകുമാരൻ, കെ കെ ഭാരതി എം.എ.ജോസ്എന്നിവർ സംസാരിച്ചു.



## ഖിദ്മത് ചാരിറ്റി ഫൌണ്ടേഷൻ റമളാൻ സാമ്പത്തീക സഹായം വിതരണം ചെയ്തു



**തൃപ്രയാർ :** മുൻ കാലങ്ങളിൽ റമളാൻ മാസത്തിൽ നടന്നു വരാറുള്ള ഭക്ഷ്യ ധാന്യ കിറ്റു വിതരണം ഒഴിവാക്കി കൊണ്ട് കോവിഡ് 19 പശ്ചാത്തലത്തിൽ ജനങ്ങളിലേക്ക് സഹായമായി ഖിദ്മത് ചാരിറ്റി ഫൌണ്ടേഷന്റെ നേത്രത്വത്തിൽ ലോക് ഡൗൺ മൂലം ജോലിയും വരുമാനവും നഷ്ട്ടപെട്ടു കഷ്ടത അനുഭവിക്കുന്ന പ്രവാസി സഹോദരങ്ങൾ ഉൾപ്പെടെ നാട്ടികയിലെ നാനൂറോളം കുടുബങ്ങൾക്കും സാമ്പത്തീക സഹായം വീടുകളിൽ വിതരണം ചെയ്തു, നട്ടിക മഹല്ല് അസിസ്റ്റന്റ് ഖത്തീബ് നൂറുദ്ധീൻ യമാനി പ്രാർത്ഥനയോട് കൂടി സഹായ വിതരണ ഉദ്ഘടനം നാട്ടിക ഗ്രാമപഞ്ചായത് മെമ്പർ പി എം സിദ്ദിഖ് നിർവഹിച്ചു. കെ ആർ ഹർഷാദ് നാട്ടിക അധ്യക്ഷത വഹിച്ചു.

# പഴമയിലും പുതുമ തേടി കുടുംബശ്രീ ജില്ലാ മിഷൻ



*പ്ലാവില ഉപയോഗിച്ച് വിത്ത് മുളപ്പിക്കുന്ന കുടുംബശ്രീയംഗം*

**തൃശൂർ:** പഴമയിലും പുതുമ തേടുകയാണ് കുടുംബശ്രീ ജില്ലാ മിഷൻ. ലോക്ഡൗൺ കാലത്ത് അയൽക്കൂട്ട അംഗങ്ങൾക്ക് നിരവധി വ്യത്യസ്ത ടാസ്കുകൾ നൽകിയ കുടുംബശ്രീ ജില്ലാ മിഷൻ ഉപയോഗശൂന്യമായ ഓട് ഉപയോഗിച്ചും പ്ലാവില കുമ്പിളാക്കിയും കൃഷി ഒരുക്കുകയാണ്. ഉപയോഗശൂന്യമായ ഓടുകൾ നാലെണ്ണം വീതം മണ്ണിൽ കുത്തി നിർത്തി ചതുരാകൃതിയിൽ ചെടിചട്ടി പോലെയാക്കി അവയെ ചരട് കൊണ്ടോ മറ്റോ കെട്ടി ബന്ധിപ്പിച്ച് അതിനകത്ത് മണ്ണ് നിറച്ചാണ് വിത്ത് പാകുന്നത്. എന്നും നനച്ചു കൊടുത്ത് വിത്തുകൾ മുളച്ച് അതിൽതന്നെ വളരുന്നു. ഇതിനുപുറമേ പ്ലാവില കുത്തിയും കൃഷി ഒരുക്കുകയാണ് കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾ. പ്ലാവില കുമ്പിളാക്കി ഈർക്കിൽ വെച്ച് ഉറപ്പിച്ച് അതിൽ ഒരു പാളി മണ്ണും അതിനുമുകളിൽ വിത്തും വിത്തിന് മുകളിൽ ഒരു പാളി കൂടി മണ്ണും ഇട്ട് നനച്ച് ഉപയോഗശൂന്യമായ പാത്രങ്ങളിലോ ട്രേകളിലോ നിരത്തിയാണ് തൈകൾ മുളപ്പിക്കുന്നത്. ദിവസങ്ങൾക്ക് ശേഷം മുളക്കുന്ന തൈകൾ മണ്ണിലോ ഗ്രോ ബാഗിലോ നിറച്ച് കൃഷി തുടരുന്നു. എല്ലാ പഞ്ചായത്തുകളിലും ആവേശകരമായ രീതിയിലാണ് ഈ രണ്ടു കൃഷിരീതികളും അയൽക്കൂട്ട അംഗങ്ങൾ തുടർന്നു വരുന്നത്.



*ഉപയോഗശൂന്യമായ ഓട് ഉപയോഗിച്ച് ചെയ്യുന്ന കൃഷി*

## മാസ്ക് ധരിക്കാത്ത 178 പേർക്കെതിരെ കേസ്

**പാലക്കാട്** : മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ ഇറങ്ങിയ 178 പേർക്കെതിരെ ഇന്നലെ (മെയ് 14) പോലീസ് കേസെടുത്തു. മാസ്ക് ധരിക്കേണ്ടതിന്റെ ആവശ്യകത പറഞ്ഞതിനുശേഷം കോടതിയിൽ പിഴ അടയ്ക്കാൻ നോട്ടീസ് നൽകി വിട്ടയച്ചത്.

## ജില്ലയിൽ എത്തിയത് നാല് പ്രവാസികൾ

**പാലക്കാട് :** ജിദ്ദയിൽ നിന്നും കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഇന്നലെ എത്തിയത് നാല് പാലക്കാട് സ്വദേശികൾ. ഇവരിൽ മൂന്ന് പേർ ജില്ലയിൽ തിരിച്ചെത്തുകയും വീടുകളിൽ നിരീക്ഷണത്തിലിരിക്കുകയും ചെയ്തു. ഒരാൾ കാസർഗോഡ് ജില്ലയിലാണ് നിരീക്ഷണത്തിലിരിക്കുന്നത്. ജില്ലയിലെ കോവിഡ് കെയർ സെന്ററുകളിൽ പുതുതായി ആരെയും നിരീക്ഷണത്തിൽ ആക്കിയിട്ടില്ല.

## ചെക്ക്പോസ്റ്റ് വഴി 928 പേർ കേരളത്തിലെത്തി

**പാലക്കാട്** : ഇതര സംസ്ഥാനങ്ങളിൽ നിന്ന് വാളയാർ ചെക്പോസ്റ്റ് വഴി ഇന്ന് (മെയ് 15) ഉച്ചയ്ക്ക് 12 വരെ 928 പേർ കേരളത്തിൽ എത്തിയതായി സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി ആർ. മനോജ് കുമാർ അറിയിച്ചു. 501 പുരുഷൻമാരും 251 സ്ത്രീകളും 76 കുട്ടികളുമുൾപ്പെടെയുള്ളവർ 269 വാഹനങ്ങളിലായാണ് കേരളത്തിലേക്ക് എത്തിയത്. 201 കാറുകൾ, 49 ഇരുചക്രവാഹനങ്ങൾ, 13 ട്രാവലറുകൾ, 3 മിനി ബസുകൾ, 3 ഓട്ടോറിക്ഷകൾ, എന്നിവയാണ് അതിർത്തി കടന്ന് കേരളത്തിലെത്തിയത്.

## നിക്ഷേപിച്ചു

**പാലക്കാട് :** കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി പ്രകാരം അവശതാ പെൻഷൻ അതാത് നിഷേപിച്ചിട്ടുന്ന് ജില്ലാ ലേബർ ഓഫീസർ അറിയിച്ചു.

# കോവിഡ് 19: ജില്ലയിൽ 6269 പേർ നിരീക്ഷണത്തിൽ

പാലക്കാട് : കോവിഡ് 19 രോഗത്തിന്റെ പശ്ചാത്തലത്തിൽ ജില്ലയിൽ നിലവിൽ 6263 പേർ വീടുകളിലും 28 പേർ പാലക്കാട് ജില്ലാ ആശുപത്രിയിലും മൂന്ന് പേർ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലും രണ്ട് മണ്ണാർക്കാട് താലൂക്ക് ആശുപത്രികളിലുമായി ആകെ 6269 പേർ നിരീക്ഷണത്തിലുണ്ട്.

പാലക്കാട് നിവാസികളായ രണ്ട് ശ്രീകൃഷ്ണപുരം സ്വദേശികളും രണ്ട് കടമ്പഴിപ്പുറം സ്വദേശികളും ഒരു മുതലമട സ്വദേശി, ഒരു മലപ്പുറം സ്വദേശി ഉൾപ്പെടെ ഏഴ് പേരാണ് കോവിഡ് 19 രോഗം സ്ഥിരീകരിച്ച് ജില്ലാശുപത്രിയിൽ ചികിത്സയിലുള്ളത്.

കൂടാതെ, രോഗം സ്ഥിരീകരിച്ച ദമാമിൽ നിന്നെത്തിയ ഒരു ആലത്തൂർ സ്വദേശി എറണാകുളം കളമശ്ശേരി മെഡിക്കൽ കോളെജിൽ ചികിത്സയിലുണ്ട്.

ആശുപത്രിയിലുള്ളവരുടെ ആരോഗ്യനിലയിൽ ആശങ്കപ്പെടേണ്ടതില്ലെന്ന് ഡി.എം.ഒ അറിയിച്ചു. പ്രവാസികളും ഇതര സംസ്ഥാനങ്ങളിൽ നിന്ന് വന്നവരെയും നിരീക്ഷണത്തിലാക്കിയതിനാലാണ് എണ്ണത്തിൽ വർധനവുണ്ടായത്.

പരിശോധനക്കായി ഇതുവരെ അയച്ച 3851 സാമ്പിളുകളിൽ ഫലം വന്ന 3394 നെഗറ്റീവും 19 എണ്ണം പോസിറ്റീവുമാണ്. ആകെ 38349 ആളുകളാണ് ഇതുവരെ



നിരീക്ഷണത്തിൽ ഉണ്ടായിരുന്നത്. ഇതിൽ 32053 പേരുടെ നിരീക്ഷണ കാലാവധി പൂർത്തിയായി. 6932 ഫോൺ കോളുകളാണ് ഇതുവരെ കൺട്രോൾ റൂമിലേക്ക് വന്നിട്ടുള്ളത്.

## ഇടതുകര കനാൽ തുറക്കും

പാലക്കാട് : വരും ദിവസങ്ങളിൽ മഴ ലഭ്യമായില്ലെങ്കിൽ പിരായിരി, കൊടുന്തിരപ്പുള്ളി, കണ്ണാടി, മാത്തൂർ, കോട്ടായി, കുത്തന്നൂർ, എന്നീ പ്രദേശങ്ങളിൽ ഒന്നാം വിളയ്ക്ക് ഞാറ്റടി തയ്യാറാക്കുന്നതിന് മെയ് 20 മുതൽ അഞ്ച് ദിവസത്തേക്ക് മലമ്പുഴ ഇടതുകര കനാൽ വഴി നിയന്ത്രിത അളവിൽ വെള്ളം തുറന്നു വിടുമെന്ന് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു. മലമ്പുഴ പദ്ധതി ഉപദേശക സമിതി യോഗത്തിലാണ് തീരുമാനം

## പത്തുലക്ഷം ഫലവൃക്ഷതൈകൾ നടപടികൾ പരോഗമിക്കുന്നു

**പാലക്കാട് :** സുഭിക്ഷ കേരളം പദ്ധതിയുടെയും സംസ്ഥാന സർക്കാരിന്റെ 12 ഇന പ്രത്യേക പരിപാടിയുടെയും ഭാഗമായി 2020 – 21 സാമ്പത്തിക വർഷം ഒരു കോടി വൃക്ഷത്തൈകൾ ഉത്പ്പാദിപ്പിച്ച് നട്ടുവളർത്തുന്നതിന്റെ ഭാഗമായി 2020 ജൂൺ മുതൽ സെപ്റ്റംബർ വരെ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ജില്ലയിൽ പുരോഗമിക്കുന്നതായി ഹരിത കേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ വൈ. കല്യാണകൃഷ്ണൻ അറിയിച്ചു.

ജില്ലയിൽ ആറ് ലക്ഷം വൃക്ഷത്തൈകൾ നട്ടുവളർത്തുന്നതിനുള്ള നഴ്സറികൾ ജില്ലാ പഞ്ചായത്ത്, ജയിൽ വകുപ്പ്, ദേശീയ തൊഴിലുറപ്പ് പദ്ധതി മിഷൻ, മലമ്പുഴ - ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകൾ, കൃഷിവകുപ്പ്, എന്നിവയുടെ നേതൃത്വത്തിൽ സംയുക്തമായി ഉത്പാദിപ്പിക്കാനുള്ള നടപടികൾ ജില്ലയിൽ പുരോഗമിക്കുകയാണ്. ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി ജില്ലാ പഞ്ചായത്തും ഹരിതകേരളം മിഷനും രൂപപ്പെടുത്തിയ പച്ചത്തുരുത്ത് പ്രൊജക്റ്റിലൂടെയാണ് ജയിൽ വകുപ്പിന്റെ സഹകരണത്തോടെ ആറ് ലക്ഷം വൃക്ഷത്തൈകൾ ഉൽപാദിപ്പിക്കുന്ന നഴ്സറികൾ തയ്യാറാക്കുന്നത്. മികച്ച ഗുണനിലവാരമുള്ള തൈകൾ ഉൽപാദിപ്പിക്കാനും അവയുടെ അതിജീവനം ഉറപ്പു വരുത്താനും ആവശ്യമായ സാങ്കേതിക സഹായം കൃഷി വകുപ്പ് നൽകിവരുന്നു. ജില്ലാ ജയിൽ സൂപ്ര് കെ. അനിൽകുമാറിന്റെ നേതൃത്വത്തിൽ ഫലവൃക്ഷ നേഴ്സ്റികളുടെ പരിപാലനവും ഉറപ്പുവരുത്തും.

ജില്ലയിൽ മുഴുവനായി നടേ 10 ലക്ഷം വൃക്ഷത്തൈകളിൽ 2.5 ലക്ഷം തൈകൾ 61 ഗ്രാമപഞ്ചായത്തുകളിലായി 66 നേഴ്സറികൾ രൂപീകരിച്ച് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ആറ് ലക്ഷം വൃക്ഷത്തൈകളുടെ നഴ്സറി രൂപപ്പെടുത്തുന്നതിന് ആവശ്യമായ വിത്തുകളുടെ സംഭരണം ഹരിത കേരളം മിഷൻ ജില്ലാ ചെയർമാനും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമായ അഡ്വ.കെ. ശാന്തകുമാരി 2500 ഞാവൽ വിത്തുകൾ ജില്ലാ ജയിൽ ഡെപ്യൂട്ടി സൂപ്ര് ദിനേശ് ബാബുവിന് നൽകി ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി.കെ. നാരായണദാസ് അധ്യക്ഷനായ പരിപാടിയിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ.സി. സുബ്രഹ്മണ്യൻ , സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ബിന്ദു സുരേഷ്, ഹരിത കേരളം മിഷൻ പ്രതിനിധികളായ നാരായണൻകുട്ടി , രാധാകൃഷ്ണൻ, വൈ. കല്യാണ കൃഷ്ണൻ എന്നിവർ പങ്കെടുത്തു.

# കോവിഡ് : മുതലമട പ്രാഥമിക ആരോഗ്യ കേന്ദ്രം അടക്കാൻ നിർദേശം

**പാലക്കാട്** : കഴിഞ്ഞ ദിവസം രോഗം സ്ഥിരീകരിച്ച മുതലമട സ്വദേശി ചികിത്സതേടിയ മുതലമട ചുള്ളിയാർ മേട് പ്രാഥമിക ആരോഗ്യ കേന്ദ്രം രണ്ട് ദിവസത്തേക്ക് അടച്ചിടാനും കേന്ദ്രം അണുമുക്തമാക്കാനും നിർദ്ദേശിച്ചതായി ഡി.എം.ഒ കെ.പി റീത്ത അറിയിച്ചു.

കേന്ദ്രത്തിലെ ജീവനക്കാരോട് ക്വാറന്റെയിൻ നിർദേശവും നൽകിയിട്ടുണ്ട്. ഡോക്ടറുടെയും സ്റ്റാഫ് നഴ്സുമാരുടെയും സാമ്പിൾ ഇന്ന് പരിശോധനയ്ക്കായി ശേഖരിക്കും.

കഴിഞ്ഞ ദിവസം കോവിഡ് സ്ഥിരീകരിച്ച വ്യക്തി ക്ഷീണം അനുഭവപ്പെട്ടതിനെ തുടർന്ന് മെയ് ഏഴ്,ഒൻപത്,11 ദിവസങ്ങളിൽ ആശുപത്രിയിൽ എത്തിയിട്ടുണ്ട്. ഡോക്ടർക്ക് കൃത്യമായ വിവരങ്ങൾ നൽകിയിരുന്നില്ല. അദ്ദേഹത്തിന് ഐവി ട്രിപ്പും ഇഞ്ചക്ഷനും നൽകിയിരുന്നു.11ന് നേരിയ ശ്വാസം മുട്ടൽ വന്നപ്പോൾ ആണ് ജില്ലാ ആശുപത്രിയിലേക്ക് വിട്ടത്. കുറച്ച് ദിവസങ്ങൾ മുതലമട ആശുപത്രിയിൽ ചികിത്സ തേടുകയും അടുത്തുള്ള കമ്മ്യൂണിറ്റി കിച്ചണിൽ നിന്നും ഭക്ഷണം വാങ്ങി വന്ന് ആശുപത്രിയിൽ തന്നെ സമയം ചിലവഴിച്ചതായി പറയുന്നുണ്ട്. മെയ് 9ന് മുതലമടയിലെ വെള്ളാരംകടവ് ബാബുപതി കോളനിയിലെ വൃദ്ധദമ്പതികളെ മാറ്റി പാർ




പ്പിക്കുന്നതിന് മുന്നോടിയായി ആശുപത്രിയിൽ കൊണ്ടുവന്നിരുന്നു.

ഇതേ സമയത്ത് ഇദ്ദേഹം ഒ.പി യിൽ ഉണ്ടായിരുന്നതായാണ് ആശുപത്രി അധികൃതർ പറയുന്നത്. മുതലമട പഞ്ചായത്ത് പ്രസിഡണ്ട് ഉൾപ്പെടെ വിവിധ ജനപ്രതിനിധികൾ സാമൂഹികനീതി വകുപ്പിന്റെ നേതൃത്വത്തിൽ ദമ്പതികളെ മാറ്റി പാർപ്പിക്കുന്നതിനുള്ള സഹായത്തിനായി കൂടെ ഉണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അന്ന് ആശുപത്രിയിൽ ഉണ്ടായിരുന്ന ഇവർക്കുൾപ്പെടെ ക്വാറന്റെയിൻ നിർദ്ദേശിച്ചിട്ടുണ്ട്.തുടർന്ന് മെയ് 11 ന് ആശുപത്രിയിൽ നേഴ്സുമാരെ ആദരിക്കുന്നതിനായി സന്നദ്ധ പ്രവർത്തകനായ ഒരു സന്യാസി ഉൾപ്പെടെയുള്ളവർ പങ്കെടുത്ത പരിപാടിയിൽ ഇയാളുടെ സാമിപ്യം ഉണ്ടായതായി പറയുന്നുണ്ട്.

ഇടക്കിടെ മാനസികാസ്വസ്ഥ്യം പ്രകടപ്പിക്കുന്ന ഇയാൾ നാല് വർഷം മുന്നേ ഇവിടം വിട്ടു പൊള്ളാച്ചിക്കു പോയതാണ് എന്നാണ് ബന്ധുക്കൾ പറയുന്നത്. കുറച്ചു ദിവസങ്ങൾക്ക് മുൻപ് നാട്ടിൽ എത്തിയിരുന്നു. കാമ്പ്രത്ത് ചള്ളയിലുള്ള മാംഗോ ഗോ ഡൗണിൽ രാത്രി കിടക്കാറുള്ളതായും കൂടെ എപ്പോഴും ഒരു ഊമയായ യുവാവ് ഉണ്ടാവാറുള്ളതായും പറയുന്നുണ്ട്. കൂടാതെ ഇയാൾ വീടുകൾ കയറി സഹായം അഭ്യർത്ഥിച്ചിരുന്നതായും പറയുന്നുണ്ട്.

കൂടെയുണ്ടായിരുന്ന വ്യക്തിയുടെ സാമ്പിളും ഇന്ന് പരിശോധനയ്ക്ക് എടുക്കും. വിവരങ്ങൾ അന്വേഷിച്ച് റൂട്ട് മാപ്പ് തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. വിവരങ്ങൾ വ്യക്തമായി കിട്ടാത്തതും സങ്കീർണവുമായതിനാൽ റൂട്ട് മാപ്പ് തയ്യാറാക്കാൻ കൂടുതൽ സമയം വേണ്ടിവരുമെന്നും ഡി.എം.ഒ അറിയിച്ചിട്ടുണ്ട്.

## ലൈബ്രറി കൗൺസിൽ ഒരു ലക്ഷം ഫലവൃക്ഷ വിത്തുകൾ ശേഖരിച്ചുനൽകും

പാലക്കാട് : ജില്ലാ പഞ്ചായത്ത് 10 ലക്ഷം തൈകൾ ഉല്പാദിപ്പിച്ച് നട്ടുവളർത്തുന്നതിന്റെ ഭാഗമായി ജില്ലയിലെ ഗ്രന്ഥശാലകൾ മുഖേന ഒരു ലക്ഷം ഫലവൃക്ഷ വിത്തുകൾ ശേഖരിച്ച് നൽകും. ഓരോ വായനശാലയിൽ നിന്നും 500-ൽ കുറയാത്ത വിത്തുകൾ ശേഖരിച്ച് ഒരു ലക്ഷം വിത്തുകൾ ജില്ലാ പഞ്ചായത്തിന് നൽകും. ജില്ലയിലെ ആറ് താലൂക്കുകളിലേയും ഗ്രന്ഥശാലകൾ മെയ് 25 ന് മുമ്പായി വിത്തുകൾ ശേഖരിച്ച് താലൂക്ക് കേന്ദ്രങ്ങളിൽ ഏല്പിക്കണം. താലൂക്കുകളിൽ നിന്ന് ശേഖരിച്ച് ജില്ലാ കൗൺസിൽ ജില്ലാ പഞ്ചായത്തിനെ ഏല്പിക്കുമെന്ന്ലൈ ലബ്രറി കൗൺസിൽ പ്രസിഡന്റ് ടി.കെ. നാരായണദാസ അറിയിച്ചു.

## മലപ്പുറം സ്വദേശിയുടെ ബന്ധുവിന്റെ പരിശോധനാഫലം നെഗറ്റീവ്

**പാലക്കാട്** : ജില്ലയിൽ കോവിഡ് 19 ബാധിച്ച് ചികിത്സയിലുള്ളവരുടെ ആരോഗ്യസ്ഥിതിയിൽ ആശങ്കയില്ലെന്ന് ആരോഗ്യവകുപ്പ് അധികൃതർ അറിയിച്ചു. നിലവിൽ ആർക്കും ശാരീരിക അസ്വസ്ഥതകൾ ഇല്ല. ഒരു മലപ്പുറം സ്വദേശി ഉൾപ്പെടെ നാല് പേരാണ് പാലക്കാട് ജില്ലാ ആശുപത്രിയിൽ ചികിത്സയിലുള്ളത്. മെയ് 12ന് രോഗം സ്ഥിരീകരിച്ച മലപ്പുറം സ്വദേശിയോടൊപ്പം ആശുപത്രിയിൽ പ്രവേശിപ്പിച്ച ഇദ്ദേഹത്തിന്റെ ബന്ധുവിന് കോവിഡ് 19 നെഗറ്റീവ് ആണെന്ന് സാമ്പിൾ പരിശോധനയിൽ സ്ഥിരീകരിച്ചിട്ടു്. ഇദ്ദേഹത്തെ ഒരാഴ്ച കൂടി ആശുപത്രിയിൽ നിരീക്ഷിച്ചശേഷം വിട്ടയക്കുമെന്ന് ആരോഗ്യ വകുപ്പ് അധികൃതർ അറിയിച്ചു.

## ലോക്ക് ഡൗൺ: ഇന്ന് മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തു

**പാലക്കാട് :** ലോക്ക് ഡൗണിനെ തുടർന്ന് ഇന്ന് (മെയ് 15) രാവിലെ 11.30 വരെ ജില്ലയിൽ പോലീസ് നടത്തിയ പരിശോധനയിൽ മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തതായി സ്പെഷൽ ബ്രാഞ്ച് ഡി.വൈ.എസ്.പി ആർ. മനോജ് കുമാർ അറിയിച്ചു. ഇത്രയും കേസുകളിലായി നാല് പ്രതികളെ അറസ്റ്റ് ചെയ്തു.

ഒരു വാഹനവും പിടിച്ചെടുത്തു. ലോക്ക് ഡൗൺ നിർദ്ദേശങ്ങൾ പാലിക്കാത്തതിനെ തുടർന്നാണ് കേസ് രജിസ്റ്റർ ചെയ്തത്. 1100 പോലീസുകാരെ ജില്ലയിൽ വിന്യസിച്ചിട്ടുണ്ട്

ലോക്ക് ഡൗണിനെ തുടർന്ന് ഇന്നലെ (മെയ് 14) ജില്ലയിൽ പോലീസ് നടത്തിയ പരിശോധനയിൽ 58 കേസുകൾ രജിസ്റ്റർ ചെയ്തു. ഇത്രയും കേസുകളിലായി 72 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 39 വാഹനങ്ങൾ പിടിച്ചെടുത്തു.



## പോലീസ്, ആരോഗ്യ പ്രവർത്തകർക്ക് ആദരം

പരപ്പനങ്ങാടി: കോവിഡ് 19 ന്റെ പാശ്ചാത്തലത്തിൽ ഊണും, ഉറക്കവും ഒഴിഞ്ഞ് തങ്ങളുടെ ആരോഗ്യ കാര്യങ്ങൾ പോലും കണക്കിലെടുക്കാതെ പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥരേയും, ആരോഗ്യ പ്രവർത്തകരേയും ലയൺസ് ക്ലബ്ബ് ആദരിച്ചു.പരപ്പനങ്ങാടി ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ പരപ്പനങ്ങാടി പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരേയും, നെടുവ സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ ആരോഗ്യ പ്രവർത്തകരേയുമാണ് ആദരിച്ചത്.ചടങ്ങിൽ എസ്.എച്ച്.ഒ.ഹണി കെ.ദാസ് ,എസ്.ഐ.രാജേന്ദ്രൻ നായർ, വനിതാ എസ്.ഐ.വിമല കെ.പി, ലയൺസ് ക്ലബ്ബ് പ്രസിഡന്റ് നിയാസ് പുളിക്കലകത്ത്, ഭാരവാഹികളായ ഗഫൂർ കുഞ്ഞാവാസ്, അഡ്വ.ഹനീഫ, കെ.മുരളീധരൻ, അൻസാർ അഹമ്മദ്, സി.പി. മൃണാൾ പി.കെ. മനോജ് സംബന്ധിച്ചു.

## കൊവിഡ് പ്രചരിപ്പിച്ച ലീഗ് നേതാവ് അറസ്റ്റിൽ

താനൂർ: അഞ്ചുടി സ്വദേശിയായ യുവാവ് കൊറോണ നിരീക്ഷണത്തിലാണെന്ന് നവമാധ്യമങ്ങളിലൂടെ വ്യാജ പ്രചാരണം നടത്തിയ താനൂർ നഗരസഭാ കൗൺസിലറും ലീഗ് നേതാവുമായ സി പി സലാം അറസ്റ്റിൽ. യുവാവിന്റെ ഭാര്യയുടെ പരാതിയുടെ അടിസ്ഥാനത്തിൽ താനൂർ എസ്എച്ച്ഒ പി പ്രമോദും സംഘവുമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. ലോക് ഡൗൺ പ്രഖ്യാപിക്കുന്നതിന് മുമ്പേ ബാംഗ്ലൂരിൽ നിന്നെത്തിയ യുവാവിനെതിരെയാണ് കൗൺസിലർ വ്യാജ പ്രചാരണം അഴിച്ചു വിട്ടത്. ില്ലയിൽ രണ്ട് പേർക്ക് കൊറോണ സ്ഥിരീകരിച്ച സാഹചര്യത്തിൽ അവർക്കൊപ്പം വിമാനത്തിൽ യാത്രചെയ്തിരുന്ന താനൂർ സ്വദേശികൾ താനൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ചികിത്സതേടിയതുമായി ബന്ധപ്പെട്ട് നവമാധ്യമങ്ങളിലൂടെ കൗൺസിലർ ശബ്ദ സന്ദേശം അയച്ചിരുന്നു. ഇതിലാണ് അഞ്ചുടി സ്വദേശിയായ യുവാവിനെയും പരാമർശിച്ചത്.

വ്യാജ സന്ദേശം വ്യാപകമായി പ്രചരിച്ചതോടെ യുവാവിന്റെ വീട്ടുകാർക്ക് പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥയായി. ഇതേ തുടർന്നായിരുന്നു പൊലീസിൽ പരാതി നൽകിയത്. പരാതിയുമായി മുന്നോട്ടു പോയപ്പോൾ തീരദേശത്തെ ലീഗ് നേതാക്കൾ പ്രശ്നം ഒതുക്കി തീർക്കാൻ ശ്രമിച്ചതായി ഭാര്യ പറഞ്ഞിരുന്നു

## അപകീർത്തിപ്പെടുത്താൻ ശ്രമം; സിപിഎം പ്രവർത്തകർക്കെതിരെ പരാതി

താനൂർ: അന്തരിച്ച പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളെയും മുസ്ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളെയും സാമൂഹ്യമാധ്യമങ്ങളിൽ അപകീർത്തിപ്പെടുത്തിയ ഒഴൂർ കരിങ്കപ്പറയിലെ രണ്ടു സിപിഎം പ്രവർത്തകർക്കെതിരെ താനൂർ പൊലീസിൽ പരാതി നൽകി. അന്തരിച്ച മുഹമ്മഫലി ശിഹാബ് തങ്ങളുടെ ഫോട്ടോ മോർഫ് ചെയ്ത് സോഷ്യൽ മീഡിയ വഴി പ്രചരിപ്പിച്ച കരിങ്കപ്പറയിലെ കൊളക്കാട്ടിൽ ശശി, ഹാൻസ് പാക്കറ്റിൽ പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളുടെ ചിത്രം മോർഫ് ചെയ്ത് സോഷ്യൽ മീഡിയ വഴി പ്രചരിപ്പിച്ച കരിങ്കപ്പറയിലെ കൊളക്കാട്ടിൽ ദാസൻ എന്നിവർക്കെതിരെയാണ് പരാതി. മുസ്ലിം യൂത്ത് ലീഗ് ഒഴൂർ പഞ്ചായത്ത് പ്രസിഡന്റ് സൈതലവി തൊട്ടിയിലാണ് പരാതി നൽകിയത്. സമൂഹം ആദരിക്കുന്ന ഉന്നതരായ പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ, ഹൈദരലി ശിഹാബ് തങ്ങൾ എന്നിവരെ സോഷ്യൽ മീഡിയയിലൂടെ അപകീർത്തിപ്പെടുത്തിയ ഇവർക്കെതിരെ ശക്തമായ നിയമനടപടി സ്വീകരിക്കണമെന്ന് പരാതിയിൽ ആവശ്യപ്പെട്ടു. അതേസമയം അന്തരിച്ച മുഹമ്മദലി ശിഹാബ് തങ്ങളുടെ ഫോട്ടോ മോർഫ് ചെയ്ത് സോഷ്യൽ മീഡിയ വഴി പ്രചരിപ്പിച്ച കരിങ്കപ്പറയിലെ കൊളക്കാട്ടിൽ ശശിക്കെതിരെ കേസെടുത്തതായി താനൂർ സി.ഐ. പി പ്രമോദ് പറഞ്ഞു. സമൂഹത്തിൽ സ്പർദ്ധയുണ്ടാക്കൽ, അപകീർത്തിപ്പെടുത്തൽ എന്നീ വകുപ്പുകൾ ചേർത്താണ് കേസെടുത്തത്

### ഇന്ന് ദേശീയ ഡെങ്കിദിനം

# വേനൽമഴ: ഡെങ്കിപ്പനി

## മുന്നറിയിപ്പുമായി ആരോഗ്യ വകുപ്പ്

**മലപ്പുറം :** ഡെങ്കി പ്രതിരോധത്തിന് കാര്യക്ഷമമായ സാമൂഹിക പങ്കാളിത്തം' എന്ന സന്ദേശവുമായി ഇന്ന് (മെയ്-16) ദേശീയ ഡെങ്കിദിനമായി ആചരിക്കുന്നു. കോവിഡ്-19 ഭീഷണികൾക്കിടയിൽ വേനൽമഴയും ചേർന്നതോടെ കർശന ജാഗ്രത നിർദേശങ്ങളാണ് ഇത്തവണ ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ആരോഗ്യ വകുപ്പ് നൽകുന്നത്. ഡെങ്കിപ്പനിക്ക് കാരണമായ ഈഡിസ് കൊതുകുകളുടെ പ്രജനനം വർധിക്കാനിടയാക്കുന്ന സാഹചര്യങ്ങൾ വീടുകളിലെയും സ്ഥാപനങ്ങളിലെയും പരിസരങ്ങളിൽ ഇല്ലാതാക്കാക്കുകയാണ് രോഗം തടയുന്നതിനുള്ള ഏക പോംവഴി.

വേനൽമഴയിൽ ഈഡിസ് കൊതുകുളുടെ പ്രജനനം വർധിക്കുന്നത് തടയുന്നതിനായി ഉറവിടനശീകരണ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തേതു്. ഞായറാഴ്ചകളിൽ ഡ്രൈ ഡേ ആചരണം നിർബന്ധമായും നടത്തണം. വീടുകളിൽ കൊതുക് പെറ്റുപെരുകാൻ ഇടയുള്ള എല്ലാ സ്ഥലങ്ങളും ആഴ്ചയിൽ ഒരു ദിവസം പരിശോധന നടത്തി വെള്ളം കെട്ടി നിൽക്കുന്നില്ലെന്ന് ഉറപ്പ് വരുത്തണം.

റബ്ബർ, കവുങ്ങ്, കൈതച്ചക്ക തോട്ടങ്ങളിലെ ഉറവിടങ്ങൾ നീക്കം ചെയ്യുന്നതിന് വാർഡ് ആരോഗ്യ ശുചിത്വ സമിതികളുടെ നേതൃത്വത്തിൽ സാമൂഹിക പങ്കാളിത്തത്തോടെ ഊർജ്ജിത ശ്രമം നടത്തണം. പൊതുസ്ഥലങ്ങൾ, വിദ്യാലയങ്ങളുൾപ്പെടെയുള്ള




സ്ഥാപനങ്ങൾ, കോവിഡ് കെയർ സെന്ററുകൾ എന്നിവിടങ്ങളിലും പരിസരങ്ങളിലും കൊതുക് പെരുകാനിടയുള്ള ഉറവിടങ്ങൾ കത്തെി നീക്കം ചെയ്യണം. ടയർ പഞ്ചർ കടകൾ, ആക്രിക്കടകൾ എന്നിവിടങ്ങളിലും പ്രത്യേക പരിശോധന നടത്തി പ്രജനന സാധ്യതകൾ ഇല്ലാതാക്കേതാണ്. ഊർജ്ജിത ഡെങ്കി പ്രതിരോധ പ്രവർത്തനങ്ങൾ ജില്ലയിലെ മുഴുവൻ വാർഡുകളിലും നടത്തി ഡെങ്കി വിപത്തിനെ ഇല്ലാതാക്കാൻ ഏവരും സഹകരിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ. സക്കീന അറിയിച്ചു.

## പോലീസ്, ആരോഗ്യ പ്രവർത്തകർക്ക് ആദരം

പരപ്പനങ്ങാടി: കോവിഡ് 19 ന്റെ പാശ്ചാത്തലത്തിൽ ഊണും, ഉറക്കവും ഒഴിഞ്ഞ് തങ്ങളുടെ ആരോഗ്യ കാര്യങ്ങൾ പോലും കണക്കിലെടുക്കാതെ പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥരേയും, ആരോഗ്യ പ്രവർത്തകരേയും ലയൺസ് ക്ലബ്ബ് ആദരിച്ചു.പരപ്പനങ്ങാടി ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ പരപ്പനങ്ങാടി പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരേയും, നെടുവ സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ ആരോഗ്യ പ്രവർത്തകരേയുമാണ് ആദരിച്ചത്.ചടങ്ങിൽ എസ്.എച്ച്.ഒ.ഹണി കെ.ദാസ് ,എസ്.ഐ.രാജേന്ദ്രൻ നായർ, വനിതാ എസ്.ഐ.വിമല കെ.പി, ലയൺസ് ക്ലബ്ബ് പ്രസിഡന്റ് നിയാസ് പുളിക്കലകത്ത്, ഭാരവാഹികളായ ഗഫൂർ കുഞ്ഞാവാസ്, സി.പി. മൃണാൾ പി.കെ. മനോജ് സംബന്ധിച്ചു.

## ഐ.എച്ച്.ആർ.ഡി ടെക്നിക്കൽ സ്കൂൾ എട്ടാം ക്ലാസ് പ്രവേശനം

**മലപ്പുറം;** ജില്ലയിലെ വാഴക്കാട്, വട്ടംകുളം , പെരിന്തൽമണ്ണ എന്നിവിടങ്ങളിൽപ്രവർത്തിക്കുന്ന ഐ.എച്ച്. ആർ.ഡി ടെക്നിക്കൽ ഹയർസെക്കൻഡറി സ്കൂളുകളിൽ 2020-21 അധ്യയന വർഷത്തിലേക്കുള്ള എട്ടാം ക്ലാസ് പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ 2006 ജൂൺ ഒന്നിനും 2008 മെയ് 31 നും ഇടയ്ക്ക് ജനിച്ചവരായിരിക്കണം. ഏഴാം ക്ലാസോ തത്തുല്യ പരീക്ഷയോ പാസ്സായവർക്കും പരീക്ഷാഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. അപേക്ഷകൾ ശവൃേ.സല്യമഹമ.ഴീ.ശി/വേലെ വെബ്സൈറ്റ് മുഖേന ഓൺലൈനായി സമർപ്പിക്കണം. അപേക്ഷയുടെ രജിസ്ട്രേഷൻ ഫീസായി 110 രൂപ (എസ്.സി/എസ്.ടി വിദ്യാർഥികൾക്ക് 55 രൂപ) അപേക്ഷിക്കാൻ ഉദ്ദേശിക്കുന്ന സ്കൂളിന്റെ ബാങ്ക് അക്കൗിൽ അടച്ച് വിശദാംശങ്ങൾ ഓൺലൈൻ പോർട്ടലിൽ രേഖപ്പെടുത്തണം. അപേക്ഷാ ഫീസ് സ്കൂൾ ഓഫീസിൽ പണമായോ പ്രിൻസിപ്പാളിന്റെ പേരിൽ മാറാവുന്ന ഡി.ഡി ആയോ നൽകാവുന്നതാണ്. പ്രോസ്പെക്ടസ്സ് ഇതേ വെബ്സൈറ്റിൽ ലഭിക്കും. അപേക്ഷകൾ മെയ് 18 മുതൽ മെയ് 26 വൈകീട്ട് നാല് വരെ സമർപ്പിക്കാം.

## സിവിൽ സ്റ്റേഷനുകളിലെ ജീവനക്കാർക്കായി പ്രത്യേക കെ.എസ്.ആർ.ടി.സി ബസ് സൗകര്യം

**മലപ്പുറം** : വിവിധ സിവിൽസ്റ്റേഷനുകളിലെയും സർക്കാർ ഓഫീസുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനായി ജില്ലയിലെ പ്രധാന കേന്ദ്രങ്ങളിൽ നിന്നും സിവിൽ സ്റ്റേഷനുകളിലേക്കും തിരിച്ചും യാത്ര ചെയ്യുന്നതിനായി സർക്കാർ ജീവനക്കാർക്ക് മാത്രമായി ജില്ലാ ഭരണകൂടം കെ.എസ്.ആർ.ടി.സി ബസ് സൗകര്യം ഏർപ്പെടുത്തുന്നു. ജീവനക്കാരുടെ പേര്, മൊബൈൽ നമ്പർ, യാത്ര ആരംഭിക്കുന്ന സ്ഥലം, ഓഫീസ് എന്നീ വിവരങ്ങൾതഹസിൽദാർക്ക് കൈമാറണം. കൂടുതൽ വിവരങ്ങൾക്ക് 048302739576.

## സർക്കാർ ഉത്തരവിന് പുല്ലുവില; നാട്ടുകാർ ഭീതിയിൽ

പരപ്പനങ്ങാടി:പാലത്തിങ്ങൽ ,കീരനെല്ലൂർ, കരിങ്കല്ലത്താണി ഭാഗങ്ങളിലെ പുഴയിൽ മണൽ അടിഞ്ഞു കൂടിയത് പ്രദേശവാസികളിൽ ഭയാശങ്ക സൃഷ്ടിക്കുന്നു. കാലവർഷം അടുക്കാനായതു കൊണ്ട് പുഴയിൽ അടിഞ്ഞു കൂടിയ മണൽ നീക്കം ചെയ്തില്ലെങ്കിൽ പ്രദേശമാകെ വെള്ളം കയറുന്ന അവസ്ഥ വരും. ഈ ഭാഗത്ത് താമസിക്കുന്നവർക്കും, ഇതര പ്രദേശത്തുള്ളവരും അതൊരു ദുരിതമാകും. രണ്ട് മാസത്തിൽ കൂടുതലായി പുഴയിൽ നിന്ന് മണൽ നീക്കം ചെയ്യണമെന്നു കാണിച്ച് പരപ്പനങ്ങാടി നഗരസഭക്ക് സർക്കാർ ഉത്തരവ് വന്നിട്ട് .നഗരസഭയും, ഇറിഗേഷനും സംയുക്തമായി ചെയ്യേണ്ട പ്രവർത്തിയാണിത്. കാലവർഷം അടുത്തെത്തിയിട്ടും അധികൃതർ മൗനം അവലംബിക്കുകയാണ്.ഉടൻ തന്നെ മണലെടുക്കുന്ന പ്രവൃത്തി തുടങ്ങി നാട്ടുകാരുടെ ഭീതിയകറ്റണമെന്ന് പരപ്പനാട് ഡവലപ്മെന്റ് ഫോറം (പി.ഡി.എഫ്) ആവശ്യപ്പെട്ടു.

## മഞ്ചേരി മെഡിക്കൽ കോളേജിൽ ര് കോവിഡ് വിസ്കുകൾ സ്ഥാപിച്ചു

മലപ്പുറം :കോവിഡ് പരിശോധനയ്ക്ക് സാമ്പിൾ എടുക്കാൻ മഞ്ചേരി മെഡിക്കൽ കോളേജിൽ ര് കോവിഡ് വിസ്കുകൾ സ്ഥാപിച്ചു. നൂതന സംവിധാനങ്ങളുപയോഗിച്ച് കോവിഡ് പരിശോധനയ്ക്കായി ആളുകളുടെ ശരീരസ്രവം ശേഖരിക്കുന്ന സംവിധാനമാണ് കോവിഡ് വിസ്കുകൾ. പൊതുമരാമത്ത് മെഡിക്കൽ കോളേജ് വിഭാഗത്തിന്റെ നേതൃത്വത്തിൽ 75,000 രൂപ ചെലവഴിച്ചാണ് വിസ്ക് കേന്ദ്രങ്ങൾ സ്ഥാപിച്ചത്. ഇതിലൂടെ പി.പി.ഇ കിറ്റ് ധരിക്കാതെ തന്നെ സ്രവ സാമ്പിൾ ശേഖരിക്കാൻ സാധിക്കും.

വിസ്കുകളിൽ അണുനശീകരണത്തിനായി ലേസർ ലൈറ്റുകൾ സ്ഥാപിച്ചിട്ടു്. നെഗറ്റീവ് പ്രഷർ നൽകാനുള്ള സംവിധാനവും സജ്ജീകരിച്ചിട്ടു്. ഓരോ തവണ സ്രവം സ്വീകരിച്ച ശേഷം ഇരിപ്പിടവും ഗ്ലൗസും അണുവിമുക്തമാക്കും. ഏത് സ്ഥലത്തേക്കും മാറ്റാവുന്ന രീതിയിലാണ് വിസ്ക് സ്ഥാപിച്ചിരിക്കുന്നത്.

കോവിഡ് ഒ പിക്ക് മുന്നിൽ സ്ഥാപിച്ച വിസ്ക് കേന്ദ്രം ഇന്നലെ (മെയ് 15) മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. എം.പി ശശി ഉദ്ഘാടനം ചെയ്തു. കോവിഡ് നോഡൽ ഓഫീസർ ഡോ.പി. ഷിനാസ് ബാബു, മൈക്രോബയോളജി വിഭാഗം മേധാവി ഡോ. അനിത, ഇ.എൻ.ടി വിഭാഗം മേധാവി ഡോ. സുമ, ആശുപത്രി ജീവനക്കാർ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

## കോവിഡ് ധനസഹായം

മലപ്പുറം : ലേബർ വെൽഫെയർ ഫണ്ട് ബോർഡിന്റെ പരിധിയിൽ വരുന്ന ചെറുകിട/ വൻകിട ഫാക്ടറി തൊഴിലാളികൾ, സഹകരണസ്ഥാപനങ്ങളിലെ തൊഴിലാളികൾ എന്നിവർക്ക് 1000 രൂപ വീതം കേവിഡ് ധനസഹായം നൽകുന്നു.ആനുകൂല്യം ലഭിക്കുന്നതിനായി തൊഴിലുടമ ലേബർ വെൽഫെയർ ബോർഡിന്റെ ംംം.ഹമയീൗൃംലഹളമൃലളൗിറ.ശി എന്ന വെബ്സൈറ്റിലേക്ക് വിവരങ്ങൾ അപ് ലോഡ് ചെയ്യണം. യൂസർ ഐഡി ലഭിക്കുന്നതിനായി ലേബർ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ കാര്യാലയവുമായി ഫോണിൽ ബന്ധപ്പെടണം. ഫോൺ: 0491 2505135

### വൈദ്യുതി തടസ്സപ്പെടും

മലപ്പുറം :മക്കരപ്പറമ്പ് ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന സബ്സ്റ്റേഷൻ മുതൽ മക്കരപ്പറമ്പ് ടൗൺ വരെയുള്ള ഭാഗങ്ങളിൽ ഇന്ന് (മെയ് 16) രാവിലെ 7.30 മുതൽ വൈകീട്ട് 3.30 വരെ വൈദ്യുതി വിതരണം തടസ്സപ്പെടുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

# ജീവനക്കാർക്കായി സിവിൽ സ്റ്റേഷനിലേക്ക് കെ.എസ്.ആർ.ടി.സി സർവീസ് ആരംഭിച്ചു



കോഴിക്കോട്: സിവിൽ സ്റ്റേഷൻ മുന്നിലൂടെ ഇന്ന് പതിവ് ദിവസത്തെ പോലെ കെ.എസ്.ആർ.ടി.സി ബസുകൾ വന്നു. പക്ഷേ ബസിൽ സർക്കാർ ജീവനക്കാർ മാത്രമാണ് യാത്രക്കാരായി ഉണ്ടായിരുന്നത്. എല്ലാവരും മാസ്ക് ധരിച്ച് സാമൂഹിക അകലം പാലിച്ചാണ് ഓഫീസുകളിലേക്ക് എത്തിയത്. സർക്കാർ ഓഫീസുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് കോഴിക്കോട് ജില്ലയിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ നിന്ന് സിവിൽ സ്റ്റേഷനിലേക്കും തിരിച്ചും സർക്കാർ ജീവനക്കാർക്ക് മാത്രമായി കെ.എസ്.ആർ.ടി.സി ബസ് സർവ്വീസുകൾ ആരംഭിക്കാൻ ജില്ലാകലക്ടർ നിർദ്ദേശം നൽകിയിരുന്നു. സാധാരണ നിരക്കിന്റെ ഇരട്ടിയാണ് യാത്രാ ചാർജ്ജായി ഈടാക്കിയത്. ജീവനക്കാർക്ക് കൈകൾ ശുചീകരിക്കാൻ സാനിറ്റൈസറും നൽകി. നിശ്ചിത അകലം പാലിച്ചാണ് യാത്രക്കാർക്ക് സീറ്റുകൾ നൽകിയത്. മൂന്ന് പേർക്ക് ഇരിക്കാവുന്ന സീറ്റിൽ രണ്ടു പേരും രണ്ടാൾക്കിരിക്കാവുന്ന സീറ്റിൽ ഒരാളെയുമാണ് ഇരിക്കാൻ അനുവദിച്ചത്. പരമാവധി 30 ജീവനക്കാരെ മാത്രമാണ് ബസിൽ പ്രവേശിപ്പിച്ചത്. ജീവനക്കാർ പ്രോട്ടോക്കോൾ പാലിച്ച് ഈ സൗകര്യം പരമാവധി ഉപയോഗപ്പെടുത്തണമെന്ന് ജില്ലാ കലക്ടർ അറിയിച്ചിരുന്നു. ആദ്യദിവസം ആയതിനാൽ .യാത്രക്കാർ കുറവായിരുന്നെങ്കിലും വരും ദിവസങ്ങളിൽ കൂടുതൽ ജീവനക്കാർ ബസ് സൗകര്യം ഉപയോഗപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നതായി ബസ് ജീവനക്കാർ പറഞ്ഞു.

ഇനി മുതൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും നിശ്ചിത സമയത്ത് സർവീസ് ഉണ്ടാകും. അനുവദിച്ച റൂട്ടുകളിലെ ബസ് സ്റ്റോപ്പുകളിൽ നിന്ന് ഔദ്യോഗിക തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിലാണ് ജീവനക്കാർക്ക് ഈ സൗകര്യം ഒരുക്കിയത്.

തൊട്ടിൽപ്പാലം- കുറ്റ്യാടി- ഉള്ള്യേരി (രാവിലെ 8.10), ബാലുശ്ശേരി - നന്മണ്ട (8.30), മുക്കം-കുന്നമംഗലം (8.45), വടകര-കൊയിലാണ്ടി (8.20), രാമനാട്ടുകര- ഫറോക്ക് (9.00), താമരശ്ശേരി-നരിക്കുനി (വഴി) (8.30) എന്നീ റൂട്ടുകളിൽ നിന്നാണ് ബസുകൾ സിവിൽ സ്റ്റേഷനിലെത്തിയത്.

സിവിൽ സ്റ്റേഷനിൽ നിന്നും വൈകീട്ട് 5.10 ന് തിരികെ പുറപ്പെട്ടു.

സർവ്വീസുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് 8547616019, 0495 2370518 നമ്പറുകളിൽ ബന്ധപ്പെടാം.

## സ്കിൽ രജിസ്റ്റർ തയ്യാറാക്കി

വടകര: അഴിയൂർ ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന അതിഥി തൊഴിലാളികളുടെ സ്കിൽ രജിസ്റ്റർ തയ്യാറാക്കി. പഞ്ചായത്തിലെ അതിഥി തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വം, വരുമാനം എന്നിവ ഉറപ്പു വരുത്താൻ സർക്കാർ നിർദ്ദേശാനുസരണമാണ് സ്കിൽ മാപ്പിങ് നടത്തിയത്. തൊഴിലാളികളുടെ തൊഴിൽ വൈദഗ്ധ്യം, പ്രതിദിന കൂലി, നൈപുണ്യശേഷി എന്നീ വിവരങ്ങളാണ് ശേഖരിച്ചത്.

തമിഴ്നാട്, പശ്ചിമ ബംഗാൾ, രാജസ്ഥാൻ, ബീഹാർ, ഉത്തർപ്രദേശ്, ആസാം എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള 444 തൊഴിലാളികൾ ഇവിടെ താമസിക്കുന്നു. എങ്കിലും 350 പേരാണ് സ്കിൽ രജിസ്റ്ററിലേക്കുള്ള വിവരങ്ങൾ നൽകിയത്. നിർമാണ മേഖല, മാർബിൾ, സിമന്റ് അനുബന്ധ ജോലി, മെയ്സൺ, പ്ലംബർ, മെക്കാനിക്, ബാർബർ, ആശാരി, എന്നീ മേഖലയിലുള്ള തൊഴിലിൽ നല്ല പരിചയമുണ്ടെങ്കിലും അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച യോഗ്യതാപത്രം ഇവർക്കില്ല. നിലവിൽ 600 നും 1200 നു ഇടയിൽ പ്രതിദിനം കൂലി ലഭിക്കുന്നു്.

പഞ്ചായത്ത് പ്രസിഡന്റ് വി.പി ജയൻ, സെക്രട്ടറി ടി ഷാഹുൽ ഹമീദ് എന്നിവരുടെ മാർഗ നിർദ്ദേശ പ്രകാരമാണ് രജിസ്റ്റർ തയ്യാറാക്കിയത്. പഞ്ചായത്തിലെ ഹെൽപ് ഡെസ്കിൽ പ്രവർത്തിക്കുന്ന നവാഗത് ക്ലബ്ബ് അംഗങ്ങളായ ഷിജിൻ, ദിപിൻ, ജാവീദ്, സായൂജ്, ദിനിൽ എന്നിവരുടെ സഹായത്തോടെയാണ് സ്കിൽ മാപ്പിങ് നടത്തിയത്. രജിസ്റ്ററിൽ ഉൾപ്പെട്ടവരുടെ സേവനം ആവശ്യമെങ്കിൽ 97445 43801 നമ്പറിൽ വിളിക്കാം.

## നാലാം ക്ലാസുകാരന് ലഭിച്ചസ്വർണ മെഡൽ കോവിഡ് പ്രതിരോധത്തിന്

വടകര: മാത്സ് ടാലന്റ് സെർച്ച് പരീക്ഷയിൽ ഒന്നാം റാങ്ക് നേടി സമ്മാനമായി ലഭിക്കുന്ന സ്വർണ മെഡൽ കോവിഡ് പ്രതിരോധത്തിന് നൽകി നാലാം ക്ലാസ് വിദ്യാർഥി മാതൃകയായി. മണിയൂർ പഞ്ചായത്തിലെ കുറുന്തോടി യു.പി സ്കൂളിലെ നാലാം ക്ലാസ് വിദ്യാർഥി ഭഗത് തെക്കേടത്താണ് ഇത്തരമൊരു മാതൃകാ പ്രവർത്തനം കാഴ്ച വെച്ചത്. ഗണിത ശാസ്ത്ര പരിഷത്ത് ഈ വർഷം സംസ്ഥാന തലത്തിൽ നടത്തിയ മത്സരത്തിൽ ഒന്നാം റാങ്കും സ്വർണ്ണ മെഡൽ അവാർഡും ഭഗത്തിനാണ് ലഭിക്കുന്നത് ലോക്ക് ഡൗണിനു ശേഷം കോട്ടയത്തു നടക്കുന്ന ചടങ്ങിൽ വെച്ചാണ് അവാർഡ് ദാനം. എന്നാൽ അതു വരെ കാത്തു നിൽക്കാതെ സ്വർണ്ണ മെഡലിന് തുല്യമായ സംഖ്യ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഭഗത് വടകര തഹസിൽദാർ കെ.കെ രവീന്ദ്രന് കൈമാറുകയായിരുന്നു. ഒന്നാം ക്ലാസ് മുതൽ കഴിഞ്ഞ നാലു വർഷമായി തുടർച്ചയായി സംസ്ഥാന തല മത്സരത്തിൽ ഈ കൊച്ചു പ്രതിഭ ആദ്യ 10 റാങ്കുകാരി ഒരാളായിരുന്നു. കഴിഞ്ഞ വർഷം രണ്ടാം റാങ്ക് നേടി. മാധ്യമം ലിറ്റിൽ സ്കോളർ, അക്ഷരമുറ്റം, സഹപാഠി, പ്രതിഭോത്സവം, വിദ്യാരംഗം, ബഹിരാകാശ ക്വിസ്, സ്വാതന്ത്ര്യ സമര ചരിത്ര ക്വിസ് തുടങ്ങി നിരവധി മത്സരങ്ങളിൽ ജില്ലാ സംസ്ഥാന തലത്തിൽ പ്രതിഭ തെളിയിച്ചിട്ടുമുണ്ട്.

## അധ്യാപക ദമ്പതിമാർ പെൻഷൻ തുക നൽകി

വടകര :മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒരു മാസത്തെ പെൻഷൻ തുക സംഭാവന നൽകി അധ്യാപക ദമ്പതികൾ മാതൃകയായി.കുറുന്തോടി നെല്ലാച്ചേരി താഴകുനി കെ പി കണാരനും ഭാര്യ ശാന്തയുമാണ് അവരുടെ ഓരോ മാസത്തെ പെൻഷൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തത്. .മണിയൂർ വില്ലേജ് ഓഫീസർ ബൈജു രാജ് തുക ഏറ്റു വാങ്ങി.

## കോവിഡ് 19: ദുബായിൽ നിന്നെത്തിയ ഗർഭിണിക്ക് കോവിഡ്

കോഴിക്കോട് ജില്ലയിൽ ഒരു കോവിഡ് പോസിറ്റീവ് കേസ് കൂടി റിപ്പോർട്ട് ചെയ്തതായി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.വി ജയശ്രീ അറിയിച്ചു. നരിപ്പറ്റ സ്വദേശിനിയായ 30 വയസ്സുള്ള ഗർഭിണിക്കാണ് രോഗം സ്ഥിരീകരിച്ചത്. മെയ് 8 ന് പുലർച്ചെ 2 മണിക്ക് ദുബായ്- കോഴിക്കോട് വിമാനത്തിൽ കരിപ്പൂരിൽ എത്തിയതായിരുന്നു. സ്വകാര്യ വാഹനത്തിൽ വീട്ടിലെത്തുകയും തുടർന്ന് വീട്ടിൽ നിരീക്ഷണത്തിൽ തുടരുകയുമായിരുന്നു. മെയ് 12 ന് രോഗലക്ഷണങ്ങൾ കതിനെ തുടർന്ന് മെഡിക്കൽ കോളേജിൽ ഐസൊലേഷൻ വാർഡിലേക്ക് മാറ്റുകയും സ്രവ സാംപിൾ പരിശോധനയിൽ പോസിറ്റീവ് ആവുകയും ചെയ്തു. ഇപ്പോൾ ആരോഗ്യ സ്ഥിതി തൃപ്തികരമാണ്. ഇവരെകൂടാതെ ഒരു കോഴിക്കോട് സ്വദേശിയും ഒരു മലപ്പുറം സ്വദേശിയും കോവിഡ് പോസിറ്റീവ് ആയി മെഡിക്കൽ കോളേജിൽ ചികിൽസയിലു്. ഇന്ന് 78 സ്രവ സാംപിൾ പരിശോധനയ്ക്ക് അയച്ചിട്ടു്. ആകെ 2596 സ്രവ സാംപിളുകൾ പരിശോധനയ്ക്ക് അയച്ചതിൽ 2477 എണ്ണത്തിന്റെ ഫലം ലഭിച്ചു. ഇതിൽ 2444 എണ്ണം നെഗറ്റീവ് ആണ്. സാമ്പിളുകളിൽ 119 പേരുടെ പരിശോധനാ ഫലം കൂടി ലഭിക്കാനു്.

ജില്ലയിൽ പുതുതായി വന്ന 406 പേർ ഉൾപ്പെടെ 4323 പേർ ഇപ്പോൾ നിരീക്ഷണത്തിലു്. ഇതുവരെ നിരീക്ഷണം പൂർത്തിയാക്കിയത് 23217 പേരാണ്. ഇന്ന് വന്ന 21 പേർ ഉൾപ്പെടെ 33 പേരാണ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിരീക്ഷണത്തിലുള്ളത്. 12 പേർ ആശുപത്രി വിട്ടു.

ഇന്ന് വന്ന 107 പേർ ഉൾപ്പെടെ ആകെ 384 പ്രവാസികളാണ് ജില്ലയിൽ നിരീക്ഷണത്തിലുള്ളത്. ഇതിൽ 159 പേർ ജില്ലാ ഭരണകൂടത്തിന്റെ കോവിഡ് കെയർ സെന്ററുകളിലു211 പേർ വീടുകളിലുമാണ്. 14

## ജില്ലയിൽ രണ്ട് പേർക്ക് കൂടി കോവിഡ് സ്ഥിരീകരിച്ചു

കോഴിക്കോട് : ജില്ലയിൽ ഇന്ന് (15.5.20) രണ്ട് പേർക്ക് കൂടി കോവിഡ് സ്ഥിരീകരിച്ചു. കുവൈത്തിൽ നിന്നെത്തിയ 43 കാരനായ കൊയിലാണ്ടി സ്വദേശിക്കും ചെന്നൈയിൽ നിന്ന് വന്ന 27 കാരനായ കോടഞ്ചേരി സ്വദേശിക്കുമാണ് കോവിഡ് സ്ഥിരീകരിച്ചത്.

കൊയിലാണ്ടി സ്വദേശി (43) മെയ് 13 ന് കുവൈത്തിൽ നിന്നും കരിപ്പൂർ എയർപോർട്ടിൽ എത്തിയതാണ്. അവിടെ നിന്ന് പരിശോധയിൽ രോഗലക്ഷണങ്ങൾ കണ്ടതിനെ തുടർന്ന് മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കുകയും സ്രവ പരിശോധനയിൽ രോഗം സ്ഥിരീകരിക്കുകയും ചെയ്തു. കോടഞ്ചേരി സ്വദേശി (27) മെയ് 7 ന് ചെന്നൈയിൽ നിന്നു കാർ മാർഗ്ഗം കോടഞ്ചേരിയിൽ എത്തുകയും കൊറോണ കെയർ സെന്ററിൽ ക്വാറന്റൈനിൽ പ്രവേശിക്കുകയും ചെയ്തു. ഇയാളുടെ കൂടെ സഞ്ചരിച്ച ആൾ മാനന്തവാടിയിൽ പോസിറ്റീവ് ആയതിനെ തുടർന്ന് സ്രവ പരിശോധന നടത്തുകയും പോസിറ്റീവ് സ്ഥിരീകരിച്ചതിനെ തുടർന്ന് മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കുകയും ചെയ്തു. രണ്ടു പേരുടെയും ആരോഗ്യനില തൃപ്തികരമാണ്.

ഇതോടെ ജില്ലയിൽ കോവിഡ് സ്ഥിരീകരിച്ചവരുടെ ആകെ എണ്ണം 28 ആയി. ഇതിൽ 24 പേർ നേരത്തെ അസുഖം ഭേദമായി ആശുപത്രി വിട്ടിരുന്നു. നാല് പേരാണ് ഇപ്പോൾ പോസിറ്റീവായി തുടരുന്നത്. ഇതുകൂടാതെ കോവിഡ് സ്ഥിരീകരിച്ച ഒരു മലപ്പുറം സ്വദേശിയും മെഡിക്കൽ കോളേജിലുണ്ട്.

## ക്വാറന്റൈൻ കേന്ദ്രം പൂട്ടൽ: ആർ.എം.പി സമരത്തിന്

വടകര: ഏറാമല പഞ്ചായത്തിലെ ക്വാറന്റൈൻ കേന്ദ്രങ്ങൾ പൂട്ടി ആളുകളെ ഒഴിവാക്കാനുള്ള നീക്കത്തിനെതിരെ ആർ.എം.പി.ഐ സമരം നടത്തി. പഞ്ചായത്ത് ഓഫിസിനും വില്ലേജ് ഓഫിസിനും മുമ്പിൽ കോവിഡ് മാനദണ്ഡം പാലിച്ച് പ്രവർത്തകർ സമരം ചെയ്തു.

എം.ഇ.എസ് സ്കൂൾ, എം.എം യത്തീംഖാന, ഗവ വി.എച്ച്.എസ് എസ്, കുന്നുമ്മക്കര മദ്രസ എന്നീ സ്ഥാപനങ്ങളിലാണ് നേരത്തെ ക്വാറന്റൈൻ കേന്ദ്രങ്ങളാക്കാൻ ഉദ്ദേശിച്ചത്. ഇതിൽ എം.ഇ.എസ് ഒഴികെ മറ്റു സ്ഥാപനങ്ങളെല്ലാം അപര്യാപ്തമായിരുന്നു. ഇവിടെങ്ങളിലെല്ലാം കഴിഞ്ഞവർ സൗകര്യക്കുറവിന്റെ പേരിൽ വീടുകളിലേക്ക് തന്നെ മടങ്ങുന്ന അവസ്ഥയിലാണുള്ളത്. ഈ സാഹചര്യത്തിലാണ് അധികൃതരുടെ അലംഭാവത്തിനെതിരെ ആർ.എം.പി രംഗത്തെത്തിയത്.

പ്രാഥമിക സൗകര്യങ്ങളൊന്നുമില്ലാത്ത കേന്ദ്രങ്ങൾ ക്വാറന്റൈനിനു വേണ്ടി തിരഞ്ഞെടുത്തതിൽ പഞ്ചായത്ത് കുറ്റകരമായ അനാസ്ഥയാണ് കാണിച്ചതെന്ന് നേതാക്കൾ അഭിപ്രായപ്പെട്ടു.

## അനുശോചിച്ചു

എരഞ്ഞിപ്പാലം : മുൻ എസ്.എൻ.ഡി.പി യൂണിയൻ പ്രസിഡണ്ടും ഹോമിയോ ഡോക്ടറുമായ വിദ്യപ്രകാശിന്റെ ദേഹവിയോഗത്തിൽ എരഞ്ഞിപ്പാലം ശാഖ അനുശോചിച്ചു. സെക്രട്ടറി സി.പി.കുമാരൻ അനുശോചന പ്രമേയം അവതരിപ്പിച്ചു. ശിബികാ ദിനേശ്, അർഷിത, അനസു പ്രസംഗിച്ചു.

## വിളവ് പാടങ്ങൾ

വടകര: അതിജീവനത്തിന്റെ വിളവു പാടങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി 100 ഏക്കർ സ്ഥലത്തു കൃഷി ചെയ്യാൻ തീരുമാനിച്ചു. ഡി.വൈ.എഫ്.ഐ വടകര ബ്ലോക്കിനു കീഴിലുള്ള 16 മേഖല കമ്മിറ്റിയുടെ പരിധിയിലെ സ്ഥലത്താണ് കൃഷി ആരംഭിക്കുന്നത്.



# വയനാട് അതിർത്തികടന്ന് ഉത്തരേന്ത്യക്കാർ വയനാട്ടിൽ




ബത്തേരി: കർണാടക അതിർത്തിയോട് ചേർന്ന തകരപ്പാടി മുത്തങ്ങ എന്നിവിടങ്ങളിൽ വയനാട് ജില്ലാ ഭരണകൂടം ഒരുക്കിയ പരിശോധനകളുടെ കണ്ണ് വെട്ടിച്ച് രണ്ട് അന്യസംസ്ഥാന തൊഴിലാളികൾ ബത്തേരിയിൽ. ഇന്നലെ പുലർച്ചെ പത്രമെടുക്കാൻ ബസ്റ്റാന്റിലെത്തിയവരും ടൗൺ ക്ലീനിംഗ് തൊഴിലാളികളുമാണി വരെ കണ്ടത്. മധ്യപ്രദേശിലെ ഗോളിയോർ സ്വദേശികളായ രാജേന്ദ്രൻ, ഗംഭീർ എന്നിവരാണ് പരിശോധന സംഘത്തിന്റെയും പോലീസിന്റെയും കണ്ണ് വെട്ടിച്ച് വയനാട് അതിർത്തി കടന്നത്.

മധ്യപ്രദേശിൽ നിന്ന് ലോറിയിലാണ് തങ്ങളിരു പരും മൂലഹള്ള അതിർത്തി വരെ എത്തിയതെന്ന് ഇവർ പറഞ്ഞു. അതിർത്തി കടക്കാനുള്ള പാസോ മറ്റ് രേഖകളോ ഇവരുടെ കൈവശം ഇല്ലായിരുന്നു.തുടർന്ന് ബത്തേരി മുനിസിപ്പാലിറ്റി അധികൃതരെ വിവരം അറിയിച്ചു.തുടർന്ന് ആരോഗ്യ വകുപ്പധികൃതരും മുനിസിപ്പാലിറ്റിയിലെ ചില ജീവനക്കാരും ബത്തേരി സ്റ്റാന്റിലെത്തി ആംബുലൻസി കയറ്റി ക്വോറണ്ടൈനിലാക്കി.

ഇവരു പേരിൽ കേസെടുത്തതായി നഗരസഭാ ചെയർമാൻ പറഞ്ഞു. മധ്യപ്രദേശിൽ നിന്ന് ഇവരേയും കയറ്റി കർണ്ണാടക അതിർത്തിവരെ എത്തിച്ച ലോറി കണ്ടെത്താൻ സർക്കാർ നടപടി കൈക്കൊള്ളണമെന്നും മറ്റ് ഇതര സംസ്ഥാനങ്ങളിൽ നിന്ന് പാസോ അനുബന്ധ രേഖകളോ ഇല്ലാതെ നിരവധിയാളുകൾ മുത്തങ്ങ വഴി നുഴഞ്ഞ് കയറുന്നതായി സംശയമുണ്ടെന്നും നഗരസഭാ ചെയർമാൻ ടി എൽ സാബു പറഞ്ഞു. ബത്തേരി പഴയ ബസ്റ്റാന്റിനകവും പരിസരവും അണു നശീകരിണി തെളിച്ച് ശുചീകരിച്ചു.

സുൽത്താൻബത്തേരി സ്റ്റേഷനിൽ മതിയായ പോലീസുകാർ ഇല്ലാത്തതുകൊണ്ട് ഉടൻ വരാൻ കഴിയില്ലെന്നാണ് പോലീസ് വിശദീകരിച്ചത്. എന്നാൽ അതിർത്തി പട്ടണമെന്ന നിലയിൽ അതീവ ജാഗ്രത വേണ്ട സമയത്ത് ഇങ്ങനെ സംഭവിച്ചത് വലിയ സുരക്ഷാ വീഴ്ച്ചയാണെന്നാണ് നഗരസഭാ ചെയർമാൻ പറഞ്ഞു. ചരക്ക് ലോറികളിൽ ഉൾപ്പടെ പണം വാങ്ങി ഇത്തരം ആളുകള കടത്തുന്നുണ്ട്. അതിർത്തി വഴിയും നിരവധി പേർ യാത്രാ രേഖകൾ ഇല്ലാതെ ജില്ലയിലെത്തുകയാണ് 'അന്തർസംസ്ഥാന അതിർത്തി പട്ടണമായ

ബത്തേരിയിൽ ജാഗ്രത വർദ്ധിപ്പിച്ചില്ലെങ്കിൽ വലിയ ദുരന്തം സംഭവിക്കുമെന്നും ബത്തേരി നഗരസഭ ചെയർമാൻ ടി.എൽ സാബു വ്യക്തമാക്കി.

## ഭരണകൂട പ്രവർത്തനങ്ങളിൽ അതൃപ്തിയില്ല :സിപിഎം

കൽപ്പറ്റ : ഭരണകൂടത്തിന്റെ പ്രവർത്തനങ്ങളിൽ : സെക്രട്ടറിയേറ്റ് 338 കൽപ്പറ്റ : വയനാട് ജില്ലയിലെ കോവിഡ് -19 പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വയനാട് ജില്ലാ ഭരണകൂടത്തിനെതിരായി ചില മാധ്യമങ്ങളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി കൺവീനർ കെ.വി മോഹനന്റെ ഫേസ്ബുക്ക് പോസ്റ്റുമായി ബന്ധപ്പെട്ട് വന്ന വാർത്തകളിൽ പറയുന്നതുപോലെ സി.പി.ഐ ( എം ) നോ , ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കോ ജില്ലാ ഭരണകൂടത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അത്തരത്തിലൊരു അഭിപ്രായമില്ലെന്ന് സി.പി.ഐ ( എം ) ജില്ലാസെക്രട്ടറിയേറ്റ്. ഫേസ്ബുക്ക് പോസ്റ്റിൽ വന്നിട്ടുള്ള പിശകുകളെ സംബന്ധിച്ച് കെ വി മോഹനൻ തന്നെ വ്യക്തത വരുത്തിയിട്ടുണ്ട് . കൊവിഡ് -19 മായി ബന്ധപ്പെട്ട ജില്ലയിലെ പ്രവർത്തനങ്ങൾ പൊതുവെ മെച്ചപ്പെട്ട് നിലയിൽ തന്നെയാണ് ജില്ലയിൽ നടന്നിട്ടുള്ളതെന്നും സി.പി.ഐ ( എം ) ജില്ലാ സെക്രട്ടറിയേറ്റ് അഭിപ്രായപ്പെട്ടു . പുതിയ സാഹചര്യത്തിൽ വിദേശത്തുനിന്നും , ഇതര സംസ്ഥാനങ്ങളിൽനിന്നും ആളുകൾ വരുന്നതിന്റെ ഭാഗമായി ഉടലെടുത്ത സവിശേഷ സാഹചര്യത്തെ ജില്ലാ ഭരണകൂടത്തിന്റെ പരാജയമായോ , ആരോഗ്യവകുപ്പിന്റെ പരാജയമായോ ചിത്രീകരിക്കാനുള്ള യാതൊരു ശ്രമത്തെയും അംഗീകരിക്കപ്പെടണ്ടതല്ല . ജില്ലയിൽ നടക്കുന്ന പ്രവർത്തനങ്ങളെ സംസ്ഥാന സർക്കാർ തന്നെ വിലയിരുത്തി മികച്ച ഏകോപനമാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട് . ഏതെങ്കിലും തരത്തിലുള്ള പുതിയ വിഷയങ്ങൾ രൂപം കൊള്ളുമ്പോൾ കൊവിഡ് -19 ഭാഗമായുള്ള വൈറസ് വ്യാപനത്തെ പ്രതിരോധിക്കുന്നതിന് നടത്തുന്ന ഏതൊരു ശ്രമത്തെയും ദുർബലപ്പെടുത്താനുള്ള നീക്കങ്ങൾ അപലപനീയമാണ് . വളരെ ത്യാഗപൂർണ്ണമായാണ് ജില്ലയിലെ ആരോഗ്യപ്രവർത്തകരും , പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് . ഏതെങ്കിലും ചില ആളുകളുടെ പ്രത്യേക പിശകുകളുടെ അടിസ്ഥാനത്തിൽ മികച്ച പ്രവർത്തനങ്ങളെ മോശപ്പെടുത്താനുള്ള എല്ലാ നീക്കങ്ങളും മോശപ്പെടുത്താനുള്ള എല്ലാ നീക്കങ്ങളും അപലപനീയമാണ് . ഒറ്റക്കെട്ടായി എല്ലാവരും യോജിച്ചുനിന്ന് ജനങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിന് നടത്തുന്ന ഈ പോരാട്ടത്തിൽ മുന്നോട്ടുപോകണമെന്ന് സി.പി.ഐ ( എം ) ജില്ലാ സെക്രട്ടറിയേറ്റ് അഭിപ്രായപ്പെട്ടു .

## കൊവിഡ് സമ്പർക്ക പ്രദേശങ്ങളിൽ നിയന്ത്രണങ്ങൾ കടുപ്പിച്ച് ജില്ലാ ഭരണകൂടം

കൽപ്പറ്റ: കൊവിഡ് 19 കൂടുതൽകേസുകൾ സ്ഥിരീകരിച്ച സാഹചര്യത്തിൽ കർശന നിയന്ത്രണമേർപ്പെടുത്തുന്നതിന്റെ ഭാഗമായി മാനന്തവാടി മുൻസിപ്പാലിറ്റി,തിരുനെല്ലി,എടവക,വെള്ളമുണ്ട പഞ്ചായത്തുകൾ എന്നിവയുടെ പരിധിയിൽ വരുന്ന മെഡിക്കൽ ഷോപ്പുകൾ,പലചരക്ക് കടകൾ,പഴം പച്ചക്കറി കടകൾ ഒഴികെയുള്ള മുഴുവൻ കച്ചവട സ്ഥാപനങ്ങളും അടച്ചിടണമെന്ന് ജില്ലാകലക്ടർ ഉത്തരവിട്ടു.അവശ്യ സാധനങ്ങൾ എത്തിക്കാൻ ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി നേതൃത്വത്തിൽ വ്യാപാര സംഘടനകളുമായി ചേർന്ന് ഹോം ഡെലിവറി സംവിധാനം സജ്ജീകരിക്കുന്ന മുറയ്ക്ക് മറ്റ് കടകൾ കൂടി അടയ്ക്കുമെന്നും കളക്ടർ അറിയിച്ചു.

## ഡിറ്റിപിസിയിൽ സമ്പാത്തിക പ്രതിസന്ധി:

# സെക്യൂരിറ്റി ജീവനക്കാരെ ജോലിയിൽ നിന്ന് മാറ്റി നിർത്താൻ നിർദ്ദേശം

കൽപ്പറ്റ: കോവിഡ് 19 നെ തുടർന്ന് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ വരുമാനം പുർണ്ണമായും നിലച്ചതിനെ തുടർന്നുണ്ടയാ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന്

വയനാട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ കിഴിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ സെക്യൂരിറ്റി ജീവനക്കാരായി ജോലി ചെയ്യുന്ന വിമുക്തഭടൻമാർക്ക് പെൻഷൻ ലഭിക്കുന്നതു കൊണ്ട് ടൂറിസം മേഖല സജീമാകുന്നതുവരെ ജോലിയിൽ നിന്നും അടിയന്തരമായി മാറ്റി നിർത്താനണ് ജില്ലാ കളക്ടർ ഉത്തരവ് ഇറക്കിയിരിക്കുന്നത്.

ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ കിഴിലും കുറുവ, എടയ്ക്കൽ ഡിഎംസിയുടെ കിഴിലും കരാർ, ദിവസ വേതനാടിസ്ഥാനത്തിൽ നിരവധി പേർജോലി ചെയ്യുന്നുണ്ട്.

ഇവരും തൊഴിൽ നഷ്ടപ്പെടുമെന്ന അശങ്കയിലാണ്.

വിമുക്ത ഭടൻമാർക്ക് പെൻഷനും മറ്റ് അനുകുല്യങ്ങളും ലഭിക്കുന്നതിനാൽ താൽക്കാലം ജോലിയിൽ നിന്നും മാറ്റി നിർത്തിയാലും അവർക്ക് അശങ്കയക്ക് ഇടയില്ല. ഡിറ്റിപിസി, ഡിഎംസി യിലെയും ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ പ്രതിസന്ധി ഘട്ടത്തിൽ മാറ്റി നിർത്തരുതെന്ന അവശ്യം ശക്തമാണ്. ഭൂരിഭാഗം ടൂറിസം കേന്ദ്രങ്ങളിലും കരാർ ദിവസവേതന ജീവനക്കാരുടെ സേവനം ഒഴിവാക്കൻ കഴിയത്താതണ്. പ്രളായ സമയത്തെ രക്ഷപ്രവർത്തനത്തിലും ജില്ലാശുപത്രിയിലെ കോവിഡ് ഡ്യൂട്ടിയിലും ഇവർ സജീവമായിരിരുന്നു. സ്ഥിരംജീവനക്കാർക്ക് എല്ല അനുകുല്യങ്ങളും ലഭിക്കുമ്പേൾ ഇവർ ചെറിയ വേതനത്തിനാണ് ജോലി ചെയ്തിരുന്നത്. പലരും ജോലിയിൽ നിന്നും ലഭിക്കുന്ന ചെറിയ വരുമാനം കൊണ്ടണ് കുടുംബം പുലർത്തുന്നത്. ഇപ്പോൾ ജോലി പോകുമോയെന്ന അശങ്കയിലാണ്. ഇവരെ സംരക്ഷിക്കുന്നതിന് ജില്ലാ ഭരണകൂടം ഇടപ്പെടുമെന്ന പ്രതിക്ഷയിലാണ് ഇവർ കഴിയുന്നത്.

## രോഗബാധിതർ ദിനംപ്രതി കൂടുന്ന വയനാട്ടിൽ കോൺടാക്ട് ട്രേസിങ്ങിന് ചുമതല മുതിർന്ന ഉദ്യോഗസ്ഥന്

**കൽപ്പറ്റ** :രോഗബാധിതർ ദിനംപ്രതി കൂടുന്ന വയനാട്ടിൽ കോൺടാക്ട് ട്രേസിങ്ങിന് മുതിർന്ന ഉദ്യോഗസ്ഥന് ചുമതല നൽകി . കുരങ്ങുപനി പ്രതിരോധത്തിന്റെ ചുമതലയുള്ള മുൻ സ്റ്റേറ്റ് എപ്പിഡമോളജിസ്റ്റ് ഡോ സുകുമാരനാണ് ഡി എംഒ ചുമതല നൽകിയത് .

തങ്ങൾക്ക് രോഗം ബാധിച്ച ഉറവിടത്തെ സംബന്ധിച്ചുള്ള ആശങ്ക രോഗികൾ ഇന്ന് വാർത്ത ചാനലുകളോട് പങ്കുവച്ചിരുന്നു . രോഗബാധയുടെ ഉറവിടം സംബന്ധിച്ച ആശങ്ക നിലനിൽക്കുന്നതിനാൽ ജില്ലാ ഭരണകൂടം ജാഗ്രത കർശനമാക്കിയിരിക്കുകയാണ് . മൂന്ന് പൊലീസ് ഉദ്യോഗസ്ഥർക്കാണ് ജില്ലയിൽ വച്ച് ഇത

വരെ രോഗബാധയുണ്ടായത് . ഈ സാഹചര്യത്തിൽ ഉദ്യോഗസ്ഥർക്ക് ആർക്കെങ്കിലും രോഗലക്ഷണം തോന്നിത്തുടങ്ങുന്നുണ്ടെങ്കിൽ ആരോഗ്യ വകുപ്പിന്റെ നിർദേശത്തിന് കാത്തുനിൽക്കാതെ സ്വയം സമ്പർക്ക് വിലക്കിലേക്ക് മാറാമെന്നാണ് പുതിയ നിർദേശം . നിലവിൽ 70 പൊലീസുകാരാണ് ജില്ലയിൽ നിരീക്ഷണത്തിലുള്ളത് . അതേസമയം രോഗം സ്ഥിരീകരിച്ച പൊലീസുകാരിൽ ഒരാൾ കോട്ടയത്തെ ബന്ധുവീട്ടിൽ പേ

ായിരുന്നു . ഇയാളുമായി സമ്പർക്കത്തിലേർപ്പെട്ട കോട്ടയം മെഡിക്കൽ കോളേജിലെ ആരോഗ്യ പ്രവർത്തകയെയും മറ്റൊരാളെയും നിരീക്ഷണത്തിലാക്കി .രോഗം പടരുന്ന മാനന്തവാടിയിൽ കർശന നിയന്ത്രണങ്ങൾ തുടരുകയാണ് . കളക്ടറേറ്റിലെ അവലോകന യോഗങ്ങളും പതിവായുള്ള വാർത്താസമ്മേ

ളനവും താൽകാലികമായി നിർത്തി . ജില്ലാ പിആർഡി ഓഫീസിന്റെ പ്രവർത്തനം താൽകാലികമായി നിർത്തി . ജീവനക്കാർ വീടുകളിൽ ജോലി തുടരും . മെയ് ഒൻപതിന് രോഗം സ്ഥിരീകരിച്ച യുവാവിന്റെ റൂട്ട് മാപ്പ് ഇന്ന് പുറത്തുവിട്ടിരുന്നു . ഇയാൾ മൂന്ന് തവണ മാനന്തവാടി പൊലീസ് സ്റ്റേഷനില

ും ഒരുതവണ പ്രദേശത്തെ സ്വകാര്യ ആശുപത്രിയിലും പോയിരുന്നതായി റൂട്ട് മാപ്പിലുണ്ട് .

## വയനാട് കലക്ടറുടെ പതിവ് വാർത്താ സമ്മേളനം നിർത്തി

കൽപ്പറ്റ: മാധ്യമ പ്രവർത്തകരെ ഉൾപ്പെടുത്തി വയനാട് ജില്ലാ കലക്ടർ ഡോക്ടർ അദീല അബ്ദുള്ളയുടെ പതിവ് വാർത്താസമ്മേളനം നിർത്തി. വയനാട്ടിൽ കൂടുതൽ കോവിഡ് രോഗികൾ ഉണ്ടാവുന്ന

സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായാണ് സമ്പർക്കം ഒഴിവാക്കുന്നതിന് വാർത്താസമ്മേളനം താൽക്കാലികമായി നിർത്തി വെച്ചത്.ഇനി മുതൽ ജില്ലാ ഭരണകൂടത്തിന്റെ

അറിയിപ്പുകൾ വാർത്താക്കുറിപ്പുകളായും വീഡിയോയും. മാധ്യമങ്ങൾക്ക് നൽകും . ഇതിനിടെ ചില രാഷ്ട്രീയ വിവാദങ്ങളും ഉണ്ടായിരുന്നു.

## കുടുതൽ രോഗികൾ വയനാട്ടിൽ

കൽപ്പറ്റ:ദുബായിൽ നിന്നും വന്ന ബത്തേരി ചീരാൽ സ്വദേശിനിയായ 25 കാരിയായ ഗർഭിണി,29 കാരനായ ഇവരുടെ ഭർത്താവ്,കോയമ്പേട് നിന്ന് വന്ന രോഗം സ്ഥിരീകരിച്ച ചീരാൽ സ്വദേശിയായ യുവാവിനെ കാറിൽ കൂട്ടിക്കൊണ്ട് വന്ന സഹോദരൻ,രോഗം സ്ഥിരീകരിച്ച ലോറി ഡ്രൈവറുടെ മരുമകന്റെ പനവല്ലിയിലുള്ള 36 വയസ്സുള്ള സുഹൃത്ത്,ലോറി ഡ്രൈവറുടെ മകളുടെ പ്രാഥമിക സമ്പർക്കത്തിലുള്ള പനവല്ലി സ്വദേശിനായ 1 വയസ്സുള്ള കുട്ടി എന്നിവർക്കാണ് രോഗം സ്ഥിരീകരിച്ചത്.

## ചരമം



**കൃഷ്ണൻ നായർ**

മട്ടന്നൂർ: കായലൂർ കേളോത്ത് വീട്ടിൽ കൃഷ്ണൻ നായർ(76) നിര്യാതനായി. മട്ടന്നൂരിലെ ആദ്യകാല പത്ര ഏജന്റായിരുന്നു. സംസ്കാരം വീട്ടുവളപ്പിൽ നടത്തി. ഭാര്യ: കമല. മക്കൾ: മധു, രജീഷ്, ജ്യോതി. മരുമക്കൾ:

# സന്നദ്ധ പ്രവർത്തകരെ അക്രമിച്ച ക്രിമിനലുകൾക്കെതിരെ നടപടി സ്വീകരിക്കണം: യൂത്ത് കോൺഗ്രസ്

കൊട്ടിയൂർ: കൊട്ടിയൂരിലെയൂത്ത് കോൺഗ്രസ്സ് പ്രവർത്തകരും കോവിഡ് പ്രതിരോധ പ്രവർത്തനത്തിന് നേതൃത്വം നല്കുന്ന സന്നദ്ധ സേനാ അംഗങ്ങളുമായ സാവിയോ ജോണിനെയും ജിജോ അറക്കലിനെയും ക്രിമിനലുകളായ ഡി.വൈ.എഫ്.ഐ പ്രവർത്തകർ കൊട്ടിയൂരിലെ സപ്ലൈകോ പായ്ക്കിംങ്ങ് സെന്ററിൽ കയറി അക്രമിച്ചത് പ്രതിഷേധാർഹമാണെന്നും മനുഷ്യത്വമില്ലാത്ത കിരാതന്മാരായ ഡി.വൈ.എഫ്.ഐ ക്കാരുടെ ക്രൂരതക്കെതിരെ ജനാധിപത്യവിശ്വാസികൾ പ്രതിഷേധിക്കണമെന്നും യൂത്ത് കോൺഗ്രസ് ജില്ലാ കമ്മിറ്റി പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

കൊറോണ കാലത്ത് രാഷ്ട്രീയം പറയാൻ പാടില്ല എന്ന് പറയുന്ന
മുഖ്യമന്ത്രിയുടെ പാർട്ടിയുടെ പോഷക സംഘടന കൊറോണയെക്കാൾ വലിയ വൈറസായി ജനങ്ങൾക്ക് ഭീഷണിയായി മാറിയിരിക്കുകയാണെന്നുംവികൃതമനസ്സും മുഖവുമുള്ള അക്രമി സംഘങ്ങൾക്കെതിരെ ശക്തമായ നിയമ നടപടി സ്വീകരിക്കാൻ പോലീസ് തയ്യാറാകണമെന്നും സന്നദ്ധ പ്രവർത്തകർക്ക് പോലും സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയാത്ത രൂപത്തിൽ കേരളത്തിൽ ഗുണ്ടാസംസ്ക്കാരം വളർത്താനുള്ള ശ്രമമാണ് ഡി.വൈ.എഫ്.ഐ നടത്തുന്നതെന്നും യൂത്ത് കോൺഗ്രസ്സ് ജില്ലാ പ്രസിഡണ്ട് സുദീപ് ജെയിംസ് പ്രസ്താവനയിൽ പറഞ്ഞു.

## ജില്ലയിൽ രണ്ടുപേർക്ക് കൊവിഡ്

കണ്ണൂർ: ജില്ലയിൽ ഇന്നലെ രണ്ടുപേർക്കു കൂടികോവിഡ് ബാധ സ്ഥിരീകരിച്ചു.
ദുബായിൽ നിന്ന് ഐഎക്സ് 814 വിമാനത്തിൽ കണ്ണൂർ എയർപോർട്ട് വഴിയെത്തിയ കടമ്പൂർ സ്വദേശി
20കാരനും മേയ് ആറിന് ചെന്നൈയിൽ നിന്നെത്തിയ മട്ടന്നൂർ സ്വദേശി 24കാരനുമാണ് പുതുതായി വൈറസ് ബാധ സ്ഥിരീകരിച്ചത്. 12ന് സ്രവ പരിശോധനയ്ക്ക്
വിധേയരായ ഇരുവരും ഇപ്പോൾ ആശുപത്രിയിൽ ചികിത്സയിലാണ്.


# മട്ടന്നൂരിൽ പൊലീസ് സർവ്വസജ്ജം; പരിശോധന ഊർജ്ജിതമാക്കി

മട്ടന്നൂർ: മട്ടന്നൂർ നഗരസഭയിലെ 28 ാം വാർഡ് ഹോട്ട് സ്പോട്ടായി പ്രഖ്യാപിച്ചേക്കാമെന്ന ജില്ലാ കലക്ടറുടെ അറിയിപ്പ് വന്നതിനെത്തുടർന്ന് മട്ടന്നൂരിൽ പൊലീസ് പരിശോധന ഊർജ്ജിതമാക്കി. വീടുകളിൽ ക്വാറന്റൈനിൽ കഴിയുന്നവരെ പൊലീസ് നിരന്തരം പരിശോധിക്കും. പരിശോധനയ്ക്കായി 10 അംഗമുൾക്കൊള്ളുന്ന പ്രത്യേക പൊലീസ് ടീമിനെ നിയോഗിച്ചതായി മട്ടന്നൂർ സി.ഐ കെ.പി. ഷൈൻ അറിയിച്ചു. നഗരസഭാ പരിധിയിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും റെഡ് സോണുകളിൽ നിന്നും എത്തി ഹോം ക്വാറന്റയിനിൽ കഴിയുന്നവരുടെ നിരീക്ഷണം ശക്തമാക്കി.
വാർഡു തലത്തിൽ കൗൺസിലർ ചെയർമാനായുള്ള പതിനൊന്നംഗ പ്രാദേശിക നിരീക്ഷണ സമിതി മുഴുവൻ വാർഡുകളിലും നിരീക്ഷണത്തിൽ കഴിയുന്ന വീടുകളിൽ പരിശോധന നടത്തിവരുന്നുണ്ട്. ഇതിനു പുറമേയാണ് നഗരസഭാ തലത്തിൽ, ഹെൽത്ത് സ്ക്വാഡിന്റെ നേതൃത്വത്തിൽ റാന്റം മോഡലിൽ നിരീക്ഷണത്തിലുള്ള വീടുകൾ സന്ദർശിക്കുകയും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നത്. നീരീക്ഷണത്തിലുള്ള കുടുംബങ്ങൾക്ക് സാമൂഹികവും മാനസികവുമായുള്ള പിന്തുണ ഉറപ്പു വരുത്തുന്നതിന് നഗരസഭാ ഭരണ സമിതിയുടെ നിർദ്ദേശ പ്രകാരമാണ് ഹെൽത്ത് സ്ക്വാഡ് പരിശോധന നടത്തുന്നത്.
എഴുപതോളം വീടുകളിലായി 125 ലേറെ പേർ ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തി നിരീക്ഷണത്തിൽ കഴിയുന്നുണ്ട്. ആരോഗ്യവകുപ്പ് നിർദ്ദേശങ്ങൾ ലംഘിക്കുന്നവർക്കെതിരേ നിയമ നടപടികൾ
സ്വീകരിക്കുന്നതാണ്. പരിശോധനയ്ക്ക് നഗരസഭ എച്ച്.ഐ രാഗേഷ് പലേരിവീട്ടിൽ നേതൃത്വം നൽകി. ജെ.എച്ച്.ഐ മാരായ ഒ.കെ. ശ്യാം കൃഷ്ണൻ,
ഷിജോയ് കുമാർ കാര്യത്ത്, എം. ശ്രീജിത്ത്, ടി.പി. അഭിലാഷ്, ജോബിൻ, ശ്രുതി, ജനപ്രതിനിധികളായ ഷാഹിന സത്യൻ , കെ.വി. ജയചന്ദ്രൻ, എം. ഗംഗാധരൻ എന്നിവർ നേതൃത്വം നൽകി.



# ഭക്ഷണ കിറ്റുകളുടെ മൂന്നാം ഘട്ട വിതരണം

മട്ടന്നൂർ കോവിഡ് കാലത്ത് വേറിട്ട പ്രവർത്തനങ്ങളിലൂടെ ശ്രദ്ധേയമായ സർ സയ്യദ് കോളേജലുംനെ കേന്ദ്ര കമ്മിറ്റി റിജിയണൽ കമ്മിറ്റികൾ മുഖാന്തിരമുള്ള ഭക്ഷണ കിറ്റുകളുടെ മൂന്നാം ഘട്ട വിതരണത്തിന്റെ ഉദ്ഘാടനം പ്രസിഡണ്ട് ഡോ ഹസ്സൻ കുഞ്ഞി നിർവഹിച്ചു. ജനറൽ സിക്രട്ടറി വി.കെ അബ്ദുൾ നിസാർ , സിക്രട്ടറി നസീർ കെ .താണ നൗഷാദ് പൂതപ്പാറ, കെ ഇ ശാദുലി എന്നിവർ സംബന്ധിച്ചു.റിജിയണൽ കമ്മിറ്റികൾക്ക് വേണ്ടി കെ.ടി സാജിദ് (മാടായി) കെ.ടി.പി ഇബ്രാഹിം ഹാജി (ഇരിക്കൂർ) തഫ്ലീം മണിയാട്ട് ( തലശ്ശേരി) നൗഷാദ് ബ്ലാത്തൂ (തളിപറമ്പ്) എന്നിവർ കിറ്റുകൾ ഏറ്റുവാങ്ങി. നേരത്തെ കോ വിഡ് ന്റെ ആദ്യ ഘട്ടത്തിൽ ധാന്യ കിറ്റുകളും വിഷു വിന് പച്ചക്കറി കിറ്റുകളും വിപുലമായ രീതിയിൽ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ജില്ലയിൽ വിതരണം ചെയ്തിരുന്നു



*നാട്ടിലെക്കു പോകാൻ സൗകര്യപ്പെടുത്തണമെന്നാവശ്യപ്പെട്ടു ആ നാഥാ തൊഴിലാളികൾ കണ്ണൂർ കം കുററിനു മുൻപിൽ സമരത്തിനെത്തിയപ്പോൾ*

## എരഞ്ഞോളി പുതിയപാലം പൂർത്തിയാക്കി

തലശ്ശേരി: നിർമാണ പ്രവൃത്തി പുരോഗമിക്കുന്ന തലശ്ശേരി-വളവുപാറ റോഡിലെ എരഞ്ഞോളി പുതിയപാലം യുദ്ധകാലടിസ്ഥാനത്തിൽ പൂർത്തിയാക്കി ആഗസ്റ്റ് അവസാന വാരത്തോടെ ഗതാഗതത്തിനായി തുറന്നു കൊടുക്കുമെന്ന് എ.എൻ ഷംസീർ എം.എൽ.എ അറിയിച്ചു. തലശ്ശേരി സബ് കളക്ടർ ആസിഫ് കെ. യൂസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിലാണ് തീരുമാനം.

## കണ്ണൂർ ജില്ലയിൽ ഇനി മൂന്ന് ഹോട്ട്സ്പോട്ടുകൾ മാത്രം

കണ്ണൂർ : ജില്ലയിലെ ഹോട്ട്സ്പോട്ടുകളുടെ എണ്ണം 10ൽ നിന്ന് മൂന്നായി കുറഞ്ഞു. നേരത്തേയുണ്ടായിരുന്ന കതിരൂർ, പാട്യം പഞ്ചായത്തുകളും പുതുതായി പട്ടികയിലുൾപ്പെട്ട കേളകം പഞ്ചായത്തുമാണ് നിലവിൽ ജില്ലയിലെ ഹോട്ട്സ്പോട്ടുകൾ. കൂത്തുപറമ്ബ്, പാനൂർ മുനിസിപ്പാലിറ്റികളും ഏഴോം, കോട്ടയം, , മൊകേരി, പാപ്പിനിശ്ശേരി, പെരളശ്ശേരി പഞ്ചായത്തുകളും പട്ടികയിൽ നിന്നൊഴിവായി. ആഴ്ചയിലൊരിക്കലാണ് ഹോട്ട്സ്പോട്ട് പട്ടിക പുതുക്കുന്നത്.കണ്ണൂരിൽ ഇന്നലെ രണ്ടു പേർക്കു കൂടി കോവിഡ് ബാധ സ്ഥിരീകരിച്ചു. മെയ് 12ന് ദുബൈയിൽ നിന്ന് ഐഎക്സ് 814 വിമാനത്തിൽ കണ്ണൂർ എയർപോർട്ട് വഴിയെത്തിയ കടമ്ബൂർ സ്വദേശി 20കാരനും മെയ് ആറിന് ചെന്നൈയിൽ നിന്നെത്തിയ മട്ടന്നൂർ സ്വദേശി 24കാരനുമാണ് പുതുതായി വൈറസ് ബാധ സ്ഥിരീകരിച്ചത്.

## നാലാം പൂട്ട് തുറക്കുമ്പോൾ; ആകാശത്തും റോഡിലും റെയിലിലും യാത്ര

ന്യൂഡൽഹി: ലോക്ക്ഡൗൺ നാലാം ഘട്ടത്തിൽ പൊതുഗതാഗതവും വ്യോമഗതാഗതവും പുനരാരംഭിച്ചേക്കും. കോവിഡ് തീവ്രബാധിത മേഖലകളെ ഒഴിച്ച് ഗതാഗതം പുനരാരംഭിക്കാനാണ് നീക്കം. എന്നാൽ അന്തർസംസ്ഥാന ഗതാഗതം അതാത് സംസ്ഥാനങ്ങൾ തീരുമാനിക്കും.
ഇവ ഉൾക്കൊള്ളുന്ന പുതിയ മാർഗനിർദേശങ്ങൾ കേന്ദ്ര ആഭ്യന്തരമന്ത്രാലയം രൂപപ്പെടുത്തിവരികയാണ്. നാലാം ലോക്ക്ഡൗൺ ഇതുവരെയുള്ളതിൽനിന്നും വ്യത്യസ്തമായിരിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി നേരത്തെ പറഞ്ഞിരുന്നു. ഹോട്ട്സ്പോട്ട് ഇതര മേഖലകളിൽ പരിമിതമായ യാത്രക്കാരുമായി പ്രാദേശിക ബസ് സർവീസിന് അനുമതി നൽകും.

## ട്രെയിൻ സർവീസിന് അനുമതി; മുഖ്യമന്ത്രിയുടെ നടപടി ജനവഞ്ചന കെ.സുധാകരൻ എം.പി.

കണ്ണൂർ: പഞ്ചാബിൽ കുടുങ്ങിക്കിടക്കുന്ന 1078 മലയാളികളെ തിരിച്ചു നാട്ടിൽ കൊണ്ടുവരുവാൻ പഞ്ചാബ് ഗവൺമെന്റ് മൂന്ന്പ്രാവശ്യം കത്തുകൾ അയച്ചിട്ടും മറുപടി നല്കാതെ അവഗണിച്ച മുഖ്യമന്ത്രിയുടെ സമീപനം ജനവഞ്ചനയാണെന്നും വിദ്യാർത്ഥികളും ഗർഭിണികളും ഉൾപ്പെടെയുള്ളവർ കഷ്ടപ്പെടുമ്പോഴും നിസംഗത തുടരുന്ന സർക്കാർ സമീപനം ക്രൂരമാണെന്നും കെ.സുധാകരൻ എം.പി. പറഞ്ഞു.
ഉത്തരേന്ത്യയിൽ ലോക്ഡൗൺ മൂലം കുടുങ്ങിപ്പോയ ആയിരക്കണക്കിന് മലയാളികൾ കേരളത്തിലേക്ക് വരാൻ മറ്റ് സംസ്ഥാനങ്ങൾ ചിലവ് വഹിക്കാൻ തയ്യാറാകുമ്പോഴും മനുഷ്യത്വവും കരുണയുമില്ലാതെ കേരള ഭരണകൂടം പ്രവർത്തിക്കുകയാണ് .
നേരത്തെ റെയിൽവേ മന്ത്രാലയം ഏർപ്പെടുത്തിയ പാസഞ്ചർ ട്രെയിൻ സർവ്വീസുകൾ ക്യാൻസൽ ചെയ്തപ്പോൾ കുടുങ്ങിക്കിടക്കുന്ന ആയിരങ്ങൾക്ക് ആകെ ആശ്രയമായിട്ടുള്ളത് സ്പെഷ്യൽ ട്രെയിനുകൾ മാത്രമാണെന്നിരിക്കെ
അന്യസംസ്ഥാനങ്ങളിൽ കുടുങ്ങിയ മലയാളികൾക്ക് നാട്ടിൽ എത്തിച്ചേരുന്നതിന് സ്പെഷ്യൽ ട്രെയിനിന് അനുമതി നല്കാതെയുള്ള നിരുത്തരവാദപരമായ സമീപനം പ്രതിഷേധാർഹമാന്നെന്നും സർക്കാർ അലംബാവം വെടിഞ്ഞ് ആത്മാർത്ഥമായ സമീപനം സ്വീകരിക്കണമെന്നും കെ.സുധാകരൻ എം.പി. ആവശ്യപ്പെട്ടു.

## പിണറായി മാപ്പ് പറയണം : അജീർ

കണ്ണൂർ: സഹകരണ മേഖലയിൽ 1994 ൽ പരി യാരത്ത് ആശുപത്രിയും മെഡിക്കൽ കോളജ്യം തുടങ്ങാൻ അന്നത്തെ മുഖ്യമന്ത്രി കെ.കരുണാകരൻ ശ്രമിച്ചപ്പോൾ അതിനെ എല്ലാ വിധത്തിലും നശിപ്പിക്കാൻ പണി മുടക്ക് പോലും സംഘടിപ്പിച്ച ഇന്നത്തെ മുഖ്യമന്ത്രി പിണറായി വിജയൻ മാപ്പ് പറയണമെന്ന് സി.എം.പി. സംസ്ഥാന സെക്രട്ടറി സി.എ.അജീർ ആവശ്യപ്പെട്ടു. കരുണാകരനും എം.വി.രാഘവനും ചേർന്ന് പടുത്തുയർത്തിയ ആസ്ഥാപനമാണ് ഇന്ന് ജനങ്ങൾ ഏറെ ആശ്രയിക്കുന്നതും മഹാമാരി ചികിത്സക്ക് ഉപകരിക്കുന്നതും എന്ന് ഓർക്കണ്ടതുണ്ട്.കലക്ടറേറ്റിന് മുൻപിൽ സി.എം.പി.യുടെ തൊഴിലാളി പരിരക്ഷാ ദിനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അജീർ. ജില്ലാ സെക്രട്ടറി പി.സുനിൽ കുമാർ പ്രസംഗിച്ചു. കെ.പി.സലിം നേതൃത്വം നൽകി.



## ആശുപത്രികളിൽ സന്ദർശനം പാടില്ല – ജില്ലാ കളക്ടർ

കാസർക്കോട് ജില്ലയിലെ സർക്കാർ- സ്വകാര്യ ആശുപത്രികളിൽ അനാവശ്യ സന്ദർശനം ഒഴിവാക്കണമെന്നും സർക്കാർ ആശുപത്രികളിൽ രോഗീകളെ കാണാനെത്തുന്നവരെ പാസ്
ഉപയോഗിച്ച് നിയന്ത്രിക്കുമെന്നും ജില്ലാ കളക്ടർ ഡോ. ഡി. സജിത് ബാബു അറിയിച്ചു. ആശുപത്രികളിലെത്തുന്ന എല്ലാ രോഗികളെയും
ആവശ്യമായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് പരിശോധിക്കുന്നതിനും ചികിത്സിക്കുന്നതിനും സാഹചര്യമുണ്ടാകണം.

# ജില്ലയിലെ 25 അതിർത്തി കേന്ദ്രങ്ങളിൽ കർശന പോലീസ് സുരക്ഷ

കാസർക്കോട് : വനത്തിലൂടെയും ഊടുവഴികളിലൂടെയും പാസില്ലാതെ അതിർത്തി കടന്ന് ജില്ലയിലേക്ക് ആളുകൾ പ്രവേശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ,ജില്ലയിലെ 25 അതിർത്തി കേന്ദ്രങ്ങളിൽ പോലീസ് കർശന സുരക്ഷ ഏർപ്പെടുത്തി.ഇവിടങ്ങളിലേക്ക് 80 പോലീസുകാരെ ജില്ലാ പോലീസ് മേധാവി പി എസ് സാബുവിന്റെ നിർദേശത്തെ തുടർന്ന് വിന്യസിപ്പിച്ചു. അതിർത്തികളിൽ സുരക്ഷാ പ്രവർത്തനങ്ങളുടെ ഏകോപന ചുമതല ഡി വൈ എസ് പി ബാലകൃഷ്ണ്‍ നായർക്കാണ്.സുള്ള്യപദവ്,കന്നഅടുക്ക,മുഡൂർ,ഈന്തുമൂല,അർള പദവ്,നെട്ടണിഗെ,കിന്നിഗർ,തലപ്പച്ചേരി തുടങ്ങിയ 25 അതിർത്തി കേന്ദ്രങ്ങളിലേക്കാണ് പോലീസിനെ വിന്യസിപ്പിച്ചത്.തലപ്പാടി അതിർത്തി ചെക്ക് പോസ്റ്റിൽ തോക്കേന്തിയ പോലീസിനെ വിന്യസിപ്പിച്ച് സുരക്ഷാ പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കി.
സുള്ള്യയിൽ നിന്ന് വനത്തിലൂടെ അതിർത്തി കടന്നെത്തിയ കൊല്ലം സ്വദേശിയെ പോലീസ് അറസ്റ്റ് ചെയ്ത് സ്ഥാപന ക്വാറന്റൈയിലേക്ക് മാറ്റി.ഇയാൾക്കെതിരെ എപ്പിഡെമിക് ഡിസീസ് ആക്ട് പ്രകാരം നടപടി സ്വീകരിക്കും.ബദിയടുക്ക പെർളയിൽ ഹോം ക്വാറന്റൈയിനുള്ള ഏഴു പേർ ചേർന്ന് ഇഫ്ത്താർ സംഗമം സംഘടിപ്പിച്ചതിനെ കേസ്സെടുത്തു.ഇവരെ സ്ഥാപന ക്വാറന്റൈയിലേക്ക് മാറ്റി. വരും ദിവസങ്ങളിൽ ജില്ലയിൽ പരിശോധന കർശനമാക്കുമെന്ന് ജില്ലാ പോലീസ് മേധാവി അറിയിച്ചു

## മുഴുവൻ വീടുകളിലും ഭക്ഷ്യധാന്യ കിറ്റുകൾ നൽകി

പാലക്കുന്ന്: നാട്ടിലെ മൊത്തം വീടുകളിലും ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്ത് മാതൃകയാവുകയാണ് പാലക്കുന്ന് കഴകം ഉദുമ തെക്കേക്കര പ്രാദേശിക സമിതിയും അവരുടെ പോഷക സംഘടനയായ ദുബായ് കമ്മിറ്റിയും യും. കൊറോണ വൈറസിന് ജാതിയും മതവുമില്ലെന്നിരിക്കെ അതുമായി ബന്ധപ്പെട്ട് നിലവിലുള്ള ലോക്ക്ഡൗണിന്റെ ദുരിതത്തിലും വേർതിരിവ് കാണാതെയാണ് സമിതി പ്രവർത്തകർ പ്രദേശത്തെ 500 ഓളം വീടുകളിൽ കിറ്റുകൾ എത്തിച്ചത്. പ്രാദേശിക സമിതി ഓഫീസിൽ തെക്കേക്കര ദുബായ് കമ്മിറ്റി സെക്രട്ടറി ടി.കെ.നാരായണൻ കിറ്റ് വിതരണം ഉദ്ഘാടനം ചെയ്തു. പ്രാദേശിക സമിതി പ്രസിഡണ്ട് പി.വി.ചിത്രഭാനു അധ്യക്ഷത വഹിച്ചു. പ്രഭാകരൻ തെക്കേക്കര, മുരളി പള്ളം, എ.വി.ഹരിഹരസുധൻ, ശ്രീധരൻ പള്ളം, പി.വി.ഭാസ്കരൻ, പി.വി.അശോക് കുമാർ, എ.വി.രാജേഷ്, അരവിന്ദാക്ഷൻ, പി.കെ.ബാബു എന്നിവർ പ്രസംഗിച്ചു.



*ഉദുമ തെക്കേക്കര പ്രാദേശിക സമിതി ദുബായ് കമ്മിറ്റിയുടെ സഹകരണത്തോടെ വിതരണം ചെയ്യാനൊരുക്കിയ ഭക്ഷ്യധാന്യ കിറ്റുകൾ.*

## രോഗംഭേദമായ ആൾക്ക് വീണ്ടും രോഗം: പ്രചാരണം ശരിയല്ലെന്ന് ഡിഎംഒ

കാസർകോട് :കൊവിഡ്19 രോഗം ചികിത്സിച്ച് ഭേദമായ ഒരാൾക്ക് വീണ്ടും രോഗം സ്ഥിരീകരിച്ചതായി ചില ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്ത വാസ്തവ വിരുദ്ധമാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. എ.വി. രാംദാസ് അറിയിച്ചു. രോഗമുക്തി നേടിയ പള്ളിക്കര സ്വദേശി പനിയും ചുമയും ലക്ഷണങ്ങളുമായി ജില്ലാ ആശുപത്രിയിൽ പരിശോധനക്കെത്തിയതിനാൽ ഇദ്ദേഹത്തെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. തൊണ്ടയിലെ സ്രവം ഇന്നലെ ആലപ്പുഴ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് സംശയ നിവാരണത്തിനായി പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇദ്ദേഹത്തിന് വീണ്ടും രോഗം സ്ഥിരീകരിച്ചുവെന്നത് തികച്ചും അടിസ്ഥാനരഹിതമാണെന്നും ഡി എം ഒ അറിയിച്ചു

## ഡയാലിസിസ് മെഷീൻ ഏറ്റുവാങ്ങി

കാസർകോട്: പ്രമുഖ വ്യവസായി ലത്തീഫ് ഉപ്പളഗേറ്റ് നൽകിയ ഡയാലിസിസ് മെഷീൻ മംഗൽപാടി ഗവ.താലൂക്ക് ആശുപത്രിയിൽ എം സി ഖമറുദ്ദീൻ എം. എൽ. എ.യുടെ സാന്നിധ്യത്തിൽ ഏറ്റുവാങ്ങി. ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് എ.കെ.എം.അഷ്റഫ് അധ്യക്ഷത വഹിച്ചു.ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശാഹുൽ ഹമീദ്, സെക്രട്ടറി സുരേന്ദ്രൻ എച്ച് എം സി അംഗങ്ങളായ പിഎം സലീം, സത്യൻ സി ഉപ്പള, ഹമീദ് കോസ്മോസ്, മഹമൂദ് കൈകമ്പസെഡ് എ കയ്യാർ.ഒ എം റഷീദ്, അബു തമാം, റൈഷാദ്, സംബന്ധിച്ചു.

## മൂന്നാംഘട്ട കോവിഡ് നിയന്ത്രണത്തിന് വിപുലമായ പദ്ധതി

കാസർക്കോട് : ജില്ലയിൽ മൂന്നാംഘട്ട കോവിഡ് നിയന്ത്രണത്തിന് വിപുലമായ പദ്ധതിക്ക് രൂപം നൽകിയതായി ജില്ലാ കളക്ടർ ഡോ ഡി സജിത് ബാബു അറിയിച്ചു.കോറോണ കൺട്രോൾ കമ്മിറ്റി യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു കളക്ടർ. ഇതര സംസ്ഥാനങ്ങളിൽ നിന്ന് തലപ്പാടി വഴി വരുന്നവർക്ക് പാസ് നിർബന്ധമാണ്. പാസ് അനുവദിക്കുന്നതിൽ ഗർഭിണികൾ,കുട്ടികൾ,രോഗമുള്ളവർ,പ്രായമുള്ളവർ,സ്ത്രീകൾ എന്നിവർക്ക് മുൻഗണന നൽകും.പാസ് അനുവദിക്കുന്നതിൽ മുൻഗണനാ ക്രമം ഉറപ്പുവരുത്താൻ എഡിഎം,സബ്കളക്ടർ എന്നിവരെ ചുമതലപ്പെടുത്തി.പാസില്ലാതെ അതിർത്തി കടന്നു വരുന്നവരെ സർക്കാർ ക്വാറന്റൈയിനിലേക്ക് മാറ്റും. കൂടാതെ ഇവർക്കെതിരെ എപ്പിഡെമിക്ക് ഡിസീസ് ഓർഡിനെൻസ് പ്രകാരം നിയമ നടപടിയും സ്വീകരിക്കുമെന്ന് കളക്ടർ അറിയിച്ചു.തലപ്പാടി വഴി അതിർത്തി കടന്ന് വരുന്നവർ ദേശീയ പാതയിലൂടെ ലക്ഷ്യസ്ഥാനത്തേക്ക് സഞ്ചരിക്കണം .സഞ്ചാരത്തിന് ഊടുവഴികളോ,കെ എസ് ടി പി റോഡോ തെരഞ്ഞെടുക്കരുത്. ക്വാറന്റെയിൻ സംബന്ധമായ കാര്യങ്ങളിൽ തീരുമാനം എടുക്കുന്നതിന് ജില്ലാ പോലീസ് മേധാവി, സബ്കളക്ടർ ,ഡി എം ഒ,ജില്ലാ സർവ്വലെൻസ് ഓഫീസർ,പഞ്ചായത്ത് ഡെപ്യൂട്ടി ഡയരക്ടർ,ആർ ഡി ഒ, പി ഡബ്ള്യൂ ഡി എക്സിക്യൂട്ടീവ് എൻജിനിയർ,ഹുസൂർ ശിരസ്തദാർ എന്നിവരടങ്ങുന്ന ഗ്രൂപ്പിനെ ജില്ലാ കളക്ടർ നിയോഗിച്ചു. ക്വാറന്റൈയിൻ ചെയ്യുമ്പോൾ മെഡിക്കൽ ഓഫീസറുടെ അനുമതി ആവശ്യമാണ്.പോലീസും റവന്യൂ ഉദ്യോഗസ്ഥരും മാത്രമായി ക്വാറന്റൈയിൻ ചെയ്യരുത്.തീവണ്ടി മാർഗ്ഗം എത്തുന്നവരെ പരിശോധിക്കുന്നതിന് കാലിക്കടവ്,തലപ്പാടി ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കും.ഇവർക്കും പാസ് ഉണ്ടെങ്കിൽ മാത്രമേ കടത്തി വിടുകയുള്ളൂ.വരും ദിവസങ്ങളിൽ തലപ്പാടിയിലെ ഹെൽപ്പ് ഡെസ്കുകളുടെ എണ്ണം ചുരുക്കും.

## അതിജീവനം കാസർകോട് മാതൃക ഡോക്യുമെന്ററി പ്രകാശനം ചെയ്തു

കാസർക്കോട് : കോറോണ വൈറസിന്റെ വ്യാപനം പ്രതിരോധിക്കുന്നതിൽ ജില്ലഭരണകൂടം നടത്തിയ രാജ്യത്തിന് മാതൃകയായ ക്രിയാത്മകമായ ഇടപെടലുകളെ അടയാളപ്പെടുത്തുന്ന അതിജീവനം കാസർകോട് മാതൃക ഡോക്യുമെന്ററി പ്രകാശനം ചെയ്തു.കളക്ടറേറ്റിൽ കോൺഫറൻസ് ഹാളിൽ നടന്ന കോറോണ അവലോകന യോഗത്തിൽ ജില്ലാ പോലീസ് മേധാവി പി എസ് സാബു, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എം മധുസൂദനന് നൽകിയാണ് ഡോക്യുമെന്ററി പ്രകാശനം ചെയ്തത്.ജില്ലാഭരണകൂടത്തിന് വേണ്ടി ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിലാണ് ഡോക്യുമെന്ററി തയ്യാറാക്കിയത്. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചടങ്ങിൽ ജില്ലാ കളക്ടർ ഡോ ഡി സജിത് ബാബു അധ്യക്ഷത വഹിച്ചു.
അര മണിക്കൂർ ദൈർഘ്യമുള്ള ഡോക്യുമെന്ററിയിൽ ജില്ലയിൽ ആദ്യ കോറോണ കേസ് റിപ്പോർട്ട് ചെയ്ത ഫെബ്രുവരി മൂന്ന് മുതലുള്ള കാര്യങ്ങളാണ് തീയ്യതി അടിസ്ഥാനത്തിൽ വിവരിക്കുന്നത്. ആദ്യഘട്ടത്തിലും രണ്ടാംഘട്ടത്തിലും കോറോണ വൈറസിനെ പ്രതിരോധിക്കാൻ ജില്ലാഭരണം കൈകൊണ്ട നടപടികൾ,കോവിഡ് രോഗികളെ ചികിത്സിക്കാൻ ജില്ലയിൽ നടത്തിയ തയ്യാറെടുപ്പുകൾ, ,പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി ഏഴിടങ്ങളിൽ ത്രിപ്പിൾ ലോക്ഡൗൺ ഏർപ്പെടുത്തിയത്,കോവിഡ് പരിശോധനാ ഫലം നടത്തുന്നതിന് പെരിയ കേന്ദ്ര സർവ്വകലാശാലയിൽ പരിശോധനാ ലാബ് സജ്ജമാക്കിയത്,ഉക്കിനടുക്ക ഗവൺമെന്റ് മെഡിക്കൽ കോളേജ് കോവിഡ് ആശുപത്രിയായി പരിവർത്തിപ്പിച്ചത്,സുപ്രീം കോടതി ഇടപെടലിനെ തുടർന്ന് കാസർകോട് ജില്ലക്കാർക്ക് മംഗലാപുരത്തെ ആശുപത്രിയിൽ ചികിത്സ ലഭ്യമാക്കിയത്,കാസർകോട് വനിതാ പോലീസ് സ്റ്റേഷന്റെ ആരംഭം, സംസ്ഥാന സർക്കാറിന്റെ സഹകരണത്തോടെ ടാറ്റാഗ്രൂപ്പ് ആരംഭിക്കുന്ന കോവിഡ് ആശുപത്രിയുടെ നിർമ്മാണം,കുത്തനേ കോറോണ കേസുകൾ കൂടിയെങ്കിലും
ഇത് കുറച്ചു കൊണ്ടുവരുന്നതിൽ ആരോഗ്യ വകുപ്പ് നടത്തിയ പ്രവർത്തനം, ലോക്ഡൗൺ പ്രഖ്യാപിച്ചതോടെ ദുരിതത്തിലായവരെ സഹായിക്കാൻ അതിർത്തികളിൽ പത്ത് കടകൾ ആരംഭിച്ചത്,എല്ലാ പഞ്ചായത്തിലും കമ്മ്യൂണിറ്റി കിച്ചൻ തുറന്നത്,ജില്ലാഭരണകൂടം നടത്തിയ പ്രതിരോധ
പ്രവർത്തനങ്ങൾ ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും ശ്രദ്ധിക്കപ്പെട്ടത്,ഇതിന് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ പ്രശംസ ലഭിച്ചത്, അതിഥി തൊഴിലാളികൾക്ക് വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ,അന്യസംസ്ഥാനങ്ങളിൽ കുടുങ്ങിയ കാസർകോട് ജില്ലക്കാരെ നാട്ടിലെത്തിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ തുടങ്ങിയ സമഗ്ര വിവരങ്ങൾ ഉൾക്കൊള്ളുന്നതാണ് ഡോക്യുമെന്ററി.

## അടച്ചുപൂട്ടൽ ലംഘനം: ജില്ലയിൽ 12 കേസുകൾ രജിസ്റ്റർ ചെയ്തു

കാസർക്കോട് : ലോക്ക് ഡൗൺ നിർദ്ദേശം ലംഘിച്ചതിന് ജില്ലയിൽ മെയ് 12 ന് 12 കേസുകൾ രജിസ്റ്റർ ചെയ്തു. മഞ്ചേശ്വരം – 1, വിദ്യാനഗർ – 1, കാസർകോട് – 3, ബേഡകം – 1, മേൽപ്പറമ്പ –5, ഹോസ്ദുർഗ് – 1 എന്നീ സ്റ്റേഷനുകളിലാണ് കേസുകൾ രജിസ്റ്റർ ചെയ്തത്. വിവിധ കേസുകളിലായി 19 പേരെ അറസ്റ്റ് ചെയ്തു. ഏഴ് വാഹനങ്ങൾ കസ്റ്റഡിയിൽ എടുത്തു.ജില്ലയിൽ ഇതുവരെ 2127 കേസുകൾ രജിസ്റ്റർ ചെയ്തു. വിവിധ കേസുകളിലായി 2777 പേരെ അറസ്റ്റ് ചെയ്തു. 885 വാഹനങ്ങൾ കസ്റ്റഡിയിൽ എടുത്തു.

ഗൾഫ് വാർത്തകൾ



## സൗദിയിലും സർക്കാർ ജീവനക്കാർക്ക് സാലറി കട്ട്, വാറ്റ് നികുതി മൂന്നിരട്ടിയാക്കി

**റിയാദ്:** കോവിഡ് കാലത്തെ പ്രതിസന്ധിയും എണ്ണ വില അന്താരാഷ്ട്ര വിപണിയിൽ കുത്തനെ കുറഞ്ഞതിലൂടെയുണ്ടായ കടുത്ത സാമ്പത്തിക ക്ഷീണവും മാറ്റാൻ വഴികൾ തേടുകയാണ് സൗദി അറേബ്യൻ ഭരണകൂടം. വാറ്റ് നികുതി മൂന്നിരട്ടിയാക്കി.

അടുത്ത മാസം മുതൽ സർക്കാർ ജീവനക്കാർക്ക് ഒരു മാസത്തെ ശേമ്പളം തടയും. ഇത് സാധാരണക്കാർക്കും സർക്കാർ ഉദ്യോഗസ്ഥർക്കും ഉണ്ടാക്കുന്ന പ്രതിസന്ധി വലുതാണ്. രാജ്യത്ത് ബഹുഭൂരിപക്ഷം വരുന്ന യുവാക്കൾക്ക് ഇത് വിഷമവും സൃഷ്ടിച്ചിട്ടുണ്ട്. മൂന്നിൽ രണ്ട് സൗദി പൗരന്മാർക്കും സർക്കാർ ജോലിയാണുള്ളത്.

വാറ്റ് നികുതി മൂന്നിരട്ടി വർദ്ധിക്കുന്നതോടെ ആഡംബരത്തോടെയുള്ള സൗദിയിലെ നിർമ്മാണങ്ങൾക്ക് ചിലവ് കുത്തനെ കൂടും.

2003 നും 2014നുമിടയിലെ കാലത്ത് എണ്ണവില അന്താരാഷ്ട്ര വിപണിയിൽ ഉയരങ്ങൾ താണ്ടിയ കാലത്തെ ഇന്ന് സൗദി പൗരന്മാർ ഗൃഹാതുരത്വത്തോടെയാണ് ഓർക്കുന്നത്. നികുതിയേറിയതിനാൽ രാജ്യത്ത് കാറുകളും ഗൃഹോപയോഗ സാധനങ്ങൾ മുതൽ എല്ലാത്തിലും വിൽപനയിൽ ഇടിവ് പ്രവചിക്കുന്ന ഈ കാലഘട്ടത്തിൽ ഇനിമുതൽ പാരിതോഷികങ്ങൾ ഭരണകൂടം നൽകുന്നത് കുറയാനാണ് സാധ്യത. രാജ്യത്തിന്റെ പ്രധാനവരുമാനമായ എണ്ണവിപണിയിലെ ഇടിവും കൊവിഡ് മൂലമുണ്ടായ ലോക്ഡൗണും രാജ്യത്തിന്റെ വരുമാനത്തിനേൽപിച്ച ബുദ്ധിമുട്ട് ചില്ലറയല്ല. ഇത്തരം നടപടികൾ എണ്ണയെ മാത്രം ആശ്രയിച്ചിരിക്കുന്ന സൗദി വിപണിയെ മാറ്റിയെടുക്കാനുള്ള മുഹമ്മദ് ബിൻ സൽമാൻ രാജകുമാരന്റെ 'വിഷൻ 2030' പദ്ധതിയുടെ ഭാഗമാണെന്ന് 'ഓകാസ് ദിനപത്രം' റിപ്പോർട്ട് ചെയ്യുന്നു.

എന്നാൽ കളികളിലും വിനോദങ്ങളിലും ആർഭാടം കാട്ടുന്ന അബ്ദുള്ള രാജകുമാരന്റെ തീരുമാനങ്ങളെ ചിലർ പക്ഷെ ഇത്തരം തീരുമാനങ്ങൾ ചൂണ്ടിക്കാട്ടി ചോദ്യം ചെയ്യുന്നു. ഇത്തരം വിഷമങ്ങളെ എങ്ങനെ സൗദി ഭരണകൂടം തരണം ചെയ്യും എന്ന് ലോകം ഉറ്റുനോക്കുകയാണ്.

### ഡോക്ടർമാരും നഴ്സുമാരുമടങ്ങിയ 200 ആരോഗ്യ പ്രവർത്തകർ സൗദിയിൽ തിരിച്ചെത്തി

**ദമാം:** കൊവിഡിന് മുമ്ബ് അവധിക്ക് നാട്ടിൽ പോയ ഡോക്ടർമാരും നഴ്സുമാരും അടങ്ങിയ ഇരുന്നൂറോളം ആരോഗ്യപ്രവർത്തകർ സൗദിയിൽ തിരിച്ചെത്തി. ഇന്ത്യയിൽ നിന്നും പ്രത്യേക വിമാനത്തിൽ ഇവരെ തബൂക്ക് വിമാനത്താവളത്തിൽ എത്തിക്കുകയായിരുന്നു. ആരോഗ്യപ്രവർത്തകരെ ബൊക്കെ നൽകിയാണ് സൗദി അധികൃതർ സ്വീകരിച്ചത്. കൊവിഡ് പടർന്നു പിടിക്കുന്നതിനാൽ അവധിക്ക് പോയ ആരോഗ്യപ്രവർത്തകരെ മടക്കിക്കൊണ്ടുവരാൻ അനുവദിക്കണമെന്ന് സൗദി ഭരണാധികാരി സൽമാൻ രാജാവ് ഇന്ത്യാ ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിരുന്നു. അതിൻെറ അടിസ്ഥാനത്തിൽ കേന്ദ്രം അനുമതി നൽകിയതോടെയാണ് ഇവരെ കൊണ്ടുവന്നത്.

സൗദിയിൽ ഇനി ചികിത്സ ഫലപ്രദമാകുമെന്നാണ് വിലയിരുത്തൽ. സ്വകാര്യ ആശുപത്രികളിലടക്കം ജോലി ചെയ്യുന്നവരാണ് ഈ ആരോഗ്യ പ്രവർത്തകർ. സൗദിയിലെ ആശുപത്രികളിൽ ചികിത്സിക്കാൻ മതിയായ ഡോക്ടർമാരും നഴ്സുമാരുമില്ലാത്ത അവസ്ഥയായിരുന്നു.

# മണപ്പുറം ഫിനാൻസിന് 1461.8 കോടിയുടെ അറ്റാദായം

**കൊച്ചി:** രാജ്യത്തെ മുൻനിര ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനമായ മണപ്പുറം ഫിനാൻസ് ലിമിറ്റഡ് 2019-20 സാമ്പത്തിക വർഷം 1,461.8 കോടി രൂപയുടെ അറ്റാദായം നേടി. മുൻ സാമ്പത്തിക വർഷം 938.9 കോടി രൂപയായിരുന്ന അറ്റാദായത്തിൽ 55.7 ശതമാനം വർധനയാണ് രേഖപ്പെടുത്തിയത്. 2020 മാർച്ച് 31ന് അവസാനിച്ച നാലാം പാദത്തിൽ 392.7 കോടി രൂപയാണ് കമ്പനിയുടെ അറ്റാദായം . മുൻ സാമ്പത്തിക വർഷം 274.6 കോടി രൂപയായിരുന്നു ഇത്. കഴിഞ്ഞ സാമ്പത്തിക വർഷം കമ്പനിയുടെ പ്രവർത്തന വരുമാനം 30.8 ശതമാനം വർധിച്ച് 5,465 കോടി രൂപയിലെത്തി. മുൻ വർഷമിത് 4,179 കോടി ആയിരുന്നു. നാലാം പാദത്തിലെ മൊത്തം ലാഭം 534 കോടി രൂപയായി ഉയർന്നു. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 409 കോടിയായിരുന്നു. മുൻ സാമ്പത്തിക വർഷം 1,456.5 കോടി രൂപയായിരുന്ന കമ്പനിയുടെ മൊത്തം ലാഭം 2019-20 വർഷം 37.8 ശതമാനം വർധിച്ച് 2,007 കോടി രൂപയിലെത്തി.

2019-20 വർഷവും കരുത്തുറ്റ പ്രകടനം കാഴ്ചവെക്കാൻ കഴിഞ്ഞതായി മണപ്പുറം ഫിനാൻസ് ലിമിറ്റഡ് എംഡിയും സിഇഓയുമായ വി.പി. നന്ദകുമാർ പറഞ്ഞു. നാലാം പാദത്തിൽ കോവിഡ്19മായി ബന്ധപ്പെട്ട് പ്രതിസന്ധികളുണ്ടായെങ്കിലും ബിസിനസിലും, ലാഭസാധ്യതയിലും കമ്പനിക്ക് മികച്ച വളർച്ച കൈവരിക്കാൻ കഴിഞ്ഞു. ഭാവിയിൽ കോവിഡ്-19 മൂലമുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനും കമ്പനി സജ്ജമാണ്. വരുന്ന സാമ്പത്തിക വർഷവും ഈ കുതിപ്പ് തുടരാൻ കമ്പനിക്കു കഴിയുമെന്നും, അദ്ദേഹം പറഞ്ഞു.

ഗ്രൂപ്പിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടേയും ആകെ ആസ്തി 29.8 ശതമാനം വർധിച്ച് 25,225 കോടി രൂപയിലെത്തി. മുൻ വർഷമിത് 19,438 കോടി രൂപയായിരുന്നു. സ്വർണ വായ്പാ വിതരണത്തിലെ വളർച്ചയുടെ ചുവട് പിടിച്ചാണ് ഈ വർധന. സ്വർണ വായപാ ആസ്തി 30.90 ശതമാനം വർധിച്ച് 16,967 കോടി രൂപയിലെത്തി. കമ്പനിയുടെ സ്വർണ ശേഖരം 7.2 ശതമാനം വർധിച്ച് 72.4 ടൺ ആയി. 2019-20 സാമ്പത്തിക വർഷം കമ്പനി വിതരണം ചെയ്തത് 1,68,909 കോടി രൂപയുടെ സ്വർണ വായ്പയാണ്. മുൻ വർഷമിത് 89,649 കോടിയായിരുന്നു. 2020 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം കമ്പനിക്ക് 26.2 ലക്ഷം സ്വർണ വായ്പാ ഉപഭോക്താക്കളുണ്ട്.

സ്വർണ വായ്പാ ബിസിനസിനു പുറമെയുള്ള കമ്പനിയുടെ മൈക്രോഫിനാൻസ്, വാഹന-ഉപകരണ വായ്പാ വിഭാഗങ്ങളും മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. കമ്പനിയുടെ ഉപസ്ഥാപനമായ ആശിർവാദ് മൈക്രോഫിനാൻസിൻറെ മൊത്തം ആസ്തി 43.3 ശതമാനം വർധിച്ച് 5,503 കോടി രൂപയിലെത്തി. മുൻ വർഷമിത് 3,841 കോടിയായിരുന്നു. വാഹന-ഉപകരണ വായ്പാ വിഭാഗത്തിൻറെ ആസ്തി 20.6 ശതമാനം വർധിച്ച് 1,344.35 കോടി രൂപയിലും, ഭവന വായ്പാ വിഭാഗത്തിൻറെ ആസ്തി മുൻ വർഷത്തെ 519 കോടിയിൽ നിന്നും 630 കോടി രൂപയിലുമെത്തി. കമ്പനിയുടെ മൊത്തം ആസ്തിയിൽ 32.7 ശതമാനം സ്വർണ ഇതര ബിസിനസുകളിൽ നിന്നാണ്.

2020 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം ഉപസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള കമ്പനിയുടെ ആസ്തി മൂല്യം 5,745 കോടി രൂപയാണ്. കമ്പനി ഓഹരിയുടെ ബുക് വാല്യൂ 68 രൂപയും, ഓഹരി നിരക്ക് 17.54 ശതമാനവും മൂലധന പര്യാപ്തതാ അനുപാതം 23.44 ശതമാനവുമാണ്.

## ആവശ്യം വരുന്ന മരുന്നുകൾ നാട്ടിൽനിന്ന് എത്തും

# മൃതസഞ്ജീവനി പദ്ധതിയുമായി ഇൻകാസ്

**തലശ്ശേരി ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയുടെ സഹകരണത്തോടെയാണ് പദ്ധതി**



**കണ്ണൂർ:** കോവിഡ് തീർത്ത ദുരിതത്തിൽ പെട്ട് പോയ പ്രവാസി ലോകത്തിന് കരുതൽ ഒരുക്കി സാമൂഹ്യ സേവനം നടത്തുന്ന യുഎഇ ഇൻകാസ് സമാനതകളില്ലാത്ത സേവന പ്രവർത്തനങ്ങളുമായി വീണ്ടും രംഗത്ത്.


അവശ്യ മരുന്നുകൾ കിട്ടാതായപ്പോൾ പ്രവാസികൾക്ക് നാട്ടിൽ നിന്ന് ആവശ്യമായ മരുന്നുകൾ എത്തിക്കുന്ന മൃതസഞ്ജീവനി പദ്ധതി യുഎഇ കേന്ദ്ര കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപ്പാക്കുന്നു. കണ്ണൂർ ജില്ലയിലെ തലശ്ശേരി ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയുടെ സഹകരണത്തോടെയാണ് മരുന്നുകൾ എത്തിക്കുന്നതിന് രൂപം നൽകിയിട്ടുള്ളത്.

ഇന്ത്യയിലെ മരുന്നുകളെ ആശ്രയിച്ച് കഴിയുന്ന പ്രവാസികൾക്ക് വലിയ ആശ്വാസമാകുന്ന പദ്ധതിയാണ് ഇൻകാസ് സഞ്ജീവനി എന്ന് കേന്ദ്രകമ്മിറ്റി ആക്ടിംഗ് പ്രസിഡണ്ട് ടി.എ രവീന്ദ്രൻ, ജനറൽ സെക്രട്ടറി പുന്നക്കൻ മുഹമ്മദാലി എന്നിവർ അറിയിച്ചു കോവിഡ് ബാധയെതുടർന്ന് മരുന്നുകൾ കിട്ടാതെ അസുഖം മൂർച്ഛിച്ച് ആശങ്കയിൽകഴിഞ്ഞിരുന്നവർക്ക് ജീവൻ നൽകാൻ പദ്ധതിക്ക് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഡോക്ടർ കുറിപ്പടിയുമായി അടിസ്ഥാനത്തിൽ സംഭവിക്കുന്ന മരുന്നുകൾ തൃശ്ശൂരിൽ എത്തിച്ച് കൊറിയർ മാർഗമാണ് യുഎഇ ലഭ്യമാക്കുന്നത് തുടർന്ന് നാട്ടിൽ കുടുങ്ങിപ്പോയ ഇൻകാസ് പ്രവർത്തകരും മൃതസഞ്ജീവനിയുടെ നാട്ടിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും.മരുന്ന് ശേഖരണം വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് മൂന്നു പേരടങ്ങുന്ന കോർഡിനേഷൻ പദ്ധതിയെചുമതലപ്പെടുത്തിയതായി കേന്ദ്ര കമ്മിറ്റി ഭാരവാഹികൾ അറിയിച്ചു വിശദവിവരങ്ങൾക്ക് പിആർ പ്രകാശ് 0 5 0 3 4 8 1 1 5 എംഎസ് ജാബർ 0 5 0 7 9 4 1 0 0 1 കെ വി രവീന്ദ്രൻ 0 5 0 4 5 4 4 1 0 എന്നിവരുമായി ബന്ധപ്പെടാം.



സംസ്കൃതി |

# വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനും



കാരമുക്കിലെ ദീപ മാത്ര പ്രതിഷ്ഠയിൽ പൊതുജനത്തിനു സംതൃപ്തി പോരെന്നു സ്വാമികൾക്കു തോന്നിയിരിക്കണം. 1097ൽ മുരുക്കുംപുഴയിൽ ദീപത്തിനു പുറമെ 'ഓം സത്യം, ധർമ്മം, ദയ, ശാന്തി' എന്നെഴുതിയതും പ്രതിഷ്ഠിച്ചു. ഇന്ന് ആ ക്ഷേത്രത്തിൽ പല ദേവതകൾക്കും ഉപപ്രതിഷ്ഠകളായി സ്ഥാനം നൽകിയിരിക്കുന്നു. കൊല്ലം പെരിനാട് എസ്. എൻ. ഡി. പി. യുടെ അക്കൊല്ലത്തെ യോഗത്തിൽ സ്വാമികൾ സന്നിഹിതരായി.

1098 ശിവഗിരിയുടെ ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ട വർഷമാണ്. അക്കൊല്ലം രവീന്ദ്രനാഥ ടാഗോർ സി. എഫ്. ആൻഡ്രൂസിനോടൊപ്പം സ്വാമികളെ സന്ദർശിച്ചു. സ്വാമികളുടെ അഭൗമമായ പ്രഭാവം മഹാകവിയെ വളരെ ആകർഷിച്ചു.

'കേരളത്തിലെ സ്വാമി നാരായണഗുരുവിനേക്കാൾ ആത്മീയമായി മാഹാത്മ്യമുള്ള ആരെയും ഞാൻ കണ്ടുമുട്ടിയിട്ടില്ല. എന്തിന് ആത്മീയസിദ്ധിയിൽ അദ്ദേഹത്തോളമെങ്കിലും മഹാനായ ആരെയും കണ്ടിട്ടില്ല. ദിവ്യപ്രഭയുടെ സ്വയം പ്രകാശമാനമായ വെളിച്ചത്തിൽ തിളങ്ങുന്ന ആ ജ്വലിക്കുന്ന മുഖവും വിദൂര ചക്രവാളത്തിൽ അങ്ങകലെയുള്ള ഒരു ബിന്ദുവിൽ നോട്ടം ഉറപ്പിച്ച ആ യോഗനയനങ്ങളും ഞാൻ ഒരിക്കലും മറക്കുകയില്ലെന്ന് എനിക്കുറപ്പുണ്ട്.' എന്നു അന്ന് ടാഗോർ രേഖപ്പെടുത്തി.

1098ൽ പാണാവള്ളി ശ്രീകണ്ഠേശ്വര പ്രതിഷ്ഠ നടത്തി.

പിറ്റേക്കൊല്ലം വ്യസനകരമായ ഒരു സംഭവം ഉണ്ടായി. പല്ലന റെഡീമർ ബോട്ടപകടത്തിൽ കുമാരനാശാൻ മരിച്ചു. അന്നു വെളുപ്പാൻ കാലത്തു സ്വാമികൾ ശിവഗിരിയിൽ വിശേഷാൽ പ്രാർത്ഥന നടത്തിച്ചു. ആശാന്റെ ചരമവാർത്ത പിന്നീടാണ് അറിഞ്ഞത്.

വൈക്കത്തെ ക്ഷേത്രത്തിന്റെ പരിസരത്തുള്ള റോഡുകളിൽ കൂടി അവർണർക്ക് സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം നേടിയെടുക്കുന്നതിനുവേണ്ടി 1099ൽ വൈക്കം സത്യാഗ്രഹം ആരംഭിച്ചു. ഗാന്ധിജിയുടെ അനുവാദത്തോടെ ടി. കെ. മാധവനാണ് ഇതിനു നേതൃത്വം നൽകിയത്. സത്യാഗ്രഹികൽക്കുവേണ്ടി സ്വാമികൾ വെല്ലൂർ മഠം വിട്ടുകൊടുത്തു. ഒരു സത്യാഗ്രഹഫണ്ട് ആരംഭിച്ചു. സ്വാമികൾ സത്യാഗ്രഹാശ്രമം സന്ദർശിച്ചു. അവിടുത്തെ എർപ്പാടുകളെപ്പറ്റി സംതൃപ്തി പ്രകടിപ്പിച്ചു.

അക്കൊല്ലം സ്വാമികൾ ആലുവായിൽ സർവ്വമത സമ്മേളനം വിളിച്ചുകൂട്ടി. വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനുമാണ് എന്ന് സ്വാമികൾ സമ്മേളന കവാടത്തിൽ എഴുതിവപ്പിച്ചു. ആശയപരമായ ഏതു സംവാദവും ഈ മനോഭാവത്തോടെയാണു നടത്തേണ്ടതെന്ന് എടുത്തുപറയേണ്ടതില്ലല്ലൊ. രണ്ടു ദിവസമായി നടന്ന സമ്മേളനത്തിൽ അനേകം മതപണ്ഡിതന്മാർ പങ്കെടുത്തു. സ്വാമികൾ രണ്ടു ദിവസവും സമ്മേളനവേദിയിൽ ഉണ്ടായിരുന്നു. സമ്മേളനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിവരിച്ചുകൊണ്ട് സത്യവ്രത സ്വാമികൾ സ്വാഗത പ്രസംഗം നടത്തി. സി.വി. കുഞ്ഞുരാമൻ കൃതജ്ഞത പ്രകാശിപ്പിച്ചു. സിലോണിൽ നിന്നൊരു ബുദ്ധഭിക്ഷു സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. ബുദ്ധമതത്തെ കുറിച്ചു സംസാരിച്ചത് മഞ്ചേരി രാമയ്യരും രാമകൃഷ്ണയ്യരും ആണ്. ക്രിസ്തുമതത്തെക്കുറിച്ചു കെ. കെ. കുരുവിളയും ഇസ്ലാം മതത്തെക്കുറിച്ചു മഹമ്മദു മൗലവിയും ബ്രഹ്മസമാജത്തെക്കുറിച്ചു സ്വാമി ശിവപ്രസാദും ആര്യസമാജത്തെക്കുറിച്ചു പണ്ഡിറ്റ് ഋഷിറാമും പ്രസംഗിച്ചു. സമ്മേളനാനന്തരം ഒരു ഗ്രൂപ്പ ഫോട്ടോ എടുക്കുകയും സ്വാമികൾ ഒരു സന്ദേശം പുറപ്പെടുവിക്കുകയും ചെയ്തു: 'എല്ലാ മതങ്ങളുടേയും പരമോദ്ദേശ്യം ഒന്നാണെന്നും ഭിന്നമതാനുയായികൾ തമ്മിൽ കലഹിച്ചിട്ടാവിശ്യമില്ലെന്നും ഈ മഹാ സമ്മേളനത്തിൽ നടന്ന പ്രസംഗങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നതിനാൽ നാം ശിവഗിരിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പാഠശാലയിൽ എല്ലാ മതങ്ങളും പഠിക്കുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും കൂടി ഉണ്ടാകണമെന്നു വിചാരിക്കുന്നു. ഈ സ്ഥാപനത്തിന്റെ നടത്തിപ്പിന് അഞ്ചു ലക്ഷം രൂപ പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്നതിന് എല്ലാവരും സഹായിക്കുമെന്ന് വിചാരിക്കുന്നു.' ഇതായിരുന്നു സ്വാമികളുടെ സന്ദേശം. ( തുടരും )




## ജയസൂര്യ ചിത്രം ഓൺലൈൻ പ്ലാറ്റ് ഫോമിൽ റിലീസിനൊരുങ്ങുന്നു; മലയാളത്തിൽ ഇതാദ്യം

ലോക്ക്ഡൗൺ മൂലം പ്രതിസന്ധിയിലായ സിനിമാമേഖലയും ബദൽ സംവിധാനങ്ങൾ തേടുന്നു. തിയേറ്ററുകൾ അടഞ്ഞു കിടക്കുന്ന സാഹചര്യത്തിൽ ജയസൂര്യ ചിത്രം സൂഫിയും സുജാതയും ഓൺലൈൻ പ്ലാറ്റ്ഫോമിൽ റിലീസ് ചെയ്യാനൊരുങ്ങുകയാണ്. ഫ്രൈഡേ ഫിലിം ഹൗസിന്റെ ബാനറിലാണ് ചിത്രം ഒരുങ്ങിയിരിക്കുന്നത്. നരണിപ്പുഴ ഷാനവാസ് സംവിധാനം ചെയ്ത ചിത്രത്തിൽ ബോളിവുഡ് താരം അദിതി റാവു ഹൈദരിയാണ് ജയസൂര്യയുടെ നായിക. ഇതാദ്യമായാണ് ഒരു മലയാള സിനിമ തിയേറ്റുകൾ ഒഴിവാക്കി ഓൺലൈൻ പ്ലാറ്റ്ഫോമിൽ റിലീസ് ചെയ്യുന്നത്. ആമസോൺ പ്രൈമിലാണ് ചിത്രമെത്തുക. മറ്റ് ആറു ചിത്രങ്ങൾ കൂടി ആമസോൺ പ്രൈം സ്ട്രീമിംഗിന് ഒരുങ്ങുന്നുണ്ട്.

എന്നാൽ, ഓൺലൈൻ പ്ലാറ്റ്ഫോമിൽ സിനിമകൾ റിലീസ് ചെയ്യുന്നതിന് തിയേറ്റർ ഉടമകൾ എതിരാണ്. ഇത്തരം പ്രവണതകൾ തിയേറ്റർ വ്യവസായം തകർക്കുമെന്ന മുന്നറിയിപ്പാണ് ഓൺലൈൻ പ്ലാറ്റ്ഫോമുകളെ എതിർക്കുന്നവർ പറയുന്നത്. ലോക്ഡൗൺ ഉണ്ടാക്കിയ കനത്ത സാമ്പത്തിക നഷ്ടത്തിൽ നിന്നും കരകയറാൻ ഇത്തരം മാർഗങ്ങൾ സ്വീകരിക്കാതെ നിവൃത്തിയില്ലെന്നാണ് നിർമാതാക്കൾ പറയുന്നത്.

പഴയ പോലെ തിയേറ്ററുകൾ സജീവമാകണമെങ്കിൽ അടുത്ത വർഷം വരെ കാത്തിരിക്കേണ്ടി വരുമെന്നും നിർമാതാക്കൾ പറയുന്നു. ഈയൊരു പ്രതിസന്ധിഘട്ടത്തിൽ ഓൺലൈൻ പ്ലാറ്റ്ഫോമുകളെ ആശ്രയിക്കുന്നതാണ് ഉചിതമായ തീരുമാനമെന്നും നിർമാതാക്കൾ ചൂണ്ടിക്കാണിക്കുന്നുണ്ട്.

അമിതാഭ് ബച്ചനും അയുഷ്മാൻ ഖുരാനയും ഒന്നിക്കുന്ന ബോളിവുഡ് ചിത്രം ഗുലാബോ സിതാബോ, വിദ്യാ ബാലന്റെ ബോളിവുഡ് ചിത്രം ശകുന്തള ദേവി, ജ്യോതിക നായികയായി, സൂര്യ നിർമിച്ച തമിഴ് ചിത്രം പൊൻമഗൾ വന്താൽ, ഡാനിഷ് സെയ്തിന്റെ കന്നഡ ചിത്രം, ഫ്രഞ്ച് ബിരിയാണി, കന്നഡ സൂപ്പർ താരം പുനീത് രാജ്കുമാർ നിർമിച്ച ലോ, കീർത്തി സുരേഷ് നായികയായി തമിഴ്, തെലുഗ് ഭാഷകളിൽ ഒരുക്കിയ പെൻഗ്വിൻ എന്നീ ചിത്രങ്ങളാണ് സൂഫിയും സുജാതയ്ക്കുമൊപ്പം ആമസോൺപ്രൈം സ്ട്രീമിംഗ് ചെയ്യുന്നത്

**ഓൺലൈനിൽ റിലീസ് ചെയ്താൽ**

## ജയസൂര്യയുടെയും വിജയ് ബാബുവിൻെറയും സിനിമകൾ തിയേറ്ററുകൾ കാണില്ല: ലിബർട്ടി ബഷീർ



**തിരുവനന്തപുരം:** സൂഫിയും സുജാതയും ഓൺലൈനിൽ റിലീസ് ചെയ്താൽ വിജയ് ബാബുവിന്റെയും ജയസൂര്യയുടെയും ഒരു ചിത്രവും കേരളത്തിലെ തീയറ്ററുകളിൽ പ്രദർശിപ്പിക്കില്ലെന്ന് ഫിലിം എക്സിബിറ്റേഴ്സ് ഫെഡറേഷൻ ഭാരവാഹി ലിബർട്ടി ബഷീർ പറഞ്ഞു.

സിനിമാ വ്യവസായം വലിയ പ്രതിസന്ധിയിലൂടെ കടന്ന് പോകുമ്പോഴുള്ള ഈ നീക്കം ചതിയാണ്.പുതുമുഖ നിർമ്മാതാവാണ് ഇത്തരത്തിലൊരു കാര്യം ചെയ്തതെങ്കിൽ മനസിലാക്കാനാകും. വലിയ ഹിറ്റുകൾ സമ്മാനിച്ച നിർമ്മാതാവും നടനും നടത്തിയ നീക്കം അംഗീകരിക്കാനാകില്ല.

കേരള പ്രണാമം
സത്യം വദ ധർമ്മം ചര
സോഷ്യൽ മീഡിയയിലൂടെ ഏറ്റവും കൂടുതൽ സർക്കുലേറ്റ് ചെയ്യപ്പെടുന്ന ദിനപത്രം

പേഴ്സണൽ പരസ്യങ്ങളും ക്ലാസിഫൈഡ് പരസ്യങ്ങളും വീട്ടിലിരുന്ന് നൽകാം

പരസ്യങ്ങൾ വാട്സ്ആപ് വഴി അയക്കാം

ചരമപരസ്യങ്ങൾ, ചരമവാർഷികം, വിവാഹം, വിവാഹ വാർഷികം, വിവാഹവുമായി ബന്ധപ്പെട്ട അറിയിപ്പുകൾ, ജന്മദിന ആശംസകൾ, അംഗീകാരം / അവാർഡുകൾ തുടങ്ങിയ പേഴ്സണൽ പരസ്യങ്ങൾ നൽകുവാൻ വിളിക്കുക:

ഹോം ഡെലിവറി, ഓൺലൈൻ കോഴ്സസ്, വിവാഹം, റിയൽ എസ്റ്റേറ്റ്, ഓട്ടോമോട്ടീവ്, അവസരങ്ങൾ, സർവ്വീസ് തുടങ്ങിയ ക്ലാസിഫൈഡ് പരസ്യങ്ങൾ കേരളപ്രണാമം ഇ പേപ്പറിൽ നേരിട്ട് നൽകാൻ വിളിക്കുക:

8714830698

കേരള പ്രണാമം
KERALA PRANAMAM ONLINE www.keralapranamam.com

# ക്രിക്കറ്റ് പുനരാരംഭിക്കാൻ ഇംഗ്ലണ്ട്, പരിശീലനം തുടങ്ങുന്നു

**ലണ്ടൻ:** ക്രിക്കറ്റ് പ്രേമികളുടെ കാത്തിരിപ്പ് ഒടുവിൽ തീരുന്നു. കൊവിഡ്ക്കാലം കഴിഞ്ഞ് വീണ്ടും കളിക്കാലത്തിലേക്ക് ആരാധകരെ കൂട്ടിക്കൊണ്ടു പോവാൻ തയ്യാറെടുക്കുകയാണ് ഇംഗ്ലണ്ട്. ക്രിക്കറ്റ് പുനരാരംഭിക്കാൻ പച്ചക്കൊടി കാണിച്ചിരിക്കുകയാണ് ഇംഗ്ലണ്ട് ക്രിക്കറ്റ് ബോർഡ് (ഇസിബി). അടുത്തയാഴ്ച താരങ്ങളുടെ പരിശീലനം പുനരാരംഭിക്കാനും ഇസിബി തീരുമാനിച്ചിട്ടുണ്ട്. ഇതോടെ നേരത്തേ മാറ്റി വച്ച വെസ്റ്റ് ഇൻഡീസിനെതിരായ ഇംഗ്ലണ്ടിന്റെ പരമ്പര ജൂലൈ എട്ടിന് ആരംഭിച്ചേക്കും.

ലോക ക്രിക്കറ്റിൽ മൽസരം പുനരാരംഭിക്കാൻ ആദ്യമായി മുന്നോട്ടു വന്ന ടീം കൂടിയാണ് ഇംഗ്ലണ്ട്. ഇന്ത്യയടക്കമുള്ള ഐസിയിൽ ഏറ്റവും സ്വാധീനമുള്ള ടീമുകൾ ക്രിക്കറ്റ് പുനരാരംഭിക്കുന്നതിനെക്കുറിച്ച് മൗനം പാലിക്കുമ്പോഴാണ് ഇംഗ്ലണ്ട് വഴി കാണിക്കുന്നത്. അടുത്തയാഴ്ച മുതൽ ഘട്ടം ഘട്ടമായിട്ടായിരിക്കും ഇംഗ്ലീഷ് താരങ്ങൾ പരിശീലനത്തിലേർപ്പെടുക. ഒരു സമയത്തു ഒരു ബൗളർ എന്ന നിലയിലായിരിക്കും താരങ്ങൾ നെറ്റ്സിൽ പരിശീലനം നടത്തുക. താരങ്ങൾക്കു നിർദേശം നൽകാൻ കോച്ചുമാരും ഒപ്പമുണ്ടാവും. ബൗളർമാരായിരിക്കും തുടക്കത്തിൽ പരിശീലനം ആരംഭിക്കുന്നത്. ബാറ്റ്സ്മാൻമാർ രണ്ടാഴ്ചയ്ക്കുള്ളിൽ പടിപടിയായി പരിശീലനം നടത്താൻ തുടങ്ങുമെന്നാണ് വിവരം. 11 വ്യത്യസ്ത വേദികളിലായി സെൻട്രൽ കരാറിലുൾപ്പെട്ട 30 താരങ്ങളാണ് പരിശീലനത്തിലേർപ്പെടുക. ഏതൊക്കെ താരങ്ങൾ എവിടെയൊക്കായിരിക്കും പരിശീലനം നടത്തുകയെന്ന് ഇനിയും തീരുമാനിച്ചിട്ടില്ല. പരിശീലനത്തിനു വേണ്ടി തിരിച്ചെത്തുമ്പോൾ കായിക താരങ്ങൾ പാലിക്കേണ്ട മാർഗ നിർദേശങ്ങൾ യുകെ സർക്കാർ കഴിഞ്ഞ ദിവസം പുറത്തിറക്കിയിരുന്നു.

താരങ്ങൾ പരിശീലനം ഉടൻ പുനരാരംഭിക്കുമെങ്കിലും ജൂലൈ ഒന്നു വരെ രാജ്യത്ത് ഒരു ടൂർണമെന്റും നടക്കില്ലെന്ന മുൻ തീരുമാനത്തിൽ മാറ്റമുണ്ടാവില്ലെന്നു ഇംഗ്ലണ്ട് ഡയറക്ടർ ഓഫ് ക്രിക്കറ്റ് ആഷ്‌ലി ജൈൽസ് വ്യക്തമാക്കി. ദൈനംദിന ജീവിതത്തിലേക്കു മടങ്ങിപ്പോവുന്നതിനേക്കാൾ പ്രധാനം സുരക്ഷിതമായ അന്തരീക്ഷം ഉണ്ടാക്കിയെടുക്കുകയാണ്. ഇപ്പോഴും കാര്യങ്ങളെ നിസാരമായി താൻ കാണുന്നില്ല. നിങ്ങൾ വീടിന് പുറത്തിറങ്ങുന്ന എല്ലായ്പ്പോഴും റിസ്ക്ക് തന്നെയാണ്. ഇവ പരമാവധി കുറയ്ക്കുകയെന്നതു മാത്രമാണ് നമുക്ക് ചെയ്യാനുള്ളതെന്നും ജൈൽസ് പറഞ്ഞു. ഇസിബി പുറത്തിറക്കിയ പെരുമാറ്റച്ചട്ടം ഓരാ വ്യക്തിയും സാമൂഹിക അകലം പാലിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. പരിശീലനം നടത്താൻ തയ്യാറായി ട്രെയിനിങ് കിറ്റുകളിലായിട്ടാവണം താരങ്ങളും സപ്പോർട്ട് സ്റ്റാഫുമാരും ഗ്രൗണ്ടിലെത്തേണ്ടത്. പരിശീലനത്തിനു വേണ്ടി ഫീൽഡിലേക്കു പ്രവേശിക്കുന്നതിനു മുമ്പ് താരങ്ങളുടെയും സപ്പോപർട്ട് സ്റ്റാഫുമാരുടെയും ശരീരത്തിന്റെ താപനില പരിശോധിക്കണം. പരിശീലനത്തിനിടെ പരിക്കേൽക്കുന്ന താരങ്ങളെ ശുശ്രൂഷിക്കുമ്പോൾ മെഡിക്കൽ സ്റ്റാഫുമാർ സുരക്ഷാ ഉപകരണങ്ങൾ ധരിക്കണം. ഇതിനുള്ള ഫണ്ട് ഇസിബി അനുവദിക്കും. ഡ്രസിങ് റൂമുകളും വേദിയിലെ മറ്റു സൗകര്യങ്ങളും അടഞ്ഞുതന്നെ കിടക്കും.




# ബുണ്ടസ് ലിഗ ഇന്നു മുതൽ

**ബെർലിൻ:** ലോകം മുഴുവൻ കോവിഡ്19നെതിരെ പ്രതിരോധം ശക്തമാക്കുമ്പോഴും പ്രതിരോധവും അക്രമണവും തന്ത്രങ്ങളും മെനയുന്ന കളി മൈതാനങ്ങൾ വീണ്ടും ഉണരുകയാണ്. എന്നാൽ ഒന്ന് മാത്രം ഒഴിഞ്ഞ് നിൽക്കും ആർത്തിരമ്പുന്ന ആരാധകർ. എന്നാൽ ഫുട്ബോൾ ആരാധകർക്ക് ഏറ്റവും സന്തോഷം നൽകുന്ന ഒരു വാർത്ത ജർമ്മനിയിൽ നിന്നും എത്തിയിരിക്കുന്നു. ബയേൺ മ്യൂണിക്കും ബൊറുഷ്യ ഡോർട്മുണ്ടുമെല്ലാം കളിക്കുന്ന ബുണ്ടസ്‌ലിഗയിലാണ് ഇന്ന് മുതൽ വീണ്ടും പന്തുരുളുന്നത്. രണ്ട് മാസത്തെ ഇടവേളയ്ക്ക് ശേഷമാണ് മത്സരങ്ങൾ വീണ്ടും പുനരാരംഭിക്കുന്നത്.

രാജ്യത്തെ ഒന്നാമത്തേയും രണ്ടാമത്തേയും ലീഗുകളായ ബുണ്ടസ്‌ലിഗ 1, ബുണ്ടസ്‌ലിഗ 2 എന്നിവയിലെ എല്ലാ ക്ലബ്ബുകളും പരിശീലന മൈതാനത്തിലേക്ക് നേരത്തെ തന്നെ തിരിച്ചെത്തിയിരുന്നു. പ്രാദേശിക ആരോഗ്യ പ്രോട്ടോക്കോളുകൾ അനുസരിച്ചാണ് പരിശീലനം. മറ്റു യൂറോപ്യൻ ലീഗുകളുടെ ആരാധകരേക്കാൾ ഏറെ മുന്നേ ലക്ഷകണക്കിന് ബുണ്ടസ്‌ലിഗ ആരാധകർക്ക് തങ്ങളുടെ പ്രിയ താരങ്ങൾ മൈതാനത്ത് ഫുട്ബോൾ തട്ടുന്നത് ടിവിയിലൂടെ വീക്ഷിക്കാൻ സാധിക്കും.

കോവിഡ്19 പടരുന്ന സാഹചര്യത്തിൽ ലോകമെമ്പാടും ലോക്ക്ഡൗണിലേക്ക് നീങ്ങിയപ്പോൾ കളി മൈതാനങ്ങളും നിശ്ചലമായിരുന്നു. ഇതിന് ശേഷം പുനരാരംഭിക്കുന്ന ആദ്യ മേജർ യൂറോപ്യൻ ലീഗാണ് ബുണ്ടസ്‌ലിഗ. ഇന്ത്യൻ സമയം ശനിയാഴ്ച രാത്രി ഏഴിന് നടക്കുന്ന മത്സരത്തിൽ ബൊറൂസിയ ഡോർട്മുണ്ട് ഷാൽക്കയെ നേരിടും.

മേയ് ഏഴിന് ജർമ്മൻ ചാൻസിലർ അനുമതി നൽകിയതോടെയാണ് ലീഗ് പുനരാരംഭിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനമായത്. താരങ്ങളും പരിശീലകരുമടക്കം ആകെ 300 പേർക്ക് മാത്രമാണ് സ്റ്റേഡിയത്തിലേക്ക് പ്രവേശനം അനുവദിച്ചിരിക്കുന്നത്. മത്സരത്തിലെത്തുന്ന താരങ്ങൾക്ക് ഒഫിഷീൽസിനും വൈദ്യ പരിശോധന നടത്തും. ഓരോരുത്തരും തമ്മിൽ ഒന്നരമീറ്റർ അകലം പാലിക്കുന്നതിന് ഒന്നിലധികം ബസുകളിലായിരിക്കും ടീം മൈതാനത്തേക്ക് എത്തുക. ഇതോടൊപ്പം തന്നെ കളിക്കാർ തമ്മിലുള്ള ഹസ്തദാനവും ഫൊട്ടോ സെക്ഷനും ഒഴിവാക്കിയിട്ടുണ്ട്. കെട്ടിപിടിച്ചോ കൈകൾ കൂട്ടിയടിച്ചോയുള്ള ആഘോഷങ്ങളും പാടില്ല. പകരം കൈമുട്ടുകൾ കൂട്ടിമുട്ടിക്കാം. മൈതാനത്ത് കളിക്കുന്ന താരങ്ങളൊഴിച്ച് സബ്സ്റ്റിറ്റ്യൂട്ടുകളടക്കം എല്ലാവരും മാസ്ക് ധരിക്കണം. ഓരോ നിശ്ചിത ഇടവേളയിലും പന്ത് അണുവിമുക്തമാക്കുകയും ചെയ്യും.

തുടർച്ചയായ എട്ടാം കിരീടം ലക്ഷ്യമിടുന്ന ബയേൺ മ്യൂണിക്ക് തന്നെയാണ് നിലവിൽ പോയിന്റ് പട്ടികയിൽ ഒന്നാം സ്ഥാനത്ത്. 25 മത്സരങ്ങളിൽ നിന്ന് 17 ജയം നേടിയ ക്ലബ്ബിന്റെ അക്കൗണ്ടിൽ 55 പോയിന്റുകളാണുള്ളത്. രണ്ടാം സ്ഥാനത്തുള്ള ശക്തരായ ബൊറൂസിയ ഡോർട്മുണ്ടിന് 51 പോയിന്റും മൂന്നാമതുള്ള ആർപി ലെയ്പ്സിഗിന് 50 പോയിന്റുമാണുള്ളത്. ആദ്യ അഞ്ച് പോയിന്റുകാർ തമ്മിലുള്ള പോയിന്റ് വ്യത്യാസം എട്ട് മാത്രമാണ്. എല്ലാ ടീമുകൾക്കും ഒമ്പത് മത്സരങ്ങൾ വരെ ബാക്കിയുമുണ്ട്.

ആരാധകർ തിങ്ങി നിറഞ്ഞ സ്റ്റേഡിയങ്ങളിലാണ് ബുണ്ടസ്‌ലിഗ മത്സരങ്ങൾ നടക്കാറുള്ളത്. എന്നാൽ ഈ വർഷം അവസാനം വരെ, ആരാധകരെ പ്രവേശിപ്പിക്കാതെ ടിവി സംപ്രേഷണം മാത്രം നടത്താനാണ് തീരുമാനം.



# ഫുട്സാൽ ടൂർണ്ണമെന്റ് നടത്താൻ എ.ഐ.എഫ്.എഫ്



ഇന്ത്യൻ ഫുട്ബോൾ സീസൺ തുടങ്ങുന്നത് ഫുട്സാൽ ടൂർണമെന്റോടെയെന്ന് സൂചന. സർക്കാർ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഓഗസ്റ്റ് അവസാനമോ സെപ്റ്റംബർ ആദ്യമോ ആയി മേഘാലയിലാണ് ഈ ടൂർണമെന്റ് നടത്താൻ ആലോചിക്കുന്നത്. ഫുട്ബോൾ സീസണിന്റെ കർട്ടൻ റൈസറായി ഈ ഫുട്സാൽ ടൂർണമെന്റ് നടത്താനാണ് എ.ഐ.എഫ്.എഫ് ആലോചിക്കുന്നത്.

ഒരു ടീമിൽ അഞ്ച് കളിക്കാർ പങ്കെടുക്കുന്ന ഫുട്ബോളിന്റെ ചെറുപതിപ്പാണ് ഫുട്സാൽ. 16 ടീമുകൾ പങ്കെടുക്കുന്ന ഫുട്സാൽ ടൂർണമെന്റ് ജൂലൈയിൽ നടത്താനായിരുന്നു നിശ്ചയിച്ചിരുന്നത്. എന്നാൽ കൊവിഡ് ബാധയെത്തുടർന്ന് ഇത് നീണ്ടുപോകാനാണ് സാധ്യത. ഈ സാഹചര്യത്തിലാണ് ഐ.എസ്.എൽ, ഐലീഗ് സീസണുകൾക്ക് തുടക്കം എന്ന നിലയിൽ ഫുട്സാൽ പോരാട്ടം പരിഗണിക്കുന്നത്.


ഇതിനായി ഐ.എസ്.എൽ, ഐലീഗ്, രണ്ടാം ഡിവിഷൻ ക്ലബുകളെ സമീപിച്ചെന്നും പത്ത് ക്ലബുകളോളം ഇതിന് അനുകൂലമായാണ് പ്രതികരിച്ചതെന്നും ഐലീഗ് സി.ഇ.ഓ സുനന്ദോ ധർ പറഞ്ഞു. കേരളാ ബ്ലാസ്റ്റേഴ്സ്, ഗോവ, ഓഡിഷ തുടങ്ങിയ ഐ.എസ്.എൽ ടീമുകളും ഗോകുലം, ഈസ്റ്റ് ബംഗാൾ തുടങ്ങിയ ഐലീഗ് ടീമുകളും ഫുട്സാൽ ടൂർണമെന്റിൽ പങ്കെടുത്തേക്കുമെന്നാണ് സൂചന.



# ചെന്നൈ സിറ്റി എഫ്.സി.യെ കൈവിട്ട് പുതിയ ക്ലബ്ബിനായി അഭിഷേക്

ഐഎസ്എൽ ഫുട്ബോൾ ക്ലബ് ചെന്നൈയിൻ എഫ്സിയും ഐ ലീഗ് ക്ലബ് ചെന്നൈ സിറ്റി എഫ്സിയും അടുത്ത സീസണിൽ ഒരു ഉടമയ്ക്ക് കീഴിലാകും. ചെന്നൈയിൻ എഫ്സിയിൽ അഭിഷേക് ബച്ചൻ, വിതാ ധാനി എന്നിവരുടെ ഓഹരിയാണു സിറ്റി എഫ്സി വാങ്ങിയതെന്നാണു സൂചന. മുൻ ഇന്ത്യൻ ക്യാപ്റ്റൻ എം.എസ്.ധോണി ക്ലബ്ബിന്റെ സഹ ഉടമസ്ഥനായി തുടരും. ഐലീഗ് ക്ലബായ ചെന്നൈയിൻ എഫ്സിയുടെ ഭൂരിപക്ഷ ഓഹരി ചെന്നൈ സിറ്റി എഫ്സി ഉടമ രോഹിത് രമേശ് വാങ്ങിയെന്നാണു വാർത്തകൾ. ഇതുമായി ബന്ധപ്പെട്ട പ്രാഥമിക ചർച്ചകൾ നടന്നെന്നും അന്തിമ തീരുമാനവും പ്രഖ്യാപനവും ഉടനെയുണ്ടാകുമെന്നും ക്ലബ്ബ് വൃത്തങ്ങൾ അറിയിച്ചു. എന്നാൽ, 2 ടീമുകളും ലയിച്ച് ഒറ്റ ടീമാകുന്ന തരത്തിലല്ല ഏറ്റെടുക്കൽ. ഇരുടീമുകളും അതതു ലീഗുകളിൽ തുടരും.

അഭിഷേക് ബച്ചനും വിതായും ചേർന്ന് അഹമ്മദാബാദ് ആസ്ഥാനമാക്കി പുതിയ ക്ലബ് ആരംഭിക്കും. ക്ലബ് കൈമാറ്റം ഉറപ്പായെന്നും സാങ്കേതിക നടപടിക്രമങ്ങൾ മാത്രമാണു പൂർത്തിയാക്കാനുള്ളതെന്നുമാണു സൂചന.



# വഴികളൊന്നും ഇവിടംകൊണ്ട്... അവസാനിക്കുന്നില്ല...

കണ്ണകി

ജീവിതത്തിൽ നമുക്കുണ്ടാകുന്നതേറെയും പരിചയങ്ങളാണ്. തൊലിപ്പുറമെ മാത്രം ആഴമുള്ള ബന്ധങ്ങൾ. രണ്ടു നാൾ കാണാതിരുന്നാൽ, വിളിക്കാതിരുന്നാൽ മറവിയുടെ ആഴങ്ങളിലെങ്ങോ പോയ്മറയുന്ന ബന്ധങ്ങൾ. ഇതിനിടയിലെങ്ങോ ഹൃദയത്തിൽ കൂട്ടുകൂട്ടുന്നവരുമുണ്ട്. പോകെ പോകെ ജീവിതത്തിന്റെ ചൂടും വെളിച്ചവുമായി തീരുന്നവർ. രക്തബന്ധത്തേക്കാൾ പ്രിയപ്പെട്ടതാണ് ഹൃദയബന്ധങ്ങളെന്ന് സാന്നിദ്ധ്യത്താൽ ഓർമ്മപ്പെടുത്തുന്നവർ

തുടക്കത്തിൽ ഒരല്പം സംശയിച്ചു നിന്നേക്കാം, പിന്നീടെപ്പഴോ അവരെ പ്രതി നമ്മുടെ മനസ്സിന്റെ ആഴങ്ങളിലെങ്ങോ ഒരു ഭ്രൗമെ രൂപപ്പെടുകയായി. വിയോജിപ്പുകൾ ഇല്ലാഞ്ഞല്ല, എല്ലാ കുറ്റങ്ങളോടും കുറവുകളോടും തന്നെ അവരെ ചേർത്തു പിടിക്കാനാകുമെന്ന് തോന്നുമ്പോൾ, ഹൃദയത്തിന്റെയേതോ കോണിൽ അവരെ ഇഷ്ടപ്പെട്ടു തുടങ്ങാനൊരു കാരണം കണ്ടെത്തുമ്പോൾ, ബന്ധങ്ങളിലേയ്ക്ക് പൂർണ്ണ മനസ്സോടെ ഇറങ്ങിച്ചെല്ലാനാകുമ്പോൾ, ജീവിതത്തിന്റെ നിമ്നോന്നതങ്ങളിലൂടെ അനുസ്യൂതം പ്രവഹിച്ചുകൊണ്ടിരിയ്ക്കുന്ന പുഴപോലെ ഒഴുകി തുടങ്ങുകയായി സൗഹൃദങ്ങളും

ചില ബന്ധങ്ങളാകട്ടെ ഇടയ്ക്കിടെ പറിച്ചു നടപ്പെട്ട ചെടിപോലെയാണ്! ഒരിടത്തും വേരുപിടിയ്ക്കാതെ, ഓരോ ചുവടിലും സംശയിച്ചു നിൽക്കുന്നവർ. സ്വന്തം ആവശ്യങ്ങൾക്കായി മാത്രം മറ്റുള്ളവരെ ഉപയോഗപ്പെടുത്തുന്നവർക്ക്, സൗഹൃദമെന്നത് ഒരു നയതന്ത്രമാണ്. സ്വന്തം താൽപ്പര്യങ്ങൾ നിറവേറാനുള്ള വഴിയിലെ ചുമടുതാങ്ങികൾ മാത്രമേ ആകൂ സുഹൃത്തുക്കൾ. മുകളിലേയ്ക്കെത്താനുള്ള വഴികളിലെ ചവിട്ടുപടികൾ. ഒരിയ്ക്കലെങ്കിലും നമ്മൾ ഉപയോഗിക്കപ്പെടുന്നുവെന്ന തോന്നലുളവായിക്കഴിഞ്ഞാൽ, പിന്നെ ഒരു നിമിഷം പോലും വൈകരുത് ഇറങ്ങിപ്പോരാൻ.


ഒരിക്കലും അങ്ങനെയുള്ളവരെ ഹൃദയങ്ങളുടെ സൂക്ഷിപ്പുകാരാക്കരുത്. അത്യാവശ്യ ഘട്ടങ്ങളിലെല്ലാം, അവരാ താക്കോൽ നഷ്ടപ്പെടുത്തും. അവരിൽ നിന്നെന്നും ഒരു കൈപ്പാടകലം സൂക്ഷിയ്ക്കുക. ദീർഘയാത്രയിൽ കണ്ടുമറന്ന മുഖങ്ങൾ പോലെ, പിന്നിൽ ഉപേക്ഷിക്കപ്പെടേണ്ടവരുണ്ടാകും .ജീവിതത്തിന്റെ വിശാലമായ വഴിത്താരകളിൽ ഇനിയും അനേകായിരങ്ങളെ നമ്മൾ കണ്ടുമുട്ടും. അറിയാനും പരിചയപ്പെടാനും സൗഹൃദത്തിലാകാനുമായി ഇനിയുമെത്രയോ പേര് നിങ്ങളെയും കാത്തിരിപ്പുണ്ട്. നടന്നു വന്ന വഴികളൊന്നും ഇവിടംകൊണ്ട് അവസാനിക്കുന്നില്ല... ദൂരങ്ങളിൽ ഇനിയുമെത്രയോ കാഴ്ച്ചകൾ നമുക്കായി ബാക്കിയാണ്




# ലോക്ഡൗണിൽ ജോഹാൻ തിരക്കിലാണ്

അനൂപ് വിഷ്ണാടൻ

കോവിഡ് 19 വ്യാപനം തടയുന്നതിനായി പ്രഖ്യാപിച്ച ലോക്ക്ഡൗൺ കാലത്ത് തന്റെ കഴിവുകൾ മാറ്റുരച്ച് ശ്രദ്ധ നേടുകയാണ് എറണാകുളം കടവന്ത്ര കാര്യാത്ത് ഗാർഡൻസിലെ ജൊഹാൻ ഡി കാര്യാത്ത് എന്ന കൊച്ചു മിടുക്കൻ. ബഹുവർണ്ണങ്ങളിലുള്ള മനോഹരങ്ങളായ ചിത്രങ്ങൾ വരക്കുന്നതിന്റെ പണിപ്പുരയിലാണ് ഈ കുട്ടി ചിത്രകാരൻ .നന്നേ ചെറുപ്രായത്തിൽ തന്നെ വരയുടെ വർണ്ണ ലോകത്തേക്ക് കടന്നു വന്ന മിടുക്കനാണ് ജൊഹാൻ.യൂ ട്യൂബ് ആണ് ജൊഹാന്റെ ഗുരു. ജലഛായം, എണ്ണഛായം, പെൻസിൽ എന്നിവ ഉപയോഗിച്ച് നിരവധി വിസ്മയ ചിത്രങ്ങളാണ് ഈ കുട്ടി കലാകാരൻ ഒരുക്കിയിരിക്കുന്നത്. ബാലരമ പെയിന്റിംഗ് മത്സരമുൾപ്പെടെ നിരവധി ചിത്രരചന മത്സരങ്ങളിൽ പങ്കെടുത്ത് ഒട്ടനവധി സമ്മാനങ്ങളും ഈ മിടുക്കൻ നേടിയിട്ടുണ്ട്. ഏറ്റവും ഇഷ്ടം കാർട്ടൂണുകൾ വരക്കാൻ ആണെന്ന് ജൊഹാൻ പറയുന്നു. താൻ വരച്ച കാർട്ടൂണുകളും, പോക്കിമോൻ പോലെയുള്ള ചിത്ര കഥകളും ബുക്ക് രൂപത്തിലാക്കി സൂക്ഷിച്ചു വയ്ക്കുകയാണ് ഈ പത്തു വയസുകാരൻ. തന്റെ മൂന്നു വയസുകാരി കുഞ്ഞനുജത്തി ജുവൽ വലുതാകുമ്പോൾ ചേട്ടനെ പോലെ വരയുടെ ലോകത്തേക്ക് വരുവാൻ വേണ്ടിയാണ് ഈ സൂക്ഷിച്ചു വെക്കൽ. ജുവലിനും ചിത്രകലയുടെ ബാലപാഠങ്ങൾ ജൊഹാൻ ഇപ്പോഴേ കൊടുത്തു തുടങ്ങിയിരിക്കുന്നു. എറണാകുളം കാക്കനാട് രാജഗിരി ക്രിസ്തു ജയന്തി പബ്ലിക് സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥിയാണ് ജൊഹാൻ. ബിസിനസുകാരനായ ദീപു ജോണിന്റെയും, കോതമംഗലം മാർ അത്തനേഷ്യസ് കോളേജ് മൈക്രോബയോളജി വിഭാഗം മേധാവി നിവ്യ മറിയം പോളിന്റെയും മകനാണ് വർണ്ണ ലോകത്ത് പാറി പറക്കുന്ന ഈ കൊച്ചു മിടുക്കൻ.









RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar, Managing Editor: P. A Alexander. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com